അനിതരസാധാരണമായ അസ്ഥിരതയും. അനിശ്ചിതത്വവും മുഖമുദ്രയായ ഒരു സമൂഹമാണിന്നത്തേത്. തൊഴിലിടങ്ങളിലെ അസ്ഥിരതയും ചൂഷണവും അഭയാർത്ഥികളേയും പ്രവാസികളേയും വർദ്ധിപ്പിക്കുന്നു. സാംസ്കാരിക ബഹുസ്വരതയെ കൂടുതൽ സങ്കീർണ്ണമാക്കുകയാണ് നഗരകുടിയേറ്റങ്ങളിലെ രണ്ടാം തലമുറകളുടേയും മിശ്രവിവാഹത്തിൽനിന്നു ജനിക്കുന്ന സന്താനങ്ങളുടേയും സാന്നിദ്ധ്യം.

വിദ്യാഭ്യാസം ഇന്നു പലരെയും തുറവിയുള്ളവരും വിനീതരും മനുഷ്യോന്മുഖരുമാക്കുന്നില്ല. ആൽബർട്ട് ഐൻസ്റ്റിൻ ഉർജ്ജത്തോടു ബന്ധപ്പെടുത്തിയ സമവാക്യമെഴുതി E=mc2. ഇന്ന് സമൂഹത്തിന്റെ മാനവികതയ്ക്കു മുഴുവൻ ഊർജ്ജം പകരേണ്ട വിദ്യാഭ്യാസം തതുല്യമായ ഒരു സൂത്രവാക്യത്താൽ ബന്ധിക്കപ്പെട്ടു കിടക്കുന്നതായിട്ടാണു നാം കാണുന്നത്. E=mc2 – education is equal to money, career and chair. പണം, പണി, പദവി എന്നിവയോടു

തീവ്രമായി താദാത്മ്യപ്പെട്ടു കിടക്കുന്ന വിദ്യാഭ്യാസം മത്സരത്തിന്റെ അരങ്ങിലേക്കാണു വിദ്യാർത്ഥികളെ നയിക്കുന്നത്. അതുകൊണ്ടു തന്നെ തങ്ങളൊരു യുദ്ധക്കളത്തിലാണെന്ന് എങ്ങനെയും ജയിച്ചു കയറണമെന്നും ധരിച്ചുവശാകാൻ അവർ നിർബ്ബന്ധിതരായിത്തീരുന്നു.

വിദ്യാലയങ്ങളും കലാലയങ്ങളും മികവിനും നിലവാരത്തിനും വേണ്ടി പരിശ്രമിക്കുമ്പോൾ മാനവികതയ്ക്കും മാനുഷിക മൂല്യങ്ങൾക്കും നമ്മുടെ പരിശീലന പദ്ധതികളിൽ പ്രാമുഖ്യം കിട്ടാതെ പോകുന്നുണ്ട്. മികവിന്റെ ഇടങ്ങളിൽ നിന്നും ഉപവി പടിയിറങ്ങിപ്പോകുന്നുമുണ്ട്. നമ്മുടെ വിദ്യാലയങ്ങളും കലാലയങ്ങളും വ്യത്യസ്തങ്ങളും വ്യതിരിക്തങ്ങളുമാണെന്ന് നാം അവകാശപ്പെടുന്നുണ്ടെങ്കിലും ഒരു ആത്മപരിശോധനയ്ക്കു സമയമായില്ലേ? നമ്മുടെ വിദ്യാദാനശുശ്രൂഷയിലൂടെ അടിസ്ഥാനമൂല്യങ്ങളുടെ പ്രസരണമെങ്കിലും വിജയകരമായി പൂർത്തീകരിക്കാൻ നമുക്കാകുന്നുണ്ടോ?
വിവരസാങ്കേതിക വിദ്യ നമ്മുടെ വീടകങ്ങളിൽ ആദ്യം വിരുന്നുകാരും പിന്നെ വിരുന്നൂട്ടുകാരനുമായി മാറിക്കഴിഞ്ഞു. നവമാധ്യമങ്ങളും, സാമൂഹിക മാധ്യമങ്ങളുമൊക്കെ ദൃശ്യപ്പെരുക്കങ്ങളുടെ ലോകം തീർത്ത് നമ്മുടെ യുവതയേയും വിദ്യാർത്ഥി സമൂഹത്തേയും സ്വാധീനവലയത്തിലാക്കി കഴിഞ്ഞു. സൈബറിടങ്ങളിൽ കബറടങ്ങിപ്പോകുന്നുരുടെ എണ്ണം പെരുകുകയാണ്. കവിതയും കാല്പനികതയും ചിന്തയുടെ രാഷ്ട്രീയവുമൊക്കെ പടിയിറങ്ങിപ്പോയ നമ്മുടെ കലാലയങ്ങളിലും വിദ്യാലയങ്ങളിലുമൊക്കെയുള്ള യുവജനങ്ങളുടെ പ്രതികരണശേഷി ലൈക്കുകളിലും ഡിസ്‌ലൈക്കുകളിലും, ട്രോളുകളിലുമായി ചുരുങ്ങിപ്പോകുന്നു. എന്റമ്മേടെ ജിമ്മിക്കിക്കമ്മലിന്റെ കിലുക്കത്തിലാണ് നമ്മുടെ യുവത അടുത്തകാലത്ത് ഉണർത്തെഴുന്നേറ്റ് മൂരി നിവർത്തി പിന്നെ കിടന്നുറങ്ങിയതെന്നുള്ളതു നമ്മെ ചിന്തിപ്പിക്കണം. രണ്ടേ രണ്ടു തിരഞ്ഞെടുപ്പുകളായിച്ചുരുങ്ങുകയാണ് നമ്മുടെ യുവതയുടെ പ്രതികരണം - അതിമൗനവും അതിക്രമവും - silence or violence.

അനിതാ തമ്പി എന്ന കവയത്രി 'മുറി' എന്ന കവിതയിൽ

പറയുന്ന മനോഭാവം ഇന്ന് നമ്മുടെ യുവതയുടെ അടിസ്ഥാന മനോഭാവമായിത്തീരുകയാണ്.

'മുറിക്കുള്ളിലിരിക്കുമ്പോളെനിക്കെന്തു സുഖം
ച്ചിദാകാശ തിരശ്ശീല തെറുത്താൽ
ജനവാതിൽച്ചതുരവുമടച്ചാൽ, പിന്നെ
നിനക്കെന്തു കുന്തമായാലെനിക്കെന്ത്?

ഈയൊരു അന്യവത്ക്കരണത്തിന്റേയും അനിശ്ചിതത്വത്തിന്റേയും അസ്ഥിരതയുടേയുമിടയിൽ വളരുന്ന കുട്ടികളുടേയും യുവജനങ്ങളുടേയും വികാസത്തിലും വളർച്ചയിലും, 150 വർഷങ്ങൾക്കു മുമ്പേ വിരചിതമായ ചാവറയുടെ ചാവരുളിന് എന്താണ് സാംഗത്യമുള്ളത്? ഒരു കാര്യമുറപ്പാണ് അടിസ്ഥാന സംഗതികൾക്കു മാറ്റങ്ങളില്ല. സങ്കേതങ്ങളേ മാറിയിട്ടുള്ളൂ. അത്യാധുനിക സാമൂഹിക ശാസ്ത്രത്തിന്റേയും മനഃശാസ്ത്രത്തിന്റേയും പിന്തുണയില്ലാതെ ആ യുഗപുരുഷൻ തന്റെ ഉൾക്കണ്ണുകൾ കൊണ്ട് കണ്ട കാഴ്ചകളും നിർദ്ദേശിച്ച പരിഹാരങ്ങളും ഇന്നും പ്രസക്തമാണ്. ചിലതിനെയൊക്കെ കാലത്തിനനുസരിച്ച് നാം മറുരൂപപ്പെടുത്തണമെന്നു മാത്രം. ഈയൊരു പരിപ്രേക്ഷ്യത്തിൽ ചാവരുൾ ദർശനങ്ങളെ സ്വാംശീകരിച്ചുകൊണ്ട് ഒരു യുവജനപരിശീലന ദർശനത്തിന് രൂപം കൊടുക്കാൻ നമുക്കാകണം.

ഇവിടെയാണ് ചാവരുളിന്റെ മൂന്നാമത്തെ തലത്തിലുള്ള വായനയുടെ പ്രസക്തിയെന്നാണ് എനിക്കു തോന്നുന്നത്. ഒരു അമലോത്ഭവ മാതാവിന്റെ കർമ്മലീത്തൻ എന്ന രീതിയിൽ ചാവരുളിനേയും അതിന്റെ സന്ദേശത്തേയും ഞാനെങ്ങനെ വായിക്കുന്നു? ചാവരുൾ നാമിതുവരെ ഗൗരവതരമായെടുത്തിട്ടില്ല. ചാവരുൾ ഒരു ചാറ്റൽമഴയായി മാത്രമേ നമുക്ക് അനുഭവപ്പെട്ടിട്ടുള്ളൂ. ആ പെരുമഴയിൽ ഒന്നു നനഞ്ഞു കുളിക്കാൻ നമുക്കായിട്ടില്ല. ഇന്നു ചാവരുൾ എന്നോടു എന്താണ് പറയുന്നത്? ചാവറയുടെ കുടുംബചട്ടം കൈനകരിയിലെ കുടുംബങ്ങൾക്കുള്ളതു മാത്രമല്ല അമലോത്ഭവമാതാവിന്റെ കർമ്മലീത്തർക്കുള്ള മാർഗ്ഗരേഖ കൂടിയാണ്. കുടുംബ നവീ

കരണത്തിനും കുട്ടികളുടെ രൂപീകരണത്തിനും യുവജനപരിശീല നത്തിനുമായി പുനർപ്പണം ചെയ്യാൻ അതു നമ്മോടാവശ്യപ്പെടുന്നു.

നമ്മുടെ യുവജന പ്രേഷിതത്വവുമായി ബന്ധപ്പെട്ടു ചിന്തിക്കുമ്പോൾ സി.എം.ഐ. സഭയുടെ യുവജനാഭിമുഖ്യത്തെ നാം വിശകലനം ചെയ്യേണ്ടതുണ്ട്. 2000 വർഷത്തെ പാരമ്പര്യമുള്ള കത്തോലിക്കാ തിരുസഭയിൽ നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള സന്ന്യാസ സമൂഹങ്ങളുണ്ട്. അതിൽ കേവലം 186 വർഷത്തെ പാരമ്പര്യമുള്ള സി.എം.ഐ. സഭ ഒരു യുവസഭയാണ്. സി.എം.ഐ. സഭ ഒരു യുവജനസഭയാണിന്ന്. 2000 ത്തോളം വൈദികരും 1000 ത്തോളം വൈദീകാർത്ഥികളുമുള്ള ഈ സഭയിലെ 60% ത്തിലധികവും യുവജനങ്ങളാണ്. സി.എം.ഐ. സഭ ഒരു യുവജനക്ഷേമ സഭയാണ്. സഭയിലെ ആളും അർത്ഥവും സിംഹഭാഗവും ചിലവഴിക്കപ്പെടുന്നത് യുവജനക്ഷേമത്തിനും വികാസത്തിനും വേണ്ടിയാണ് - വിദ്യാഭ്യാസരംഗത്തും, വൈദികപരിശീലന രംഗത്തുമായി.

പക്ഷേ, ഇത്രമാത്രം യുവജനാഭിമുഖ്യമുള്ള ഒരു സഭാസമൂഹം കുട്ടികളുടേയും യുവജനങ്ങളുടേയും ശുശ്രൂഷ ഗൗരവതരമായി കണ്ടിട്ടുണ്ടോയെന്നത് ഗൗരവമർഹിക്കുന്ന ഒരു ചോദ്യമാണ്. കുട്ടികളുടെയും യുവജനങ്ങളുടേയും ശുശ്രൂഷ പലപ്പോഴും നമുക്കൊരു ഉപോല്പന്നം മാത്രമാണ്. വിദ്യാദാനശുശ്രൂഷയിലും സാമൂഹികക്ഷേമരംഗത്തും വൈദിക പരിശീലന രംഗത്തുമൊക്കെ നാം നടത്തുന്ന ബൃഹത്തായ സംരംഭങ്ങളുടെ പരിണിതഫലമായി നാമറിയാതെ സംഭവിച്ചുപോകുന്ന കാര്യം. മാസങ്ങളായി ബോധമില്ലാതെ കിടന്ന് മരിക്കുന്ന പിതാവ് സുബോധത്തോടെ അന്ത്യകൂദാശ സ്വീകരിച്ചു മരിച്ചുവെന്നും മക്കൾ മരണക്കുറിപ്പ് നൽകുന്ന പോലെ. ഇത്രമാത്രം യുവജന ക്ഷേമ സ്വഭാവമുണ്ടായിട്ടും നമ്മുടെ സഭയുടെ അപ്പസ്തോലിക പ്രവർത്തനങ്ങളുടേയും സെക്രട്ടറിയേറ്റുകളുടേയും നിരയിലൊന്നും ഒരു അനുബന്ധമായിപ്പോലും യുവജനശുശ്രൂഷ പേരിനുപോലും സ്ഥാനം പിടിച്ചിട്ടില്ലായെന്നത് നമ്മെ അത്ഭുതപ്പെടുത്തേ

ണ്ടതാണ്. 1995 ൽ നാമൊരു യൂത്ത് കമ്മീഷൻ രൂപീകരിച്ചു. പോഷണമില്ലാതെ 1996 ൽ അത് അകാലചരമമടയുകയും ചെയ്തു.

ആഗോള കത്തോലിക്കാസഭ ഈ വർഷം യുവജനപ്രമേയവുമായി സിനഡും കേരളകത്തോലിക്കാസഭ നാളെ, ജനുവരി 6 മുതൽ യുവജനവർഷവുമാചരിക്കുമ്പോൾ തന്നെ, കുട്ടികളേയും യുവജനങ്ങളെയും നിക്ഷേപങ്ങളായി കാണാൻ പറഞ്ഞ ഒരു നല്ല അപ്പന്റെ ചാവരുളിന്റെ 150 -ാം ആണ്ടുവായന നടത്താൻ കഴിഞ്ഞത് നമുക്കൊരു ദൈവനിയോഗമായി കാണാം.

* നമുക്ക് യുവജനങ്ങൾക്കും കുട്ടികൾക്കുമായി നമ്മളെത്തന്നെ പുനർപ്പണം ചെയ്യാം

* നമുക്ക് യുവതയോട് ഒപ്പം നടക്കാം. അവരുടെ ഭാഷ ഉൾക്കൊല്ലുന്നവരാകാം. യേശുവും ചാവറപ്പിതാവും കഥ പറഞ്ഞതുപോലെ യുവജനങ്ങളോട് സംവദിക്കുവാൻ നമുക്കാകുമോ?

* ഒരു നല്ല ജീവിത ശൈലിയുടെ പാഠക്രമം യുവതയ്ക്കുവേണ്ടി ചിട്ടപ്പെടുത്തിയെടുക്കാൻ നമുക്കു കഴിയണം. ജീവിതശൈലി രോഗങ്ങളുടെ കാലമാണിത്. ജീവിതത്തെ, സ്വഭാവത്തെ രോഗാതുരമാക്കാത്ത ഒരു ജീവിതശൈലി നമുക്കു പകരാനാകുമോ? കൊച്ചി പോലുള്ള നഗരങ്ങൾ അന്താരാഷ്ട്ര മയക്കുമരുന്ന് ശൃംഖലയുടെ ഭാഗമായിരിക്കുന്നുവെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ട വാർത്തകൾ ഈ പുതുവത്സരനാളിൽ നമ്മുടെ മുമ്പിലെത്തുമ്പോൾ നമ്മുടെ യുവജനക്ഷേമദൗത്യം കൂടുതൽ ഗൗരവതരമായി മാറുന്നു.

* ഇന്നത്തെ യുവജനം ഏറ്റവും ദുർവ്വിനിയോഗം ചെയ്യുന്നത് സമയവും സമ്പത്തുമാണ്. രണ്ടിനേയും ക്രിയാത്മകമായി ഉപയോഗിക്കാൻ കഴിയുന്ന മാനേജ്മെന്റ് തത്വങ്ങൾ അവരെ പഠിപ്പിക്കാനാകണം.

* പൗരബോധത്തിലും സാമൂഹികപ്രതിബദ്ധതയിലും പരിശീലനം കൊടുക്കാനും നമുക്കാകണം. സമൂഹത്തെ ചുട്ടുപൊള്ളിക്കുന്ന വിഷയങ്ങളെക്കുറിച്ച് സ്വതന്ത്രമായി ചർച്ചചെയ്യാൻ യുവതയ്ക്ക് അവസരമൊരുക്കണം.

* യുവജനം നിയന്ത്രണത്തേക്കാളുപരിയായി ഇഷ്ടപ്പെടുന്നത് പങ്കാളിത്തമാണ്. നമ്മുടെ ആശ്രമങ്ങളോടും സ്ഥാപനങ്ങളോടും ചേർന്നുള്ള സാമൂഹികക്ഷേമ പദ്ധതികളിൽ യുവജനങ്ങളെ പങ്കെടുപ്പിക്കാൻ, സഹകാരികളാക്കാൻ നമുക്കാകുമോ?

* യുവജനങ്ങളെ ആകർഷിക്കാൻ കഴിയുന്ന തീർത്ഥയാത്രകളും പ്രാർത്ഥനാരീതികളും സംഘടിപ്പിക്കാൻ നമുക്കു കഴിയില്ലേ?

* നമ്മുടെ പാഠ്യപദ്ധതികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റുള്ളവരിലേക്കു തുറവിയും സഹാനുകമ്പയും സഹകരണ മനോഭാവവും ജനിപ്പിക്കുന്ന ഒരു പാഠ്യക്രമത്തിന് ഊന്നൽ കൊടുക്കാൻ നമുക്കാകില്ലേ?

* 'ചീത്തപ്പുസ്തകങ്ങൾ സൂക്ഷിക്കുന്നത് വയ്ക്കോലിൽ തീ സൂക്ഷിക്കുന്നതുപോലെയാണെന്നും സദ്ഗ്രന്ഥങ്ങളാണ് കുഞ്ഞുങ്ങൾക്കു നൽകാവുന്ന ഏറ്റവും വലിയ നിക്ഷേപ'മെന്നും പറഞ്ഞ ചാവറപ്പിതാവിന്റെ അരുളുകൾക്ക് ഈ സൈബർ യുഗത്തിലും വലിയ സ്ഥാനമുണ്ട്. ശ്ലീലാശ്ലീലങ്ങളുടെ അതിർവരമ്പുകൾ നേർത്തു വരുന്ന, കാഴ്ചകൾ നമ്മെ വീഴ്ചകളിലേക്കു നയിക്കുന്ന ഇക്കാലത്ത് മൂല്യപ്രസരണത്തിനുതകുന്ന യുവജനമാധ്യമശുശ്രൂഷയെക്കുറിച്ച് ഗൗരവമായി നമുക്കെന്തുകൊണ്ട് ചിന്തിച്ചുകൂടാ?

* പ്രവാസിയുവതയെ നാം കാണാതെ പോകരുത്. യൂറോപ്പിലും, അമേരിക്കയിലും, ഭാരതത്തിന്റെ മഹാനഗരങ്ങളിലും പ്രവാസികളുടെയിടയിൽ, പ്രവാസി യുവതയുടെ മധ്യേ ശുശ്രൂഷ നിർവ്വഹിക്കാൻ

മുൻകയ്യെടുത്തവരാണു നാം. ഇപ്പോൾ ഞാൻ പറഞ്ഞുവരുന്നത് മറ്റൊരു പ്രവാസി യുവതയെക്കുറിച്ചാണ്. എട്ടാമത്തെ ഭൂഖണ്ഡത്തിലേക്ക് – ഡിജിറ്റൽ ഭൂഖണ്ഡത്തിലേക്ക് – ചേക്കേറിയിരിക്കുന്നവരെക്കുറിച്ച്. അവർ നമ്മുടെ ശ്രദ്ധയും ശുശ്രൂഷയും അർഹിക്കുന്നുണ്ട്. ഫെയ്സ്ബുക്കിലും, ട്വിറ്ററിലും, ഇൻസ്റ്റഗ്രാം മുഴുവനിലും ഗൂഗിളിന്റെ അതിർത്തികൾ വരെ യുവജനതയോടൊപ്പം സാക്ഷികളായിരിക്കാൻ കർത്താവ് നമ്മെ വിളിച്ചിരിക്കുന്നു.

* താൻ ജീവിച്ച കാലഘട്ടത്തിൽ പള്ളിയോടനുബന്ധിച്ചു പള്ളിക്കൂടം വേണമെന്നു പറഞ്ഞ വ്യക്തിയാണ് ചാവറയച്ചൻ. 'ശരീരത്തിനടുത്ത ഭക്ഷണം കൊടുക്കുന്നതിനോടൊപ്പം ആത്മത്തിനടുത്ത ഭക്ഷണമായ ദൈവവിചാരവും, പ്രാർത്ഥനയും നൽകുന്നതിൽ ബദ്ധശ്രദ്ധരാകണമെന്ന്' ചാവരുളിലൂടെ പറയുന്ന അദ്ദേഹം, ഇന്ന് നമ്മോടു പറയാതെ പറയുന്നത് 'പള്ളിക്കൂടങ്ങളോടനുബന്ധിച്ച് പള്ളികൾ' വേണമെന്നാണ്. അവിടെ നാം നൽകേണ്ടത് ആത്മീയതയിൽ പൊതിഞ്ഞ മതാത്മകതയല്ല. ആചാരാനുഷ്ഠാനങ്ങളുടേയും, അനുഭൂതികളുടേയും ആത്മീയതയുമല്ല, നേരെ മറിച്ച് ബന്ധങ്ങളുടെ ആത്മീയതയാണ്. ചാവരുൾ അനുശാസിക്കുന്നതുപോലെ 'തമ്പുരാനോടും മനുഷ്യരോടും സമാധാനത്തിൽ നടക്കാൻ സഹായിക്കുന്ന' ആത്മീയതയുടെ വിളനിലമാകട്ടെ നമ്മുടെ പള്ളികളും, പള്ളിക്കൂടങ്ങളും. അതുവഴി നമ്മുടെ പക്കലെത്തുന്ന കുഞ്ഞുങ്ങൾ 'മാലാഖമാരായി വരികയും പിശാചുക്കളായി പുറത്തുപോവുകയും' ചെയ്യാതിരിക്കും.

ഒരു അനുഭവസാക്ഷ്യം പങ്കുവയ്ക്കാൻ ഞാനാഗ്രഹിക്കുകയാണ്. കറുകുറ്റിയിൽ നമ്മുടെ ക്രിസ്തുരാജാശ്രമത്തോടും നവസന്ന്യാസഭവനത്തോടും ചേർന്ന് 1981 ൽ കുട്ടികളുടെ ഒരു ലൈബ്രറി Children's World Library സ്ഥാപിതമായി. പരിശീലന രംഗത്ത് നിരവധി വർഷങ്ങൾ പ്രവർത്തിച്ചിട്ടുള്ള ബഹു. ജോസ് കോളുതറയച്ചനായിരുന്നു അതിനു തുടക്കം കുറിച്ചത്. കറുകുറ്റി ആശ്രമപരിസ

രത്തെ 120 ഓളം കുട്ടികൾ ശനി, ഞായർ ദിവസങ്ങളിലും അവധി ദിവസങ്ങളിലും വൈകീട്ട് 3.30 മുതൽ 5.30 വരെയുള്ള സമയം അവിടെ വായന, പഠനം, കളികൾ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഏർപ്പെട്ടിരുന്നു. കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനായി ആരാധന, അനുസരണം, അച്ചടക്കം, സേവനം, പഠനം ക്രിയാത്മകത ഇങ്ങനെ പത്തു മേഖലകളായി തിരിച്ച് അവയോടു ബന്ധപ്പെട്ട പ്രബോധനങ്ങളും വിലയിരുത്തലുകളും നടത്തിയിരുന്നു. നവസന്ന്യാസികളാണ് അന്ന് കുട്ടികളോടൊപ്പം നടന്നതും നയിച്ചതും. അന്ന് വിരലിലെണ്ണാവുന്ന വീടുകളിലേ ടെലിവിഷനുണ്ടായിരുന്നുള്ളൂ. പക്ഷേ, കറുകുറ്റി ആശ്രമത്തിൽ ടെലിവിഷൻ ഉണ്ടായിരുന്നു. പ്രധാനമായും അത് ഈ കുട്ടികളുടെ ഉപയോഗത്തിനു വേണ്ടി കൂടിയായിരുന്നു. അന്നത്തെ കൗമാരജീവിതത്തിനു അതൊരു ആകർഷണവും പഠനോപാധിയുമായിരുന്നു. ആ പ്രദേശത്തെ ഒരുപാടു കുട്ടികളുടെ ജീവിതഗതി നിർണ്ണയിക്കാൻ പരോക്ഷമായെങ്കിലും ആ ലൈബ്രറി കാരണമായി. അന്ന് ആ കുട്ടികളുടെ ലൈബ്രറിയിലെ ഒരംഗമായിരുന്നതുകൊണ്ടാണ്, ഇന്ന് ചാവരുളിനെക്കുറിച്ച് പറയാൻ ഞാൻ നിങ്ങളുടെ മുമ്പിൽ നില്ക്കുന്നത്. ഞാൻ ചാവറയുടെ ചാവരുളിനെക്കുറിച്ച് ആദ്യമായി കേട്ടത് സഭയിൽ വന്നതിനു ശേഷമല്ല, ഒരു എട്ടാം ക്ലാസ് വിദ്യാർത്ഥിയായിരുന്നപ്പോൾ ഈ ലൈബ്രറിയിൽ വച്ചാണ്, ബഹുമാനപ്പെട്ട നവസന്ന്യാസികളിൽ നിന്നും. അന്നു കാണാതെ പഠിപ്പിച്ചതും, പിന്നീട് പലപ്പോഴും കണ്ടിട്ടു പഠിക്കാതെ പോയതുമായ ചാവരുളിലെ പല അരുളുകളും??? ചീത്തപ്പുസ്തകങ്ങൾ സൂക്ഷിക്കുന്നത് വയ്ക്കോലിൽ തീ സൂക്ഷിക്കുന്നതുപോലെയാണ്', 'കട്ട വസ്തു കത്തിപ്പോകും' ഇന്നും മനസ്സിനെ പൊള്ളിക്കുകയും നീറ്റൽ പടർത്തുകയും ചെയ്യുന്നവയാണ്.

എങ്ങനെ കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും, യുവജന പരിശീലനത്തിലും നമുക്ക് ക്രിയാത്മകമായി ഇടപെടാൻ കഴിയുമെന്നതിന് ഒരു മാതൃക നമ്മുടെ സന്ന്യാസ സമൂഹ ചരിത്രത്തിന്റെ ഏടുകളിൽ നിന്നും എടുത്തു കാണിക്കുക മാത്രമാണ് ഞാൻ ചെയ്തത്.

എങ്ങനെ ജീവന്റേയും സ്നേഹത്തിന്റെയും നിറവിലേക്കുള്ള വിളിയെ സ്വീകരിക്കാനും തിരിച്ചറിയാനും യുവജനങ്ങളെ സഹായിക്കാമെന്നാകട്ടെ നമ്മുടെ ഇനിയുള്ള ചിന്തകൾ.അമലോത്ഭവമാതാവിന്റെ കർമ്മലീത്തരായ നാം ചാവരുൾ വായിക്കുമ്പോൾ, പിതാവ് നമ്മോട് ഇങ്ങനെ പറയുന്നില്ലേ? പ്രിയ കൂടപ്പിറപ്പുകളേ 'കുട്ടികളും യുവാക്കളും സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ടു നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു... നിങ്ങളുടെ കുറ്റം നിമിത്തം ഈ മക്കളിൽ ഒന്നു നരകത്തിൽ നശിച്ചുപോകുമെങ്കിൽ, അത് നിങ്ങൾ രക്ഷപ്പെടുന്നതിന് എത്രയോ തടസ്സമായിരിക്കുന്നു.

*2018 ജനുവരി 4 ന് കാക്കനാട് ചാവറ ഹിൽസിൽ നടത്തിയ ചാവരുൾ പ്രഭാഷണം.*



# Most Rev. Bp Simon Stock Palathara CMI
# പിതാവുമായി ഒരു സല്ലാപം

## *ആദ്യകാല ജീവിതവും (ശൈശവം) സി.എം.ഐ സഭയിലേക്കുള്ള പ്രവേശനവും*

**1. പിതാവേ നമുക്ക് തുടക്കത്തിൽ നിന്ന് തന്നെ തുടങ്ങാം, അങ്ങ് ജനിച്ചത് 1935 ഒക്റ്റോബർ മാസം 11 ാം തീയതിയാണല്ലോ. അങ്ങയുടെ കുടുംബത്തേക്കുറിച്ചും ബാല്യത്തേക്കുറിച്ചും ഞങ്ങളോട് പങ്കുവയ്ക്കാമോ?**

ഞാൻ ജനിച്ചത് 1935 ഒക്റ്റോബർ മാസം 11 ാം തീയതി പാലാത്ര കുഞ്ഞച്ചൻ പീലിപ്പോസ് അച്ചാമ്മ (ചൂരകുറ്റിയിൽ) ദമ്പതികളുടെ മൂന്നാമത്തേ മകനായിട്ടാണ്. പാരമ്പര്യം പറഞ്ഞാൽ പേറങ്ങാട്ട് മുളമൂട്ടിൽ കുടുംബത്തിൽ നിന്നുമാണ് പാലാത്ര വന്നിരിക്കുന്നത്. മുളമൂട്ടിൽ കുടുംബത്തിന്റെ ശാഖയാണ് പാലാത്ര കുടുംബം. എന്റെ വല്ല്യപ്പൻ great grand father മത്തായി പീലിപ്പോസ്, റോസമ്മ. എന്റെ മാതാപിതാക്കൾ കുഞ്ഞച്ചൻ പീലിപ്പോസും ചൂരകുറ്റിയിൽ അച്ചാമ്മയും ആണ്. ഞാൻ ഉൾപ്പെടെ എന്റെ മാതാപിതാക്കൾക്ക് 9 മക്കൾ ആണ് ( 5 പെണ്ണും 4 ആണും). ആദ്യത്തെയാൾ ദോശമ്മ, രണ്ടാമത് വാവച്ചൻ, മൂന്നാമത് അപ്പച്ചൻ (Mar Simon Stock ) എനിക്കുതാഴെ തങ്കമ്മ, പിന്നെ തെയ്യാമ്മ, ജോണിച്ചൻ, ബേബിച്ചൻ, ലീലാമ്മ, ലാലിമ്മ എന്നിവരാണ്. ഇവരിൽ ദോശമ്മ, വാവച്ചൻ, ജോണിച്ചൻ, ലാലിമ്മ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. എന്റെ ബാല്യകാലത്തേപ്പറ്റി അധികം ഒന്നും ഞാൻ ഓർക്കുന്നില്ല. കളരി പഠനം ഗഥസമനി കപ്പൂച്ചിൻ ആശ്രമത്തിലായിരുന്നു പിന്നീട് വാഴപ്പള്ളിയിലുള്ള സെന്റ്

തെരേസാസ് സ്കൂളിൽ 1-4 -ാം ക്ലാസ് വരെ പഠിച്ചു. അതിനുശേഷം സെന്റ് ബർക്കുമാൻസ് സ്കൂളിൽ, അവിടെയായിരുന്നു എന്റെ preparatory class എന്ന്വച്ചാൽ 4-ാം ക്ലാസിനും 5-ാം ക്ലാസിനും ഇടക്കുള്ള ക്ലാസ്. അല്ലെങ്കിൽ അരക്ലാസ് എന്ന് പറയും. പിന്നെ എന്റെ ആദ്യകുർബാന സ്വീകരണം ബരാദ് അച്ചന്റെ (CMI അച്ചനാണ്) പുത്തൻകുർബാനയോട് അനുബന്ധിച്ചായിരുന്നു. എന്ന്വച്ചാൽ ബരാദച്ചനാണ് എന്റെ നാവിൽ ഈശോയേ വച്ചുനൽകിയത്.

**2. സ്കൂൾ ജീവിതാനുഭവങ്ങൾ എന്തെങ്കലിും ഓർമ്മയുണ്ടോ?**

സ്കൂളിൽ പഠിക്കുന്നത് ഞാനും ചേട്ടനും ഒന്നിച്ചായിരുന്നു. ആദ്യവർഷം മുതൽ ഒന്നിച്ചായിരുന്നു. അതുകൂടാതെ പാലാത്ര കുടുബത്തിലെ പല ആളുകളും ഒന്നിച്ചായിരുന്നു പഠിച്ചിരുന്നത്. ഫാ. ജോസ് പാലാത്രയുടെ ചേട്ടൻ ഫാ. സെബാസ്റ്റ്യൻ പാലാത്ര എന്റെകൂടെയായിരുന്നു പഠിച്ചിരുന്നത്. അന്ന് സ്വാതന്ത്രസമരം കത്തിജ്വലിക്കുന്ന സമയം. ബ്രിട്ടീഷ് അസമത്വത്തിനെതിരെയുള്ള ദേഷ്യം കാരണം ആങ്കലയ ഭാഷ വേണ്ടന്നുവച്ചു. അതിനാൽ ഞാൻ പഠനത്തിന്റെ ഭാഗത്തുനിന്നും ആങ്കലയ ഭാഷ തീർത്തും ഉപേക്ഷിച്ചു. പിന്നീട് ഇവ എന്റെ പഠനത്തെ സാരമായി ബാധിച്ചു. ആങ്കലയ ഭാഷ വശമില്ലാത്തതിനാൽ 5 ലും 10-ാം ക്ലാസിലും തോറ്റു. ഇത്രയും കാലം വശമില്ലാത്തവ ഒരു ദിവസംകൊണ്ട് എങ്ങനെ ഉണ്ടാക്കിയെടുക്കാനാണ്. പക്ഷേ മറ്റുവിഷയങ്ങൾക്ക് എനിക്ക് നല്ല മാർക്ക് ലഭിച്ചിരുന്നു. നേരത്തേ സൂചിപ്പിച്ചതുപോലെ കളരി പഠനം ഞാൻ വടക്കേക്കരയിൽ തന്നെ നിർവഹിച്ചു. പിന്നീട് വാഴപ്പള്ളിയിലുള്ള സെന്റ് തെരേസാസിലും ബർക്കുമാൻസിലും എല്ലാമായി പഠനം ചിലവഴിച്ചു. മാന്നാനത്ത് സെമിനാരിയിൽ ചേർന്നുകഴിഞ്ഞാണ് ഞാൻ 10-ാം ക്ലാസ് എഴുതി ജയിക്കുന്നത്. സെമിനാരിയിൽ പെട്ടന്ന് ചേരാൻ ഇടയാക്കിയ ഒരു സംഭവമുണ്ട്.

പണ്ടുമുതലേ ആഗ്രഹിച്ചിരുന്നു സെമിനാരിയിൽപോണം അച്ചനാകണം എന്ന്. ഒരിക്കൽ വല്ല്യപ്പച്ചൻ എന്നോട് പറഞ്ഞു ഈ കൊല്ലം സെമിനാരിയിൽ പോകണമെങ്കിൽ നിനക്ക് പോകാം സർവ്വ ചിലവും ഞാൻ വഹിച്ചുകൊള്ളാം അടുത്ത വർഷം ചിലപ്പോൾ അതിന് കഴിഞ്ഞില്ലെന്നു വരും. പിന്നീട് എന്റെ മൂത്തസഹോദരിയും എല്ലാം എന്നെ പിന്തുണച്ചു. സെമിനാരിയിൽ ചെന്ന് ബാക്കി പഠിക്കാം എന്ന് പറഞ്ഞ്. ആദ്യവർഷം മാന്നാനത്തായിരുന്നു. എന്നെ ആങ്കലയ ഭാഷ പഠിപ്പിക്കാൻ തോമസ് മാമ്പ്രയച്ചനും ലാസറച്ചനും ഒത്തിരി സഹായിച്ചു. പിന്നീട് നോവിഷ്യേറ്റ് ചെത്തിപ്പുഴയിൽ ആയിരുന്നു. ഫാ. ബെഞ്ചമിൻ ആയിരുന്നു എന്റെ നേവിസ് മാസ്റ്റർ. മെയ് 15 ന് ഞാൻ തിരുവസ്ത്രം സ്വീകരിച്ചു ഒപ്പം സൈമൺ സ്റ്റോക്ക് എന്ന വിശുദ്ധന്റെ നാമവും എനിക്ക് ലഭിച്ചു.

**3. അങ്ങയെ സ്വാധീനിച്ചതും പ്രചോദനം നൽകിയതുമായ അദ്ധ്യാപകർ ആരൊക്കെയാണ് ?**

നമ്മുടെ മുൻ പ്രിയോർ ജനറാളായിരുന്ന ഫാ. കനീസിയൂസ് എന്റെ കുമ്പസാരക്കരനായിരുന്നു. എന്നെ ഒത്തിരി സ്നേഹത്തോടെ ജോസ്കുട്ടീ എന്ന് വിളിച്ചിരുന്നു. എന്നെ പഠിപ്പിച്ചിട്ടില്ലെങ്കലും ആ മനുഷ്യന്റെ ജീവിതം എനിക്ക് ഏറെ പ്രചോദനം നൽകിയിട്ടുണ്ട്.

**4. സ്കൂൾ ജീവിത കാലത്ത് മറക്കാനാവാത്ത അനുഭവങ്ങൾ, ഓർമ്മകൾ എന്തെങ്കിലും ഉണ്ടോ? അങ്ങേക്ക് ധാരാളം സുഹൃത്തുക്കൾ ഉള്ളതായി കേട്ടിട്ടുണ്ട് അവരെപറ്റി എന്തെങ്കിലും പറയാമോ?**

സുഹൃത്തുക്കൾ അധികമെന്ന് പറയുവാൻ ഒന്നും ഇല്ലായിരുന്നു. ടി.ബി. ജോസഫ് എന്നൊരാൾ ഉണ്ടായിരുന്നു. അദ്ദേഹം railway cross ന്റെ അടുത്തായിരുന്നു താമസിച്ചിരുന്നത്. പിന്നെയുള്ളയാൾ മഞ്ചേരിക്കളം സെബാസ്റ്റ്യൻ. പന്നെ ചെമ്മാംകരി

എന്നുപറയുന്ന ഒരുമനുഷ്യൻ ഉണ്ടായിരുന്നു. പിന്നെ എന്റെ കൂട്ട് എന്നുപറയുവാൻ സ്കൂളിലെ കൂട്ടുകാർ മാത്രമായിരുന്നു. കളിക്കുവാൻ ഞാൻ അധികം വെളിയിൽ പോയിട്ടില്ല. ഏറെകുറെയും കളികൾ സ്കൂളിൽതന്നെയാവും. മാത്രമല്ല അധിക സമയം സ്കൂളിൽ കൂട്ടുകാരുമൊത്ത് കളിക്കുവാൻ എനിക്ക് സമയം ലഭിച്ചിരുന്നില്ല. കാരണം സമയത്ത് സ്കൂളിൽ എത്താൻ കഴിയുമായിരുന്നില്ല. അധികമാരുമില്ലെങ്കിലും ഉള്ളവരുമായി ഞാൻ നല്ലബന്ധം പുലർത്തിയിരുന്നു.

**5. സി.എം.ഐ സഭയിൽ ചേരുവാൻ പ്രചോദനമേകിയത് എന്തെന്ന് ഞങ്ങളുമായി പങ്കുവയ്ക്കാമോ?**

എന്റെ കുടുബത്തിലെ രണ്ടച്ചൻമാരുടെ സാന്നിധ്യം എന്നിൽ ചെറുപ്പത്തിൽ ഉണ്ടായിരുന്ന ആഗ്രഹം തീക്ഷ്ണത നിറഞ്ഞതാക്കി. ഫാ. ബെരാദ്, ഫാ. യോവാക്കീം. ഇവർ ചിറ്റപ്പൻമാർ ആയിരുന്നു. ആ അച്ചൻമാരുടെ സഭയിൽതന്നെ ചേർന്ന് പഠിക്കണം എന്ന് ആഗ്രഹം തോന്നി. SSLC യിലെ പരാജയം എന്റെ വിളിക്ക് തടസമായിരുന്നു. എങ്കിലും പിൻതാങ്ങാൻ ഏറെ കൈകൾ ഉള്ളതിനാൽ സെമിനാരിയിലേക്കുള്ള ചുവടുവയ്പ്പ് എളുപ്പമായി. എന്റെ ചിറ്റപ്പൻ എന്നെ മാന്നാനത്ത് എത്തിച്ചതിനുശേഷം തിരികെ മടങ്ങി.

**6. സെമിനാരി ജീവിത കാലത്തേക്കുറിച്ച് അങ്ങ് ഓർക്കുവാൻ ആഗ്രഹിക്കുന്നത് എന്തൊക്കെയാണ്?**

എന്റെ ബാച്ചിൽ ഞങ്ങൾ 63 Brothers ഉണ്ടായിരുന്നു അതുകൂടാതെ 3 പേർ ലത്തീൻ സഭയിൽ നിന്നും വന്നവരായിരുന്നു. അങ്ങനെ total 66 brothers ഉണ്ടായിരുന്നു. എണ്ണം 63 ആകയാൽ ഞങ്ങൾ 3 ക്ലാസുകളിലായി ലത്തീൻ, സുറിയാനി പഠനം നടത്തി. പിന്നീട് നോവിഷ്യേറ്റിലേക്ക്. അതുകഴിഞ്ഞ് ഫിലോസഫി പഠനം

3 വർഷം ഉണ്ടായിരുന്നു. മൂന്നുവർഷം തത്വശാസ്ത്ര പഠനത്തിനായി പോയവർ എന്റെ ബാച്ചിൽതന്നെ പെട്ട തിയോളജി പഠിക്കാൻ പോയവരിൽ നിന്ന് ഒരു വർഷം താഴെയായി. മറിച്ച് 2 വർഷം തത്വശാസ്ത്ര പഠനം കഴിഞ്ഞ് പെട്ടന്നു തന്നെ ദൈവശാസ്ത്ര പഠനത്തിന് പേയവർ ഒരു വർഷം മുന്നിലായി. അതായത് 2 വർഷത്തെ ഫിലോസഫി short course ചെയ്തവർ തിയോളജി പഠനത്തിന് മുൻപിൽ കടന്നുപോയെന്നർത്ഥം. ഫിലോസഥി പഠനകാലത്ത് ഞങ്ങളുടെ പ്രീഫെക്ട് കോട്ടയം St. Joseph പ്രവശ്യയിൽ പെട്ട ഫാ. ചാൾസ് പൈങ്ങോട്ടായിരുന്നു. എന്നാൽ തിയോളജി സമയത്ത് കൊച്ചി തിരുഹൃദയ പ്രവശ്യയിൽ പെട്ട ശൗരിനോസ് അച്ചനായിരുന്നു ഞങ്ങളുടെ പ്രീഫെക്ട്. പത്താം ക്ലാസ് എല്ലാം മാന്നാനത്തുവന്നാണ് പാസായത്. 2 വർഷം ലാറ്റിൻ സിറിയൻ പഠനത്തിനുശേഷം ചെത്തിപ്പുഴയിൽ നോവിഷ്യേറ്റിനായി പോയി. അന്ന് എറ്റവും വലിയ ബാച്ചായിരുന്നു ഞങ്ങൾ 42 brothers ആഴ്ച്ച തോറും എല്ലാവരേയും റെക്ടറച്ചൻ കണ്ടിരുന്നു. അത് എന്നെ സംബന്ധിച്ച് വലിയ ഒരു experience ആയിരുന്നു. പിന്നീട് രണ്ടരക്കൊല്ലം കൊണ്ട് ദൈവശാസ്ത്രം പഠിച്ച് 1964 ഡിസംബർ 1-ാം തീയതി ഞാൻ Bombay യിൽ വച്ച് പട്ടം സ്വീകരിച്ചു. പട്ടം Bombay യിൽ വച്ചായതിനാൽ 6 മാസം മുൻപേ പട്ടമേൽക്കാൻ സാധിച്ചു.

**6A. പട്ടമേറ്റശേഷം ഏതുതരത്തിൽ സഭയേ സേവിക്കാനാണ് പിതാവ് ആഗ്രഹിച്ചിരുന്നത്? അല്ലെങ്കിൽ ഏതുതരം ministry യാണ് പിതാവ് ചെയ്യാൻ സെമിനാരി പഠനകാലത്തുതന്നെ നിശ്ചയിച്ചിരുന്നത്?**

മിഷനു പേയി പാവങ്ങളെ സേവിക്കാനായിരുന്നു ആഗ്രഹിച്ചിരുന്നത്. ഫിലോസഫി പഠനകാലത്ത് പണ്ടു പഠിച്ച ഹിന്ദിയൊക്കെ ശരിക്കും മറന്നുതുടങ്ങിയിരുന്നു. ശരിക്കു എനിക്കുണ്ടായിരുന്ന ആ ചാതുര്യം നഷ്ടപ്പെട്ടു. എങ്കിലും

മിഷനുപോകാനുള്ള തീഷ്ണത എന്നിൽ ആളിക്കത്തിക്കൊണ്ടിരുന്നു. ആ ആഗ്രഹം സഫലമാകാൻ തിയോളജി പഠിക്കുമ്പോൾ തന്നെ മിഷനുപോകാൻ പേരുനൽകി. ആ സമയം ചാന്ദാ മിഷനെ പറ്റി നന്നേ കേട്ടിരുന്നു. പക്ഷേ ചാന്ദാ മിഷനിലേക്ക് പോകാൻ സാധിച്ചില്ല. അപ്പോഴാണ് മൂന്ന് മിഷനുകൾ പുതുതായി തുടങ്ങാൻ സാധ്യത ഉണ്ടെന്ന് കേട്ടത്. അതിലൊന്ന് സാഗർ മിഷൻ ആയിരുന്നു. ഉടനെ ഞാൻ അതിനായി പേരുനൽകി. അപ്പോൾ ഞാൻ ഫാ. കനീസിയൂസ് (prior general) ന്റെ secretary ആയി ജോലി ചെയ്യുകയായിരുന്നു. അന്നേരം അദ്ദേഹം പറഞ്ഞു ഞാൻ എന്റെ സെക്രട്ടറിയെതന്നെ നൽകുന്നു. അങ്ങനെ എന്നെ സാഗറിലേക്ക് അയച്ചു. അവിടെചെന്ന് 2 വർഷം കഴിഞ്ഞപ്പോൾ സാഗർ മിഷൻ തൃശ്ശൂർ ദേവമാതാ പ്രവശ്യയേ ഏൽപ്പിച്ചു. പിന്നീട് ബിലാസ്പൂരും ജഗ്ദൽപൂർ മിഷനും തുടങ്ങി. പക്ഷേ പള്ളോട്ടൈൻ അച്ചന്മർക്ക് ബിലാസ്പൂർ വേണമെന്ന് പറഞ്ഞ് പിടിവാശി കാട്ടി. അങ്ങനെ ആ മിഷൻ CMI സഭക്ക് ലഭിച്ചില്ല. ആ സമയത്താണ് ബിഷപ് യൂജിൻ MSFS ബിജനോർ മിഷൻ കണ്ടുപിടിക്കുകയും അത് CMI സഭയേ ഏൽപ്പികുകയും ചെയ്തത്. അങ്ങനെ CMI സഭ തുടങ്ങിയ പുതിയ രണ്ട് മിഷനായിരുന്നു ജഗ്ദൽപൂരും ബിജനോറും.

### 6B. പൗരോഹിത്യ ജീവിതമെന്ന് പറയുമ്പോൾ പിതാവിന്റെ മനസിലുണ്ടായിരുന്ന ചിത്രമെന്താണ്?

ഒരു നല്ല മിഷനറിയായി സേവനം ചെയ്യണം എന്ന് നേരത്തേമുതൽ ആഗ്രഹിച്ചിരുന്നു. സാഗറിൽ പോയി വികാരിയായി സേവനം അനുഷ്ഠിക്കുകയായിരുന്നു. അൽപം സമയം വേണ്ടി വന്നു എനിക്ക് അവിടവുമായി ഒന്ന് ഇണങ്ങിച്ചേരാൻ. പിന്നീട് ദിയേഗോ അച്ചൻ വന്നപ്പോൾ അദ്ദേഹത്തേ ബഹുമാനിക്കാൻ ഞാൻ എന്റെ വികാരി എന്ന പദവി അദ്ധേഹത്തിനു നൽകി. അന്നേരം 3 പുതിയ മിഷനുകളേപ്പറ്റിയുള്ള ചർച്ചകൾ നടക്കുകയായിരുന്നു. ഓരോ province നും ഓരോ മിഷൻ കിട്ടും എന്ന് ഞാനും ബാക്കിയുള്ളവരും

ചിന്തിച്ചിരിക്കുകയായിരുന്നു. ഒരു മാസത്തിനകം പുതിയ മിഷൻ തുടങ്ങുമെന്ന് പറഞ്ഞിരുന്നു. അപ്പോഴാണ് ബിലാസ്പൂരിനുവേണ്ടി demand വന്നത്. അതുകൊണ്ട് അന്ന് കിട്ടിയില്ല. പാവങ്ങളേ സഹായിക്കുന്ന, പാവങ്ങളോടൊപ്പം എപ്പോഴും ആയിരിക്കുന്ന ഒരു പുരോഹിതനാവണമെന്നായിരുന്നു എന്റെ ആഗ്രഹം. അതുകൊണ്ടാണ് മിഷൻ കിട്ടാൻ ഞാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നത്.

**7. തിരുപ്പട്ടത്തിനു ശേഷം അങ്ങേക്കുവേണ്ടി കാത്തിരിക്കുന്ന ഭാവി മിഷനുവേണ്ടി സെമിനാരി പഠനകാലത്തുതന്നെ അങ്ങ് തയ്യാറായിരുന്നുവെന്ന് തോന്നുന്നുണ്ടോ?**

അന്ന് അത്രക്ക് തോന്നിയിരുന്നില്ല. എനിക്ക് മിഷനുപോകണമെന്നേ അന്നും പിന്നീടും ഉണ്ടായിരുന്നുള്ളു. അങ്ങനയാണ് ചാന്ദാ മിഷനിൽ ചേരാൻ പേരുനൽകിയത്. പക്ഷേ അത് സാധിച്ചല്ല. അപ്പേൾ കോട്ടയം പ്രോവിൻഷ്യൽ ആയിരുന്ന പള്ളിവാതുക്കൽ ജയിംസച്ചൻ എന്നെ നിർബന്ധം പിടിച്ചു നിർത്തി. ഇനി ഇങ്ങനെയുള്ള അപകടത്തിൽ ചെന്ന് ചാടരുത് എന്ന് പറഞ്ഞ് എന്നെ മിഷന് അയക്കാൻ വൈമുഖ്യം കാട്ടി. ശേഷമാണ് ജഗ്ദൽപൂർ മിഷൻ കിട്ടിയത്. അപ്പോൾ പൗളിനോസ് പിതാവായിരുന്നു കോട്ടയം പ്രോവിൻഷ്യൾ. ഞാൻ അദ്ദേഹത്തിന് എന്റെ പേരുനൽകി. സാഗറിൽ പോയി വന്നതിനാൽ അത്യാവശ്യം ഹിന്ദിയും അറിയാമായിരുന്നു.

**7b. സെമിനാരി പഠന കാലത്ത് എങ്ങനെയുള്ള വൈദികൻ ആകണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം?**

Village ൽ പാവങ്ങളുടെ ഇടയിലുള്ള ജോലിയായിരുന്നു എനിക്ക് താൽപര്യം. ജഗദൽപൂരിൽ social work ആയിരുന്നതിനാൽ എനിക്ക് അധികം Village ൽ പോകുവാൻ സാധിച്ചിരുന്നില്ല. social

work ന്റെ ഭാഗമായി Village കൾ സന്ദർശിച്ച് ഭക്ഷണ വിതരണം ഉണ്ടായിരുന്നു. അത് ജഗദൽപൂരിൽ നിന്നു തന്നെ കൊടുത്ത് വിടുമായിരുന്നു. അത് അവർ വീതിച്ചെടുക്കുമായിരുന്നു. പിന്നീട് പൗളിനോസ് പിതാവ് എന്നോട് Village ൽ മിഷൻ തുടങ്ങിക്കോളാൻ പറഞ്ഞിരുന്നു. അപ്പോൾ സീ.ജെ. വർക്കി അച്ചൻ (MSMIസ്ഥാപകൻ) Village ൽമതിയെന്ന് പറഞ്ഞ് പൗളിനോസ് പിതാവിനെ കണ്ടിരുന്നു. അതിനാൽ Village ൽ ഒരു സ്റ്റേഷൻ ഇടാൻ പറഞ്ഞപ്പോൾ അവർ അതിന് തയ്യാറായി. അന്നവിടെ godown ആയി പണിയിച്ച ഒരു കെട്ടിടമുണ്ടായിരുന്നു. അതിന്റെ കൂടെ 3 മുറികൾ കൂടി വില്ലേജുകാർ പണിയിച്ചു തന്നു. വില്ലേജുകാർ വളരെയധികം support ചെയ്തിരുന്നു. തുടക്കത്തിൽ ബ്രാഹ്മിൺസുമായി ഒരു തിരിവുണ്ടായിരുന്നു. പിന്നീട് അവർ എല്ലാവരും സഹകരിച്ച് മുറികൾ ഉണ്ടാക്കിതന്നു. ഒന്ന് അച്ചന്, ഒന്ന് പള്ളി, ഒന്ന് dispensary. അവിടെ താമസിച്ചുകൊണ്ടിരിക്കുമ്പോൾ. ചിവുർഗാവിൽ നിന്ന് ആളുകൾ വന്ന് അവിടെയും മിഷൻ തുടങ്ങണമെന്ന് ആവശ്യപ്പെട്ടു. അവിടെ കുറച്ച് അച്ചന്മാർ പോയിരുന്നു. പിന്നീട് അവർ മുൻകൈയ്യെടുത്ത് ചിവുർഗാവിൽ ഒരു മിഷൻ തുടങ്ങി. ആദിവാസികളുടെ സ്ഥലം നൽകാമെന്നായിരുന്നു അവർ ആദ്യം പറഞ്ഞിരുന്നത്. അതിന് government സമ്മതിച്ചില്ല. ശേഷം അവർ നമുക്ക് സ്ഥലം തന്നു. ചിവുർഗാവിൽ  വില്ലേജുകാർ സഹായിച്ച് ആ സ്ഥലത്ത് ഒരു വീടുനിർമ്മിച്ചു. പിന്നീട് സ്കൂൾ കെട്ടിടം, sisters ന്റെ കെട്ടിടം എല്ലാം വില്ലേജുകാർ സഹായിച്ചു. പിന്നീട് സ്കൂൾ തുടങ്ങി. പിതാവ് വെഞ്ചരിച്ചു. അന്നത്തെ collector ഉം commissioner ഉം അക്രൈസ്തവർ ആയിരുന്നു. collector മലയാളി ആയിരുന്നെങ്കിലും അദ്ദേഹം അത്രക്ക് നമ്മേ അനുകൂലിച്ചില്ല. ചില ആൾക്കാർ government നെ കൈയ്യിലെടുത്ത് കെട്ടിടം പൊളിച്ചു മാറ്റാൻ ആവശ്യപ്പെട്ടു.  സ്കൂളും അച്ചൻ താമസിക്കുന്ന വീടിന്റെ കുറച്ചു ഭാഗവും പൊളിച്ചുകളഞ്ഞു. പിന്നീട് ആ തടികൾ ചിവുർഗാവിൽ കൊണ്ടുപോയി government സ്കൂൾ പണിയാനായിരുന്നു അവരുടെ പ്ലാൻ. പക്ഷേ അതു നടന്നില്ല. പിന്നീട് ഒരു petition village കാരുടെ

support ഓടു കൂടി അന്നത്തെ മുഖ്യമന്ത്രിക്ക് നൽകി. അതിന്റെ copy central board ന് അയച്ചു. അങ്ങനെ ഇതിൽ കൃത്രിമം ഉണ്ടെന്ന് കണ്ട് collectorറെയും commissionerറെയും സ്ഥലം മാറ്റി. പിന്നീട് സ്കൂൾ പുനർ നിർമ്മിച്ച് പഠനം പുനരാരംഭിച്ചു. അതു കഴിഞ്ഞ് ഞാൻ നോവിസ് മാസ്റ്റർ ആയി ചാന്ദയിലേക്ക് പോയി. അതുകൊണ്ട് വില്ലേജിൽ വർക്ക് ചെയ്യണമെന്നുള്ള എന്റെ ആഗ്രഹം പൂർണമായും നടന്നില്ല. പുതിയ നിയമനം വരുമ്പോൾ അതു നമ്മൾ ആഗ്രഹിക്കുന്നതുപോലെ ആവണമെന്നില്ലല്ലോ. എന്നിരുന്നാലും ഞാൻ ഇവയെല്ലാം ഇഷ്ടപ്പെട്ടു. ആവുന്ന രീതിയിൽ മറ്റുള്ളവരെ സഹായിച്ചു.

**8. അങ്ങേക്ക് പ്രചോദനമേകിയ formatorsനെപ്പറ്റി എന്തെങ്കിലും പങ്കുവയ്ക്കാമോ?**

ജനുവാരിയൂസ് പിതാവ് മിഷനേപ്പറ്റി പിതാവാകുന്നതിന് മുൻപു തന്നെ ഞങ്ങളോട് പറഞ്ഞിരുന്നു. ചാന്ദക്കു പോകൻ പേരും നൽകി. പിന്നീട് ജെയിംസച്ചൻ ചാന്ദക്കു പോകണ്ട എന്നുപറഞ്ഞ് വിട്ടില്ല. ചാന്ദാ മിഷനുപോകാൻ സാധിച്ചില്ല. മിഷനേപ്പറ്റിയുള്ള അറിവ് ജനുവാരിയൂസ് പിതാവിൽനിന്നും ഒരു പ്രചോദനമായി ലഭിച്ചിരുന്നു. പിന്നീട് ജനറാളച്ചന്റെ സെക്രട്ടറിയായി ജോലി ചെയ്യുമ്പോൾ സാഗർ മിഷന് വിട്ടു. ആദ്യത്തെ 4 പേരിൽ ഞാനും ഉണ്ടായിരുന്നു. ക്ലെമന്റ് തോട്ടങ്കൽ പിതാവിന്റ കൂടെ അവിടെ മൂന്ന് നാല് കൊല്ലം ഉണ്ടായിരുന്നു. പിന്നീട് ഓരോ പ്രോവിൻസിനും ഓരോ മിഷൻ തുടങ്ങി. സാഗർ തൃശ്ശൂർ പ്രോവിൻസിനെ ഏൽപ്പിച്ചു. ജഗ്ദൽപൂർ കോട്ടയം പ്രോവിൻസിന് കിട്ടി. ബിജനോർ കളമശേരി പ്രോവിൻസിനും ലഭിച്ചു. അന്ന് മിഷനേപ്പറ്റി പഠിക്കാൻ അധികം സാഹചര്യം ഒന്നും ഇല്ലായിരുന്നു. ആകെ ഉണ്ടായിരുന്നത് കർമ്മല സന്ദേശം മാത്രമായിരുന്നു.

**9. അങ്ങയുടെ കാഴ്ച്ചപ്പാടിൽ ഇന്ന് എന്താണ് ഒരു സന്യാസ പൗരോഹിത്യ വിദ്യാർത്ഥികളുടെ formation നെ ശ്രേഷ്ഠമാക്കുന്നത്?**

മിഷനിലുള്ളവരുമായിട്ട് correspondence നടത്താമെങ്കിൽ അങ്ങനെ interest കൂട്ടിക്കൊണ്ടുവരാൻ സാധിക്കും. ഓരോ provincial ഉം അവരുടെ formees മായി correspondence നടത്തുമ്പോൾ അറിവ് ആഗ്രഹം കൂടി കൂടി വരും. അത് അവരുടെ formation ൽ തീഷ്ണമായി വളരാൻ സഹായിക്കും.

**10. എന്നായിരുന്നു അങ്ങയുടെ തിരുപ്പട്ടം? ആ ദിവസത്തേക്കുറിച്ച് ഞങ്ങളുമായി എന്തെങ്കിലും പങ്കുവയ്ക്കാമോ?**

1946 December 1-ന് Mumbai ൽ വച്ചായിരുന്നു എന്റെ തിരുപ്പട്ടം. 4 പേരായിരുന്നു എന്നോടൊപ്പം പട്ടം സ്വീകരിച്ചത്. എന്റെ തന്നെ uncle ഒരാൾ ഉണ്ടായിരുന്നു. അത് അമ്മ വഴിയുള്ള ബന്ധമാണ്. Fr. ആന്റണി ഇടനാട്. ധർമ്മാരാമിൽ പഠിപ്പിച്ചിരുന്ന ആളായിരുന്നു അദ്ദേഹം. ഇദ്ദേ
ഹം എന്നേക്കൾ ഇളയതാണ്. എനിക്ക് പട്ടം നൽകിയത് തറയിൽ പിതാവായിരുന്നു. ഞങ്ങൾ 4 പേർ ഉണ്ടായിരുന്നതിനാൽ ഒന്നിച്ച് പട്ടം കിട്ടാൻ ഒരസ്ഥലത്ത് തന്നെ നിശ്ചയിച്ചതാണ്. ഇടനാടച്ചൻ, തോമസ് കാലായിൽ, മുട്ടത്തച്ചൻ പിന്നെ ഞാനുമായിരുന്നു 4 പേർ. വീട്ടിൽ നിന്നും അപ്പനും അമ്മയും മറ്റ് ബന്ധുക്കളും എല്ലാവരും ഉണ്ടായിരുന്നു. എല്ലാം ധർമ്മാരാമിൽ നിന്നായിരുന്നു Arrange ചെയ്തിരുന്നത്. Mumbai ൽ ഒവൽ എന്ന സ്ഥലത്തുവച്ചായിരുന്നു പട്ടം. അവിടെ 5-6 മെത്രാൻമാർ പട്ടത്തിനായി ഉണ്ടായിരുന്നു. അവിടെ പല അൾത്താരകളിലായി സ്വീകരിച്ചു. തറയിൽ പിതാവായതിനാൽ ഞങ്ങൾ ഒന്നിച്ചു വച്ചു. അന്ന് ബലിയർപ്പണം

പിതാക്കൻമാർ ആയിരുന്നതിനാൽ ഞങ്ങൾ സഹകാർമികരായി കൂടെ ബലിയർപ്പിച്ചു. അതിന്റെ പിറ്റേദിവസമായിരുന്നു പുത്തൻകുർബാന arrange ചെയ്തിരുന്നത്. ഞങ്ങൾക്കായി പറഞ്ഞിരുന്ന പള്ളിയിൽ ബലിയർപ്പിക്കാനായി എത്തിയപ്പോൾ അവിടെ ആരും ഇല്ലായിരുന്നു. പെങ്ങളെ കെട്ടിച്ച കുടുംബത്തിൽ മാർട്ടിൻ എന്ന വ്യക്തിയാണ് സൗകര്യം ഉണ്ടാക്കിയത്. പിന്നീട് ഞങ്ങൾ എല്ലാവരും അവിടെ ആ പള്ളിയിൽ ബലിയർപ്പിച്ചു.

**11. തിരുപ്പട്ടത്തിനുശേഷം അങ്ങയുടെ ആദ്യ നിയമനത്തേക്കുറിച്ചും ഏൽപ്പിക്കപ്പെട്ട പ്രേഷിതത്വത്തേക്കുറിച്ചും അങ്ങയുടെ ഓർമ്മയിൽ തെളിയുന്ന അനുഭവങ്ങളെ ഒന്ന് ചിത്രീകരിക്കാമോ?**

ആദ്യ appointment ജനറാളച്ചന്റെ secretary ആയിട്ടായിരുന്നു. ഭാഗ്യസ്മരണാർഹനായ ബ.കനീസിയൂസച്ചനായിരുന്നു ആന്നത്തെ ജനറാളച്ചൻ. തിരുപ്പട്ടത്തിന് ശേഷം ആ പ്രവിശ്യയിൽപ്പെട്ട ബാച്ചിന് 6 മാസത്തേ ട്രയിനിംഗ് മണിമല എന്ന സ്ഥലത്തുവച്ച് കോട്ടയം പ്രോവിൻസിന്റെ വഴി നടന്നു. അതിൽ പങ്കെടുക്കവേയാണ് secretary യായി എന്നേ നിയമിച്ചു എന്നറിഞ്ഞത്. രണ്ടുവർഷത്തോളം കാലം അവിടെ സേവനം ചെയ്തു.

**11b. പ്രേഷിതത്വത്തേക്കുറിച്ച് .?**

ഞാൻ പട്ടമേൽക്കുന്നതിനുമുൻപുതന്നെ നമുക്ക് ചാന്ദാ മിഷൻ കിട്ടിയിരുന്നു. പട്ടത്തിനു ശേഷം സെക്രട്ടറിയായിരുന്ന സമയത്താണ് സാഗർ മിഷൻ സഭയേ എൽപിക്കുന്നത്. സാഗർ, സത്നാ, ഉജ്ജയിൻ എന്നീ 3 രൂപതകൾ അന്ന് സീറോ മലബാർ സഭക്ക് ലഭിച്ചിരുന്നു. സത്നാ മിഷൻ വിൻസെൻഷ്യൻ കോൺഗ്രിഗേഷനും, ഉജ്ജയിൻ മിഷൻ MST കാർക്കുമാണ് നൽകിയത്. സാഗർ രൂപതയുടെ പ്രഥമ മെത്രാൻ ബ. ക്ലമന്റ്സ് പിതാവായിരുന്നു.

ഭോപ്പാൽ ആർച്ച്ബിഷപ്പായിരുന്ന യൂജിൻ MSFS പിതാവിന്റെ പ്രയത്നഫലമായി രണ്ട് രൂപതകൾകൂടി നമുക്ക് ലഭിക്കാൻ ഇടയായി. സാഗറിൽ രണ്ടു കൊല്ലം സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ചു. പുതിയ മിഷനിലേക്ക് മാറ്റം ഉണ്ടാവുമെന്നറിഞ്ഞതോടെ ഞാൻ കേരളത്തിലേക്ക് തിരിച്ചു പോന്നു. അവിടെ അന്നത്തെ കോട്ടയം പ്രോവിൻഷ്യൽ ഹൗസ് പുതുപ്പള്ളിയിലായിരുന്നു. ആറുമാസത്തിലധികം ഞൻ അവിടെ താമസിച്ചു. ആയിടക്കാണ് പുതിയ രണ്ട് മിഷനുകൾ, ജഗ്ദൽപൂരും ബിജനോറും കണ്ടുപിടിക്കുന്നത്. 1972 ൽ ജഗ്ദൽപൂരിലേക്ക് പോയ ആദ്യബാച്ചിൽ ഞാനും കുര്യൻ മാച്ചേരിൽ അച്ചനു ഉണ്ടായിരുന്നു. CMC Sisters ഉം ഞങ്ങൾക്കൊപ്പം ഉണ്ടായിരുന്നു. ഞങ്ങൾ ജഗ്ദൽപുരിൽ വന്ന അന്നു രാത്രി തന്നെ കിരൺഡൂളിലുള്ള സ്കൂളിലേക്ക് പോയി. അവിടെ രണ്ടച്ചൻമാർ ഉണ്ടായിരുന്നു. സത്യദാസനായിരുന്നു സ്കൂളിന്റെ incharge. അത് മാച്ചേരിൽ അച്ചൻ ഏറ്റെടുത്തു. ഞാൻ ജഗ്ദൽപൂരിലേക്ക് പോയി. ജഗ്ദൽപൂരിൽ ബിഷപ്സ് ഹൗസിൽ അന്നു ഞാൻ താമസിച്ചു.

**12. ജനിച്ച നാടുപേക്ഷിച്ച് ഉത്തരേന്ത്യയിൽ മിഷനുവേണ്ടി സേവനം ചെയ്യാൻ അങ്ങയെ പ്രേരിപ്പിച്ചതെന്താണ്?**

മിഷനു പോകണമെന്ന ആഗ്രഹം നേരത്തേ മുതലുണ്ടായിരുന്നു. അതുകൊണ്ടു തന്നെയാണ് സാഗർ മിഷനുവേണ്ടി ജനറാളച്ചൻ circular അയച്ചപ്പോൾ സെക്രട്ടറിയായ ഞാൻ ആദ്യം പേരുകൊടുത്തത്. അിഷനുവേണ്ടി ജനറാളച്ചന്റെ ത്യാഗം എന്നു പറഞ്ഞ് സെക്രട്ടറിയായ എന്നെ അയക്കാൻ അദ്ദേഹം സമ്മതിച്ചു. ഉത്തരേന്ത്യയിലെ എന്റെ ആദ്യ നിയമനം സാഗറിലെ കത്തീഡ്രൽ പള്ളിയുടെ വികാരിയായിട്ടായിരുന്നു. വിദേശിയായിരുന്ന മുൻവികാരിയച്ചൻ കുറച്ചുനാൾ കൂടെ താമസിച്ചു. ഭാഷ പഠിക്കുന്നതിനും മറ്റ് കര്യങ്ങൾ കൈകാര്യം ചെയ്യാനാകുന്നതുവരെ. 1970 ഒക്ടോബർ മാസത്തിലാണ് ഞാൻ

സാഗറിൽ എത്തിയത്. ഇടവക സേവനത്തിനു പുറമേ കാറ്റിക്കിസം പഠിപ്പിക്കുന്നതിനും ഞാൻ ശ്രമിച്ചിട്ടുണ്ടായിരുന്നു.

**13. ബസ്തർ മിഷനിൽ എത്തിയ അങ്ങ് ആദ്യമായി ഏറ്റെടുത്ത ദൗത്യമെന്തായിരുന്നു?**

എന്റെ ഓർമ്മ ശരിയാണെങ്കിൽ 1972 ജൂൺ 26 ാം തീയതിയാണ് ഞങ്ങൾ ബസ്തറിലേക്ക് തിരിച്ചത്. നേരത്തേ സൂചിപ്പിച്ചതു പോലെ ഞാനും, മാച്ചേരി അച്ചനും 3 CMC Sisters ഉം ഉണ്ടായിരുന്നു. പൗളിനോസ് പിതാവ് അപ്പൻഡിക്സ് ഓപറേഷൻ കഴിഞ്ഞതിനാൽ വിശ്രമത്തിലായിരുന്നു. അദ്ദേഹം ജൂലൈ 22 നാണ് ചാർജെടുത്തത്. എന്നെ ഏൽപ്പിച്ച പ്രഥമ ദൗത്യം അന്നത്തെ ഇടവകയായിരുന്ന ജഗ്ദൽപൂരിൽ വികാരിയായിട്ടായിരുന്നു. പള്ളിയോടുചേർന്ന ഒരു മുറിയിലായിരുന്നു ഞാൻ കഴിഞ്ഞിരുന്നത്. ഈ കൊച്ചു സമൂഹത്തോട് ചേർന്ന് അവരുടെ ഇടയനായുള്ള ജീവിതം എനിക്ക് മിഷനോടുള്ള തീഷ്ണത വർദ്ധിപ്പിക്കാൻ ഇടയാക്കി.

**14. ഭാഷാപരമായ പ്രശ്നങ്ങൾ അങ്ങ് നേരിട്ടിട്ടുണ്ടോ? എങ്ങനെയാണ് അങ്ങേക്ക് ഭാഷയിൽ പ്രാവിണ്യം നേടാൻ സാധിച്ചത്?**

പഠിച്ച ഹിന്ദിയൊക്കെ ഞാൻ മറന്നുപോയിരുന്നു. സാഗറിൽ വന്നപ്പോൾ ആദ്യമൊക്കെ ഭാഷ വലിയ ബുദ്ധിമുട്ടായിരുന്നു. രണ്ട് സാറന്മാരെ വച്ച് ഞങ്ങൾക്ക് tuition എടുത്തിരുന്നു. അത് വളരെ ഫലം ചെയ്തു. അങ്ങനെ ഹിന്ദി സംസാരിക്കാൻ തുടങ്ങി. അതുകൊണ്ട് ജഗ്ദൽപൂരിൽ വന്നപ്പോൾ അധികം ബുദ്ധിമുട്ടിയില്ല. അവിടെ സാഗറിൽ ഇംഗ്ലീഷ് മീഡിയത്തിൽ പഠിപ്പിച്ചിരുന്നു. Sisters ഇംഗ്ലീഷ് correct ചെയ്ത് തരുമായിരുന്നു. അതും വലിയൊരു ഉപകാരമായി. ജഗ്ദൽപൂരിൽ വന്നതിനുശേഷം എന്നെ ഭാഷ

പഠിക്കാൻ അല്ലെങ്കിൽ വാക്കുകൾ പഠിക്കാൻ റാംചിയിലേക്കയച്ചു. ഭാഷ പഠിക്കാനായി ഞാൻ മാർക്കോസിന്റെ സുവിശേഷത്തിലെ വാക്കുകൾ സ്വയമേ പഠിക്കുവാൻ തുടങ്ങി. അതുമൂലം ഞായറാഴ്ച്ചകളിൽ Homily ഹിന്ദിയിൽ പറയാൻ കുറേയേറെ സഹായിച്ചു. ഞാൻ അത് പൂർത്തിയാക്കി തിരിച്ചുവന്നിട്ട് ഉടനടി ഹിന്ദിയിൽ പ്രസംഗിക്കൻ തുടങ്ങിയില്ലെങ്കിലും ഞാൻ ചെറുതായി തുടങ്ങിയിരുന്നു. റാംചിയിൽ പോയി പഠിച്ചതുകൊണ്ട് സാമാന്യം വാക്കുകൾ കാണാതെ പഠിച്ചു. അതുകൊണ്ട് വാക്കുകൾ കിട്ടാൻ ബുദ്ധിമുട്ടില്ലായിരുന്നു.

**15. അങ്ങയുടെ മിഷനറി ജീവിതത്തിൽ എന്തെങ്കിലും പ്രത്യേക അനുഭവങ്ങൾ ഉണ്ടായിണ്ടുണ്ടോ? ബസ്തറുമായി ബന്ധപ്പെട്ട്?**

ബസ്തറിൽ അന്ന് കൂടുതലായിട്ടുണ്ടായിരുന്നത് ഭദ്രാ വിഭാഗക്കാരാണ്. അവരുമായി ഞാൻ ആദ്യം തന്നെ contact ൽ വന്നു. അന്നുണ്ടായിരുന്ന പീലാർ ഫാദേഴ്സിന് അവിടെ നല്ല contact ഉണ്ടായിരുന്നു. അവരു പോയപ്പോൾ ഞാൻ അവരുമായി നല്ല contactൽ എത്തി. പക്ഷേ അവർ നേരത്തേ തന്നെ community ആയി തീരുമാനമെടുത്തിരുന്നു ഒരിക്കലും ഈസായികളുടെ കൂട്ടത്തിൽ, അല്ലെങ്കിൽ അവരുടെ മതത്തൽ ചേരുകയില്ലെന്ന്. അത് ഞാൻ അിറഞ്ഞിരുന്നില്ല. അവർക്ക് ഞാൻ ക്രിസ്ത്യാനികളാകാൻ കുറേ അവസരങ്ങൾ നൽകി എന്നാൽ ആരും ചേർന്നില്ല. അതിനുകാരണം അവർ ഒന്നിച്ചെടുത്ത തീരുമാനമായിരുന്നു. എങ്കിലും അവരുമായി നല്ല ബന്ധത്തിലായിരുന്നു. അതുകൊണ്ടാണ് കരീത്ഗാവിലും ചിവർഗാവിലും മറ്റും പുതിയ mission stations തുടങ്ങാൻ സാധിച്ചത്. CRS ന്റെ food for work project ന്റെ ഭാഗമായിരുന്നു godown നിർമാണം. അങ്ങനെ തുടങ്ങിയ stations ആണ് കൗഡാവണ്ട്,

ബക്കാവണ്ട് എന്നിവ. ചിവർഗാവിൽ ഒരു സ്കൂളും തുടങ്ങി. MSMI Sisters നെയാണ് അവിടേക്ക് ആദ്യം കൊണ്ടുപോയത്. അവർ വില്ലേജിൽ താമസിച്ച് അവരുടെ ഭാഷ പഠിച്ച് അവിടെതന്നെ സൗകര്യങ്ങൾ ഉണ്ടാക്കി. കരീത്ഗാവിൽ sisters നെ ആവശ്യമുള്ളതുകൊണ്ട് അവരെത്തന്നെയാണ് കൊണ്ടുപോയത്. ബസ്തറിൽ അധികം പ്രശ്നങ്ങൾ നേരിടേട്ടിവന്നിട്ടില്ല. ഞങ്ങൾ ഇവിടെ വന്നതിന്റെ പിറ്റേ വർഷം വലിയ ക്ഷാമം അനുഭവപ്പെട്ടു. അതു തരണംചെയ്യാൻ ഒരുപാട് foodന്റെ ആവശ്യം വന്നു. അതിന് എനിക്ക് സഹായിക്കാൻ സാധിച്ചു. അതുമൂലം എനിക്ക് ഒരുപാട് condact ലഭിച്ചു. എനിക്കധികം ബുദ്ധിമുട്ടൊന്നും തോന്നിയില്ല മിഷനുമായി മുന്നോട്ടുപോകാൻ. ജഗ്ദൽപൂരിനടുത്തുള്ള വില്ലേജുകളിലായിരുന്നു ഞാൻ പ്രവർത്തിച്ചുതുടങ്ങിയത്. അങ്ങനെ അമർഗാവ്, കൊപ്പഗുഡാ എന്നീ സ്ഥലങ്ങളിൽ എനിക്ക് നല്ല contact ഉണ്ടായിരുന്നു. അതുകൊണ്ട് അവിടെ നേരത്തേതന്നെ കുറേ സ്ഥലം മേടിച്ചിട്ടിരുന്നു. അവിടെ ഇപ്പോൾ DBS Sisters മിഷൻ പ്രവർത്തനം നടത്തുന്നു. തുടക്കത്തിൽ വൈദികരുടെ എണ്ണം കുറവായിരുന്നതിനാൽ കത്തീഡ്രൽ പള്ളിയിൽനിന്ന് മാറാൻ സമയം കിട്ടിയിരുന്നില്ല. എന്നാൽ കുറച്ചുകാലങ്ങൾക്ക് ശേഷം തോമസ് പൂതക്കുഴിയച്ചൻ ആ സ്ഥാനം ഏറ്റെടുത്തപ്പോൾ ഞാൻ കരീത്ഗാവിലും ചിവർഗാവിലും concentrate ചെയ്യാൻ തുടങ്ങി. ഞാൻ ആദ്യം ചെയ്തുകൊണ്ടിരുന്ന മിഷൻ food for work എന്ന പ്രോജക്റ്റിന്റെ ഭാഗമായിരുന്നു. അത് ഒരു നല്ല സംരംഭം ആണെന്ന് എനിക്ക് തോന്നിയിരുന്നു. അതിനുവേണ്ട Godown പണികളുമായി ഞാൻ മുൻപോട്ടുപോയി. അത് അന്ന് ആവശ്യവുമായിരുന്നു. കാരണം വരൾച്ചയുടേയും ക്ഷാമത്തിന്റേയും സമയത്ത് അത് വളരെ ഫലം ചെയ്തിരുന്നു.

**16. പിതാവേ അങ്ങയുടെ ദീർഘദൃഷ്ടിയുടെ ഫലമാണല്ലോ കരീത്ഗാവ് Mission Station. ഒരു ഉൾഗ്രാമത്തിൽ അങ്ങ് മിഷൻ തുടങ്ങാനുണ്ടായ പശ്ചാത്തലവും, മിഷന്റെ ആരംഭത്തിൽ അങ്ങ് നേരിട്ടിട്ടുണ്ടാവാനിടയുള്ള പ്രശ്നങ്ങളും ഞങ്ങളുമായി പങ്കുവയ്ക്കാമോ?**

Godown നോട് ചേർത്ത് 3 മുറികൾ പണിതാണ് അവിടെ താമസം തുടങ്ങയത്. അവരുടെ co-operation നിലച്ചപ്പോൾ ആ godown ഒരു convent ആക്കി മാറ്റുകയുണ്ടായി. 3 മുറികൾ ഒന്ന് അച്ചന് താമസിക്കാൻ, ഒന്ന് ചാപ്പൽ, മറ്റൊന്ന് dispensary. മുറികൾ പണിതുതരാൻ അവർ തയ്യാറായി. ആദിവാസികളുടെ സ്ഥലത്ത് villegers എല്ലാവരും കൂടിയാണ് പണിതുതന്നത്. ബ്രാഹ്മിൺസിന് എതിർപ്പില്ലായിരുന്നെങ്കിലും ഉള്ളിന്റെ ഉള്ളിൽ നമ്മളോട് അത്ര താൽപര്യം ഇല്ലായിരുന്നു. സ്ഥലം പക്ഷേ അവർ നല്ല താൽപര്യത്തോടെയാണ് തന്നത്. നാല് ഏക്കറോളം സ്ഥലം അവർ വിലക്ക് നമുക്ക് തന്നു. അതുകൊണ്ട് അവിടെയൊരു മേശേരീ സ്ഥാപിക്കാൻ നമുക്കുസാധിച്ചു. ആ mission മൂലം മറ്റ് വില്ലേജുകളിലേക്ക് പോകാനും അവരുമായി contact ൽ എത്താനും സാധിച്ചു. അന്ന് അവിടെ പാവപ്പെട്ടവരായുണ്ടായിരുന്നത് ഭദ്ര വിഭാഗത്തിൽപ്പെട്ടവരായിരുന്നു. അവരെ ഒരുപാട് സഹായിക്കാൻ സാധിച്ചു. MSMI Sisters ന് village ൽ സേവനം ചെയ്യണമെന്ന് ആവശ്യം ഉന്നയിച്ചതിനാലാണ് കരീത്ഗാവിൽ mission തുടങ്ങാൻ തീരുമാനിച്ചത്. നേരത്തേ ഉണ്ടായിരുന്ന godown ആദിവാസികളുടെ സ്ഥലത്തായിരുന്നു. എന്നാൽ അവിടെ ഒരു dispensary കൂടി പണിതതോടെ അവർ ആവശ്യമായി കണ്ടതുകൊണ്ട് എതിർത്തില്ല. അവിടെ നിന്നാണ് ചിവുർഗാവിലേക്ക് നീങ്ങുന്നത്. അവർക്ക് ഒരു സ്കൂളും dispensary ഉം ആവശ്യമാണെന്ന് അറിയിച്ചു. ഇക്കാര്യം Government നോട് ആവശ്യപ്പെട്ടപ്പോൾ കിട്ടിയില്ല. അപ്പോൾ ഞാനൊരു വ്യവസ്ഥ വച്ചു. ആ സ്ഥലത്ത് ഒരു സ്കൂളും മഠവും അച്ചന് താമസിക്കാൻ സൗകര്യവും അവർതന്നെ

ഉണ്ടാക്കിതരണമെന്ന്. അവർ അത് സന്തോഷത്തോടെ സ്വീകരിച്ച് പണിതുതന്നു. അങ്ങനെ അവിടെയൊരു mission station ന് തുടക്കമായി. Food for work ന്റെ മിച്ചമുള്ള പണമുപയോഗിച്ചാണ് ഞാൻ ചിവർഗാവിൽ സ്കൂളിന്റെയും മറ്റ് കാര്യങ്ങൾ നടത്തിയത്. ഏീല്യാിലിു സഹായിക്കാമെന്ന് വില്ലേജുകാരോട് പറഞ്ഞെങ്കിലും ഒന്നും ഉണ്ടായില്ല.

## 17. നോവിസ് മാസ്റ്റർ

**അങ്ങ് അനുധാവന നോവിഷ്യേറ്റിൽ ദീർഘ കാലം നോവിസ് മാസ്റ്ററായി സേവനം ചെയ്തിട്ടുണ്ടല്ലോ. ഒരു formator എന്നനിലക്ക് അങ്ങ് നേരിട്ടിട്ടുള്ള വെല്ലുവിളികൾ എന്തൊക്കെയാണ്?**

ദീർഘ കാലം ഇല്ലെങ്കിലും ഒരു ബാച്ചിന്റെ നോവിസ് മാസ്റ്ററായി ഞാൻ നിയമിതനായി. എന്റെ ആകെയുള്ള qualification നോവിസ് മാസ്റ്ററിന്റെ ഒരു course പഠിച്ചിരുന്നു എന്നതാണ്. നോവിസസിനെ പഠിപ്പിക്കുന്നതിൽ ഒന്നും ഞാൻ അത്ര വിദഗ്ധൻ അല്ലായിരുന്നു. ദൈവാനുഗ്രഹത്താൽ റോമിലെ പഠനം കഴിഞ്ഞ് P.G. course ന് പോകാനൊരുങ്ങി നിന്നിരുന്ന Br. ജെയിംസിന്റെ ജ്യേഷ്ഠൻ എനിക്ക് സഹായത്തിനായി കിട്ടി. അദ്ദേഹം നന്നായി ക്ലാസെടുക്കു മായിരുന്നു. ആ ബാച്ചിൽ എന്റെ students ആയിട്ട 18 പേർ ഉണ്ടായിരുന്നു. ജഗ്ദൽപൂരിന്റെ ഇപ്പോഴത്തേ പ്രോവിൻഷ്യാൾ ഫാ. ജോസി എന്റെ Student ആയിരുന്നു. Formation-നുമായി ബന്ധപ്പെട്ട് എനിക്ക് അധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നിട്ടില്ല. ഞാൻ നേരത്തേ പ്രോവിൻഷ്യൽ ആയിരുന്നപ്പോൾ ആ ബാച്ചുകാരെ കണ്ടിട്ടും പരിചയപ്പെട്ടിട്ടും ഉള്ളതുകൊണ്ട് എനിക്ക് എളുപ്പമായിരുന്നു അവരേ നോക്കാൻ.

**18. Formation കാലഘട്ടത്തിൽ അങ്ങ് സ്വീകരിച്ച നയമൊന്ന് വ്യക്തമാക്കാമോ?**

രണ്ടാഴ്ച്ചയിൽ ഒരിക്കൽ Spiritual conference നടത്തിയിരുന്നു. അതിൽ എല്ലാവരും സഹകരിച്ചതുകൊണ്ട് അധികം ബുദ്ധിമുട്ട് തോന്നിയില്ല. മുൻ നോവസ് മാസ്റ്റർ ചാന്ദയിലെ ലിഗോരി അച്ചനായിരുന്നു. അവിടെ ചൂട് കൂടുതലാണെന്ന് പറഞ്ഞ് അദ്ദേഹത്തിന് നാട്ടിലേക്ക് പോകണ്ടിവന്നു. ഉടനെ അന്നത്തെ ജനറാളച്ചനായിരുന്ന ഐക്കരയച്ചൻ എന്നോട് novice master ന്റെ Charge ഏറ്റെടുക്കാൻ പറഞ്ഞു. ബാച്ചിലുള്ളവരേ എനിക്ക് നേരത്തേ അറിയാമായിരുന്നതുകൊണ്ട് എളുപ്പമായിരുന്നു.

**19. ആടിന്റെ ചൂടുള്ള ഇടയൻ**

ജഗ്ദൽപൂർ രൂപതയുടെ ദ്വിതീയ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അങ്ങയുടെ മാനസികാനുഭവം എന്തായിരുന്നു?

എന്നെ മെത്രാനായി അംഗീകരിച്ചുകൊണ്ടുള്ള നുൻഷിയോയുടെ കത്ത് വായിച്ചപ്പോൾ എനിക്ക് അത്ഭുതമാണ് തോന്നിയത്. എനിക്കതിനുള്ള യോഗ്യതകൾ ഒന്നുമില്ലെന്നും ഡിഗ്രിയെന്നുപറയാൻ തിയോളജിയുടേത് മാത്രമേ ഉള്ളുവെന്ന് പറഞ്ഞ് ഞാൻ തിരിച്ച് കത്തെഴുതി. എനിക്കുപകരം മറ്റൊരാളെ നിയമിക്കണമെന്നും ഞാൻ കത്തിൽ എഴുതിയിരുന്നു. എല്ലാം അിറഞ്ഞുകൊണ്ടാണ് നിയമനമെന്നും പറ്റിയ ആളെത്തന്നെയാണ് കണ്ടുപിടിച്ചിരിക്കുന്നതെന്നും നന്മൻഷിയോ തിരിച്ച് വീണ്ടും കത്തയച്ചു. അതുകൊണ്ട് ത്യജിക്കാനുള്ള ന്യായമൊന്നും അതിലില്ലായിരുന്നു. എന്നെക്കാളും കഴിവും വിദ്യാഭ്യാസവുമുള്ള അച്ചൻമാർ ഉണ്ടായിരുന്നു. അവർക്ക് വിഷമമാവേണ്ടാ എന്ന് വിചാരിച്ചാണ് ഞാൻ കത്തെഴുതിയത്. എന്നാൽ ദൈവവിധി മിറച്ചായിരുന്നു.

**20. അങ്ങ് മെത്രാനായി ചുമതലയേറ്റ കാലഘട്ടത്തിലെ മിഷനും ഇന്നത്തെ അവസ്ഥയും തമ്മിൽ എന്ത് വ്യത്യാസമാണ് കാണാൻ സാധിക്കുക?**

മെത്രാനായതിന് ശേഷം പുതിയ മിഷനുകൾ അധികം തുടങ്ങിയതായി ഒർക്കുന്നില്ല. MPM Hospital തുടങ്ങിയത് ഞാൻ മെത്രാനായതിന് ശേഷമാണ്. St. Luke വേല evangelist, the patron of physicians ന്റെ ദിനത്തിൽ ആണ് ഞാൻ ആശുപത്രി ഉത്ഘാടനം ചെയ്തത്. പഴയത് തുടർന്നുകൊണ്ടുപോകണം എന്ന മനോഭാവമായിരുന്നു എനിക്ക്. അന്ന് നമ്മുടെ പ്രധാനമിഷൻ സ്കൂളുകൾ ആയിരുന്നുവല്ലോ. നേരത്തേ കുറേ Stations തുടങ്ങിയതുകൊണ്ട് പുതിയത് അത്യാവശ്യം ഇല്ലായിരുന്നു. അതിനുള്ള അച്ചന്മാരും ഇല്ലായിരുന്നു.

**21. വിരമിക്കലിന് ശേഷം എങ്ങനെയാണ് പുതിയ സാഹചര്യത്തോട് പൊരുത്തപ്പെട്ടത്? വിശ്രമജീവിതത്തിലേക്കുള്ള ഈ മാറ്റത്തെ എങ്ങനെ കാണുന്നു?**

വിരമിക്കലിന് ശേഷം മാർഡൂമിൽ കാവലം അച്ചന്റെ കൂടെ വിശ്രമജീവിതം നയിക്കാനാണ് ആഗ്രഹിച്ചിരുന്നത്. എന്നാൽ പ്രോവിൻഷ്യലച്ചൻ നോവിഷ്യേറ്റിലേക്ക് പോകാനും അവിടെ ആവശ്യമുണ്ടെന്നും പറഞ്ഞപ്പോൾനിരസിക്കൻ തോന്നിയില്ല. സന്തോഷത്തോടെ അംഗീകരിച്ചു. അതിന് വലിയ വിഷമം ഒന്നും ഇല്ലായിരുന്നു.മാർഡൂമിൽ കുറേക്കൂടി എകാന്തതയിൽ പ്രാർത്ഥിക്കണമെന്നായിരുന്നു വിചാരിച്ചിരുന്നത്. ഇവിടെയും കുഴപ്പമൊന്നുമില്ല. Adjust ചെയ്ത് പോകുന്നു. ഒരു സന്യാസിയുടെ ജീവിതത്തിന് അർത്ഥമുണ്ടാകുന്നത് superiors പറയുന്നത് അനുസരിക്കുമ്പോഴാണല്ലോ. എന്നെ നോവിഷ്യേറ്റിൽ ആവശ്യമുണ്ടെന്ന് പറഞ്ഞു. ഞാൻ സമ്മതിച്ചു. വിരമിക്കലും വിശ്രമജീവിതവും എനിക്കധികം വിശ്രമം തോന്നിച്ചില്ല കാരണം ഞാൻ അന്നും ഇന്നും സന്യാസിയായിതന്നെ ജീവിക്കുന്നു.

**22. സഭയിലെ അധികാരത്തോടും അധികാരികളോടുമുള്ള അങ്ങയുടെ സമീപനം എന്താണ്?**

അനുസരണം വ്രതമെടുത്താണല്ലോ ഓരോ സന്യാസിയും സഭയിൽ അംഗമാവുന്നത്. അതുകൊണ്ട് അധികാരികളെ അനുസരിക്കാൻ അവർ കടപ്പെട്ടിരിക്കുന്നു. പ്രോവിൻഷ്യളച്ചന്റെ orderകൾ അനുസരിക്കുക ഓരോർത്തരുടെയും കടമയാണ്. പ്രോവിൻഷ്യലച്ചൻ എന്നെ ഇവിടെ ആവശ്യമുണ്ടെന്ന് പറഞ്ഞപ്പോൾ മാർഡുമിനെപ്പറ്റി ചിന്തിക്കനേ പോയില്ല. അത് ശരിയാണെന്ന് തോന്നി.

**23. സഭയിൽ ഇനിയും സജീവമായി പങ്കാളിത്തത്തോടെ ജീവിക്കാൻ എന്തെങ്കിലും സാധ്യതയുണ്ടെന്ന് അങ്ങേക്ക് തോന്നുന്നുണ്ടോ?**

വിരമിക്കലിനു ശേഷം തിരിച്ചുവരാനുള്ള ഒരു ആശയം എന്റെ മനസിൽ ഉണ്ടായിരുന്നു. സന്യാസ സഭാംഗങ്ങളായ മെത്രാന്മാർ വിരമിക്കലിന് ശേഷം സഭയിലേക്ക് വരാതെ തനിച്ചു താമസിക്കുന്നതനോട് എനിക്ക് യോജിപ്പില്ല. അതുകൊണ്ടി ഞാൻ പ്രോവിൻഷ്യലച്ചനെ വിവരമറിയിച്ച് മാർഡൂമെന്ന സ്ഥലത്ത് പ്രവർത്തിക്കണമെന്നായിരുന്നു ആഗ്രഹിച്ചത്. എന്നാൽ അച്ചൻ എന്നെ ഇവിടേക്കയച്ചു. നോവിഷ്യേറ്റിൽ കുട്ടികളേ ഒർത്തിരിക്കാൻ പറ്റില്ല എന്നു പറഞ്ഞ് ടീം മെമ്പറല്ലാതെ കുമ്പസാരക്കാരൻ എന്ന ചുമതലയാണ് എനിക്ക് നൽകിയിരിക്കുന്നത്.

**24. ഛത്തീസ്ഗഢിൽ CMI മിഷന്റേയും ജഗ്ദൽപൂർ രൂപതയുടേയും ഭാവി സാധ്യതകൾ.അഞ്ച് പതിറ്റാണ്ടുകാലം മിഷനിൽചിലവഴിച്ച അങ്ങ് വ്യത്യസ്ത തലങ്ങളിൽ സഭയേ സേവിച്ചിട്ടുണ്ടല്ലോ. അങ്ങ് ജഗ്ദൽപൂരിലെ CMI മിഷനറിമാരുടെ സേവനങ്ങളേ എങ്ങനെ വിലയിരുത്തുന്നു?**

രൂപത വൈദികർ വന്നുകഴിഞ്ഞപ്പോൾ ഒരുതരം വടം വലി ഇങ്ങക വൈദീകരും രൂപത വൈദീകരും തമ്മിൽ തുടങ്ങി. രൂപത

വൈദികർക്ക് നമ്മൾ സ്കൂൾ നടത്തുന്നതിൽ അത്ര താൽപര്യം ഇല്ലാത്തതിനാൽത്തന്നെ ഒരുതരം conflict അനുഭവപ്പെട്ടു. ചാന്ദയിലും ഇതിന്റെ ഒരു ഉദാഹരണം കാണാം. മൂന്നാമത്തേ മെത്രാനെ തിരഞ്ഞെടുത്തപ്പോൾ അവിടെ Diocesan priest ന് തന്നെ സ്ഥാനം നൽകി. സാഗറിലും ഇതുതന്നെ ആവർത്തിച്ചു. നല്ല ബന്ധം CMI ക്കാർക്കും രൂപത വൈദീകർക്കും വേണം. എങ്കിൽ മാത്രമേ മിഷൻ ഒരു വിജയമാകൂ.

**24യ. ജഗ്ദൽപൂർ രൂപതയുടെ വളർച്ചക്ക് കൂടുതൽ സഹായിച്ചത് CMI അച്ചൻമാരുടെ പരിശ്രമമാണെന്ന് പിതാവിന് പറയുവാൻ കഴിയുമോ?**

തീർച്ചയായും. ആദ്യം നാം കുറച്ചുപേരെ മാത്രമേ ഇങ്ങോട്ടെടുത്തിരുന്നുള്ളു. പിന്നീട് ലോക്കൽ ആളുകളേ എടുക്കാതെ CMI യും രൂപതക്കാരും കേരളത്തിൽ നിന്ന് vocation നോക്കിയപ്പോൾ പൗളിനോസ് പിതാവ് പറഞ്ഞു Rome ൽ നിന്ന് ചോദ്യങ്ങളുണ്ടാവാൻ സാധ്യതയുണ്ടെന്ന്. അതുകൊണ്ട് local vocation നല്ലതെന്നും എല്ലാം ഒരുപോലെ പോകണമെന്നും. പിന്നെ CMI ക്കാർ ഉണ്ടായിരുന്നതുകൊണ്ടാണ് ശരിക്കും വികസനം ഉണ്ടായതും conversion നടന്നതും. ഒപ്പം Sisters ഉം സഹായിച്ചിരുന്നു. CMI ക്കാർ നേതൃത്വം നൽകിയതുകൊണ്ട് ശരിക്കും ഉന്നതിയും Tribal ആളുകൾ conversion നടത്താൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

**25. അടുത്ത 20 മുതൽ 50 വർഷത്തിനുള്ളിൽ ഉടലെടുക്കേണ്ട ജഗ്ദൽപൂർ മിഷനേ അങ്ങ് എങ്ങനെ നോക്കിക്കാണുന്നു? അങ്ങയുടെ കാഴ്ച്ചപ്പാടിൽ ജഗ്ദൽപൂർ രൂപതയും CMI നിർമ്മൽ പ്രവശ്യയും ഒറ്റക്കെട്ടായി നിർവഹിക്കേണ്ട പ്രേഷിത പ്രവർത്തനങ്ങളുടെ സാധ്യതകൾ എന്തെല്ലാമാണ്?**

അത് പ്രോവിൻഷ്യളച്ചനും രൂപതയുടെ ബഷപ്പും തമ്മിലുള്ള ധാരണ അനുസരിച്ചിരിക്കും അതിന്റെ വിജയം. ഇതിന്റെ

മറ്റൊരു വിജയ രഹസ്യം പരസ്പരം കൊടുക്കുകയും വിട്ടുവീഴ്ച്ചകൾ ചെയ്യുകയുമാണ്. സഹകരിച്ചു പ്രവർത്തിച്ചാൽ മിഷൻ കൂടുതൽ വിജയകരമായിരിക്കും. സഹകരണം എന്നു പറയുമ്പോൾ അകലങ്ങൾ സൂക്ഷിക്കാതെ ഒന്നിച്ച് പ്രവർത്തിക്കണം.

**26. ഉത്തരേന്ത്യയുടെ പശ്ചാത്തലത്തിൽ അനേകം മിഷനറിമാരേ വാർത്തെടുക്കുന്നതിൽ സജീവമായി പ്രവർത്തിച്ച് ജഗ്ദൽപൂർ രൂപതയെ അനേകവർഷം സേവിച്ച അങ്ങേക്ക് CMI സഭയിലേയും ജഗ്ദൽപൂർ രൂപതയിലേയും formation നോട് പറയുവാനുള്ള നിർദേശങ്ങൾ എന്തെല്ലാമാണ്?**

ഒരോ mission station ന്റെയും ഭഷയോടും സംസ്കാരത്തോടും നമ്മൾ കൂടിച്ചേരുക. ഭാഷ പഠിക്കുന്നതോടുകൂടി അവരുടെ customs പഠിക്കാൻ സാധിക്കും. അത് മനസിലാക്കിയാൽ അവരുമായി ഇടപെഴകാൻ സാധിക്കും. അവരുടെ customs അറിയാതെ പോയെങ്കിൽ അവരുമായി ഇടപെഴകാൻ പ്രയാസമായിരിക്കും. അങ്ങനെവന്നാൽ അവർ നമ്മേ അംഗീകരിക്കുകയില്ല നമ്മോടൊത്ത് ചേരാൻ വൈമുഖ്യം കാട്ടി എന്നും വരാം. അവരുടെ ഇടയിൽ സേവനത്തിന് പോകുന്നവർ അവരുടെ ഭാഷയും സംസ്കാരവും പഠിച്ചാൽ പുതിയ ബന്ധങ്ങൾ തുടരുവാൻ സാധ്യതകൾ ഉണ്ട്. ഭാഷയും സംസ്കാരവും കൂടുതൽ പഠിക്കാൻ ശ്രമിക്കുക.

**27. വ്യത്യസ്തമായ അനേകം മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജഗ്ദൽപൂർ നിർമ്മൽ പ്രവശ്യയിലെ അങ്ങയുടെ CMI സഹോദരങ്ങളോടുള്ള അങ്ങയുടെ ഉപദേശം എന്താണ്?**

ആദ്യമായി നമ്മുടെ ദൈവത്തിനോടുള്ള ഐക്യവും സ്നേഹവും ശക്തിപ്പെടുത്തുക. കാരണം മറ്റുള്ളവരുമായി പങ്കുവയ്ക്കണമെങ്കിൽ നമ്മുടെ കയ്യിൽ ഉണ്ടെങ്കിലേ നൽകാനാവൂ.

അല്ലാത്ത പക്ഷം അർത്ഥമില്ലാത്ത അവസ്ഥയാകും. നമ്മുടെ സന്യാസ പരിശീലനം നല്ല രീതിയിൽ ജീവിച്ചില്ലെങ്കിൽ ഐക്യം മനസിലാക്കാൻ സാധിച്ചില്ലെങ്കിൽ മറ്റുള്ളവർ നമ്മുടെ അടുത്തുവരാൻ അതായത് മതം മാറി നമ്മിൽ ചേരാൻ ആഗ്രഹിക്കില്ല. അതിനാൽ നമ്മുടെ കൈയ്യിൽ എന്തെങ്കിലുമുണ്ടെന്ന് നമ്മൾ ബോദ്ധ്യമാക്കിക്കൊടുക്കണം. നമ്മുടെ പ്രാർത്ഥനാ ജീവിതം കൊണ്ട് അവർക്ക് പ്രചോദനം നൽകണം. അതുവഴി അവർ നമ്മോട് ചേരാൻ ആഗ്രഹം പ്രകടിപ്പിക്കും. നമ്മുടെ പ്രവർത്തികൾവഴി അവർക്ക് നമ്മുടെ മതത്തേപ്പറ്റി പഠിച്ച് അതിൽ അവർക്ക് ചേരാൻ തോന്നും. ആത്മീയമായി എത്രത്തോളം വളരുന്നു എന്ന് നാം ജീവിതത്തിലൂടെ കാണിച്ചുകെടുക്കണം. അതുപോലെ കരിസ്മാറ്റിക് പ്രസ്ഥാനത്തിലൂടെ ജനങ്ങൾക്ക് ദൈവാനുഗ്രഹങ്ങൾ നൽകാൻ അവസരം നൽകണം. അതുകൊണ്ട് ജനങ്ങൾ ദൈവാനുഗ്രഹം കിട്ടുന്നിടത്തേക്ക് വരുവാൻ തുടങ്ങും.

**27യ. ഏതുമേഖലയിലാണ് നാം കൂടുതൽ പ്രശോഭിക്കേണ്ടത് എന്ന് അങ്ങേക്ക് പറയുവാൻ കഴിയുമോ?**

ആദ്ധ്യാത്മിക മേഖലയിൽ ഉയരണം. അതുവഴി മറ്റുള്ളവർ നമ്മേ പിൻചെല്ലുന്നവരാകണം.

**28. കേരളത്തിന് പുറത്തുള്ള അങ്കിൽ സീറോ മലബാർ സഭയുടെ പരിധിക്ക് പുറത്തുള്ള എല്ലാ CMI പ്രവശ്യകളോടുമുള്ള അങ്ങയുടെ ഉപദേശമെന്താണ്?**

ആദ്ധ്യാത്മികമായി ഉയരുക. ആഴമായ ദൈവൈക്യം, ദൈവവുമായുള്ള ബന്ധം സ്ഥാപിക്കുകവഴി അനേകരേ നമ്മിലേക്ക് ആകർഷിക്കാൻ കഴിയും. ഇതാണ് എല്ലാവരോടും എനിക്ക് പറയാനുള്ളത്. നമ്മുടെ ആദ്ധ്യാത്മികത മറ്റുള്ളവർ കണ്ടെങ്കിലേ അവർ നമ്മിലേക്ക് വരികയുള്ളു. കരിസ്മാറ്റിക്കുകാർ ദൈവൈക്യം വഴി അനുഗ്രഹങ്ങൾ സമ്പാതിക്കുകവഴി അല്ലെങ്കിൽ പ്രാർത്ഥനവഴി

മറ്റുള്ളവർക്ക് അനുഗ്രഹങ്ങൾ നൽകാൻ സാധിക്കുന്നത് ദൈവൈക്യത്തിൽ നിന്നാണ്. അതിനാൽ എത്രമാത്രം ദൈവൈക്യം ഉണ്ടാക്കുന്നോ അത്രമാത്രം നമ്മുടെ മിഷൻ പ്രവർത്തനം വിജയമായിരിക്കും.

**29. അങ്ങയുടെ കാഴ്ച്ചപ്പാടിൽ ആരാണ് ഒരു മാതൃകാ മിഷനറി സന്യാസ വൈദീകൻ?**

ചാന്ദാ പ്രവശ്യാംഗമായ ബ. കനീസിയൂസച്ചൻ എല്ലാവിധത്തിലും ആദ്ധ്യാത്മികമായി ഉയർന്ന വ്യക്തിയായിരുന്നു. ആളുകളുമായി നല്ല ബന്ധം പുലർത്തിയിരുന്നു. ശരിക്കും അദ്ധേഹത്തേ ഒരു മാതൃകയായി എടുക്കാവുന്നതാണ്. കാരണം സന്യാസ വൈദികനായുള്ള ജീവിതം ഒരു പരിധിവരെ വിജയകരമായിരുന്നു. അതിനുകാരണം ആദ്ധ്യാത്മികതയും ജനങ്ങളോടുള്ള താത്പര്യവുമായിരുന്നു. അതു തന്നെ നാം അനുകരിച്ചാൽ തീർച്ചയായും ആളുകൾ നമ്മേ അനുകരിക്കും.

( ജഗദൽപ്പൂർ പ്രവശ്യാധിപൻ ഫാ. ജോസി താമരശ്ശേരി അയച്ചുതന്നത് )

# Constructing a Century of Houses

The common adage says that in order that one be remembered by the next generation one should *have a Baby* or *write a Book* or *construct a Building*. A baby, book or building would remain a remnant with which the generation after you will remember you for a long time. Nevertheless it is rare that a person writes a hundred or more books. It is even rarer one parents hundred or more children. Then what should be told of a catholic priest who is instrumental in building more than 100 buildings – houses- in the mission diocese of Chanda.

**Fr. James Kurissery CMI**, a veteran religious missionary priest of CMI Congregation bears the unique distinction of having completed 'One Hundred and Thirteen' (113) houses in a village called Begar (Houseless) and its neighborhood villages as Kalmana, Daheli and Korti Thukum. Originally Begar is the part of another village, Bamni where we have the CMI Provincial House of Mar Thoma Province situated. The villagers in acute poverty doing all kinds of menial jobs stay in this part of Bamni Village, and the locality is known as Begar.

Fr. James had been living in Bamni since 1998. After completing his stint as parish priest of Aksapur Parish Fr. James was sent to Bamni in 1998 by the then provincial Fr. Mathew Kaniamparampil. He was sent to Bamni to work out a "Frontier Ministry" of opening a Language Institute and Cultural Center, which was a long cherished dream of the province. Kalaniketan, the language institute was started on 14th April 2000. It is to be admitted that the recipients of the programmes of Kalaniketan was often the elite of the society who could afford many of the cultural training. Fr. James had an ever vigilant eye on those people in the other side of the village, who were living in inhuman conditions and in severe poverty.

Did the clumsy hutments at the other side of the village pain Fr. James who was living in a rather cozy and comfortable residence that a member of CMI Congregation is entitled to enjoy? Was he disturbed by what God said through prophet Haggai? "Is it a time for you yourselves to live in your paneled houses, while this house lies in ruins?"(Haggai 1: 4)

He started the housing project in the village in 2007. In a decade he has been successful in housing more than a century of families. In a span of 51 years of priesthood Fr. James has served in Meckenheim and Heiligenhaus, parishes in Germany from 1984 to 1990. In helping the needy and poor families in Begar village, Fr. James has been able to capitalize the generosity and benevolence of the parishners of Meckenheim and Heiligenhaus and also tapping the local resources.

The *modus operandi* of his activity in the village is not limited to housing project alone. Fr. James is actively involved in various other activities which can bring individual and social changes in the village. It includes helps in study, helps in making individuals employable by learning one or other trade, social awareness programmes against social evils, tuition classes, providing study kits, occasional picnics et al. in the village he has provided place and provisions to run regular tuition classes on a regular basis. On every Saturdays children of the village flock to the provincial house premise, where Fr. James lives since 1998, to study, sing and dance. He has arranged here playing materials, song and dance classes for their benefit. Thus he has been able to make available various arts and literary programmes which would have been normally inaccessible to them. In a decade he has been able to transform the inhuman situation of the village into a village where people live in human dignity. Some raise their eyebrows at Fr. James for the fact that the beneficiaries of his goodwill are not Catholics (alone). It does not deter him. Only condition of being the recipient of his magnanimity is *Being Human*. He does not discriminate his service based on religion, cast, creed, language, sex or age. He sees in people the incarnated God. *Ecce Homo!* When God was presented to the people He was wounded, bruised and bound. Despite having wounds and bruises Jesus was God. Similarly Fr. James is able to see God in wounds and bruises – whether of poverty, ignorance, nakedness, sickness - of people. If the purpose of incarnation was establishment of the Kingdom of God, through individual and social transformation Fr. James is loyal to his Master, who has sent him for the establishment

of Kingdom of God. Fr. James has transformed the lives of individuals and society extensively.

This unusual achievement of transforming a village remains unsung and uncelebrated. Yet, it does not prevent Fr. James to go ahead. He does not regard constructing 113 houses as an achievement he has arrived at. He is still agile and active as a teenager even at the age of 79. His daily routine includes driving his jeep to the village by himself, identifying the beneficiary of the next house to be constructed, supervising the house work already at hand, overseeing all the other activities in the village and what not!!! He is not tired. He is not reluctant. He believes that he has better things to do.

**Anish Palathinadiyil CMI**
**9284149378**

# കണ്ണിൽ ചോരയില്ലാത്ത കാര്യസ്ഥന്മാർ

ഫാ ജോൺ വിയാനി

ഞങ്ങളുടെ വാർഷികധ്യാനം ഒക്ടോബർ മാസത്തിലായിരുന്നു. ജോസ് തോട്ടത്തിലച്ചനും, തോമസ് കളമ്പാട്ടച്ചനും ഞാനും ഗ്രൂപ്പിലുണ്ടായിരുന്നു. ഒരു OMI ( Oblates of Mary Immaculate ) വൈദികനായിരുന്നു പ്രസംഗകൻ. 'കളിമൺ പാത്രങ്ങൾ' എന്നതായിരുന്നു ധ്യാനത്തിന്റെ മുഖ്യചിന്താധാര. മൂന്നു വർഷംതന്നോടു സഹവസിക്കുക; തന്റെ കുരിശിന്റെ രുചിയറിയാൻ ആ നാളുകൾ പ്രയോജനപ്പെടുത്തുക; കുരിശിനെ കൃപയാക്കിപകർത്തി, കൃപാവരം ചൊരിയാൻ വേണ്ടി ലോകത്തിലേക്ക്യക്കപ്പെടുക എന്നിവയായിരുന്നല്ലോ ഈശോ നേരിട്ടു തിരഞ്ഞെടുത്ത കളിമൺപാത്രങ്ങളുടെ മുഖ്യധർമ്മം. ഇതു പറഞ്ഞുവന്നപ്പോഴാണ്ു ചിലകളിമൺ പാത്രങ്ങളുടെ കഥ ഓർമ്മയിൽ വന്നത്ു.

നാട്ടിലെവിടെയെങ്കിലും അരുതാത്ത ഒരു കാര്യം സംഭവിച്ചെന്നു കരുതുക. നിശബ്ദതയുടെ ഗോപുരത്തിൽ ( Tower of Silence ) മൃതശരീരം വെയ്ക്കപ്പെടുമ്പോൾ കഴുകന്മാർ പറന്നെത്തുംപോലെ, മീഡിയാക്കാർ അവിടെയെത്തും. മാനത്തു പറക്കുന്ന നരമാംസഭോജികൾ എങ്ങനെയീചലനമറ്റ ശരീരത്തിന്റെ സാന്നിദ്ധ്യമറിയുന്ന്ു? എവിടന്നാണീ ആർത്തിപെരുത്ത പറവകൾ വന്നുകൂടുക? ഈവക ചോദ്യങ്ങൾക്കൊന്നിനും വ്യക്തമായ ഉത്തരം ഇല്ലായിരിക്കാം. പ്രതികരണശേഷിതെല്ലുപോലും അവശേഷിക്കാത്ത ശവശരീരത്തിലെത്തുന്ന ഗഗനചാരികൾക്കു, ജഢത്തിന്റെ കണ്ണെന്നോ കവിളെന്നോ ഉള്ള പരിഗണനയൊന്നുമില്ല. നഖം കോർത്തും, കൊത്തിവലിച്ചും നിസ്സഹമായ ശവത്തിന്റെ അവയവങ്ങൾ ആ പക്ഷികൾ കൊച്ചുനുറുക്കുകളാക്കും. അതുകൊണ്ടവ സ്വന്തം വയറുനിറയ്ക്കും. പറ്റാവുന്നതിന്റെ പരമാവധി തിന്നുകഴി

ഞ്ഞാൽ, അസ്ഥിപഞ്ചരം അവിടെയുപേക്ഷിച്ചിട്ട് ആ പെരുംപരുന്തുകൾ പറന്നകലും. അവരുടെ ആവശ്യം കഴിഞ്ഞു; ഇനി ആ എല്ലിൻക്കൂട്ടത്തിനു എന്തുസംഭവിക്കുന്നു എന്നോ, അവിടെകിടന്നാൽ അതു പകർച്ചവ്യാധികൾക്കു വഴിയൊരുക്കാമെന്നോ ഒന്നും ചിന്തിക്കേണ്ട കാര്യം അവർക്കില്ല. സ്വന്തം ആർത്തിയടക്കി; അവ പറന്നകന്നു.

മീഡിയാകളുടെ ഗതിയും ഏറിയകൂറും ഇങ്ങനെയൊക്കെയാണല്ലോ. അരുതാത്തകാര്യം നടക്കുമ്പോൾ, ഒരു വൈദികന്റ് അല്ലെങ്കിൽ സഹോദരിക്ക്, അതുമായി വല്ല പുലബന്ധമെങ്കിലുംമുണ്ടെന്നുവന്നാൽ (വരുത്തിയാലും) മീഡിയാകളുടെ വിരൽപാടുകൾ അവരുടെ വിവരങ്ങളിൽ വളരെയാഴത്തിൽ പതിയും. ദുഖം നിമിത്തം ഇരയുടെ കരളിൽ കിനിയുന്ന ഓരോ തുള്ളിചോരയും, കണ്ണിൽ നിന്നടരുന്ന ഓരോ കണ്ണീർകണവും അനുവാചകന്റെ മനസ്സിൽ ചാലുകീറാൻ മാത്രം വികാരഭരിതമായിരിക്കും വർണ്ണനകൾ. പാവം മനുഷ്യനുകാലിടറുന്നു; ഇരകൾ പീഡിപ്പിക്കപ്പെടുന്നു; പീഡകരെ മീഡിയാകൾ കുരിശിൽ തറയ്ക്കുന്ന്. കവി പാടിയതുപോലെ,

“മരിച്ചിടും മർതൃതയെന്തിനാണോ
കരഞ്ഞിടാനും കരയിച്ചിടാനും”

എന്നതായിരിക്കുമോ നമ്മുടെയൊക്കെ ജീവിതം.വി. മത്തായി എഴുതിയ സുവിശേഷത്തിലെ, രാജസദസ്സിൽ വിരുന്നിനു പോയവന്റെ ഗതി ഓർത്തുപോകുന്നു (മത്താ 22:13). അയാൾക്ക് കല്യാണവസ്ത്രമുണ്ടായിരുന്നില്ല. രാജാവിന്റെ പ്രതികരണമോ? അയാളെ, കൈകാലുകൾ കെട്ടി പുറത്തുള്ള ഇരുട്ടിലേക്കെറിയുക; സേവകന്മാർക്കദ്ദേഹം ആജ്ഞ കൊടുത്തു. ആ രാജശാസനം ക്രൂരമാണെന്നുതോന്നുന്നുണ്ടോ? ഒരു ഭരണകർത്താവിന്റെ കാർക്കശ്യമാണോ ആ കല്പനയിൽ തെളിഞ്ഞുകാണുക? അല്ലെങ്കിൽ ഒരു പതിതൻ പ്രകടമാക്കുന്ന ആരോഗ്യകരമല്ലാത്ത കുറ്റ ബോധമോ? അതോ സ്നേഹത്തിന്റെ കാണാപ്പുറമൊ?

ഈശോ ഒരിക്കൽ യഹൂദന്മാരോടു പറഞ്ഞു, ഞാനായി രിക്കും നിങ്ങളെ വിധിക്കുന്നത്; ദൈവത്താലയ്ക്കപ്പെട്ടവനെന്നു നിങ്ങൾ വിശ്വസിക്കുന്ന മോശയും അദ്ദേഹം നിങ്ങൾക്കു പറഞ്ഞു തന്ന ദൈവികവചനങ്ങളുമായിരിക്കും നിങ്ങളെക്കുറിച്ചുവിധിയെഴു തുക.(യോഹ.5: 45 - 47) എന്നുപറഞ്ഞാൽ, ദൈവകല്പനകളുടെ ജൂറി നിശ്ചയിക്കുന്ന തീരുമാനം ഈശോ എന്ന വിധിയാളൻ അംഗീകരിച്ചുറപ്പിക്കുക മാത്രമായിരിക്കും വിധിദിവസം സംഭവിക്കുക എന്നാണല്ലൊ നമ്മൾ ആഗ്രഹിക്കുന്നത്.

സ്നേഹം എന്തെന്നു വിശദീകരിച്ചുകൊണ്ട് പൗലോസ് ശ്ലീഹാ കൊറിന്ത്യലെ സഭയ്ക്കെഴുതി (1 കൊറി. 13: 12,10 ) കണ്ണാ ടിയിൽ കാണുന്ന പ്രതിഫലനംപോലെ, തുച്ഛമായ ഒരംശം അഥവാ നിഴൽ മാത്രമാണു സ്നേഹത്തെക്കുറിച്ചു ഇന്നു നമ്മൾ മനസിലാ ക്കുന്നത്. എന്നാൽ, ഒരുദിവസം വരും; അന്നു നമ്മൾ സ്നേഹ ത്തിന്റെ തനിനിറമറിയും. അതാണുനിലനിൽക്കുന്നസ്നേഹം.

കല്ല്യാണവസ്ത്രമില്ലാതെ രാജകീയ വിരുന്നിനു വന്നവന്റെയ രികിൽ രാജാവുവന്നുനിന്നു; അവനോടു സംസാരിച്ചു അയാൾ കൊട്ടാരത്തിലെ തീൻമേശക്കരികിൽ എത്തിയതിനു പിന്നിലുള്ള കഥ മുഴുവൻ അയാളപ്പോൾ ഓർത്തു. ഔദ്യോഗിക ക്ഷണം കിട്ടിയ വർ അതുനിരസിച്ചതിന്റെ ചരിത്രവും, വഴിയിലലഞ്ഞുനടന്നിരുന്ന തനിക്ക് കൈവന്ന അസുലഭാവസരവും, അതിനിടയാക്കിയ രാജാ വിന്റെ ഹൃദയവിശാലതയുമൊക്കെ, അന്നേരമാണ് അയാൾ നേർക്കുനേർകാണുന്നത്. രാജാവിന്റെ സ്നേഹത്തിന്റെ ആഴവും പരപ്പും അയാൾക്കുബോധ്യം വന്നനിമിഷമായിരുന്നു അത്. ഏതു തിരഞ്ഞെടുക്കണം എന്ന്നിങ്ങൾ തീരുമാനിക്കുവിൻ ( ജോഷ്വ 24:15) എന്ന ദൈവവചനം അയാൾ അന്നേരമോർമ്മിച്ചുകാണും. വാക്കു കളുടെ സമ്പൂർണ്ണാർത്ഥത്തിൽ അയാൾ ആഗ്രഹിച്ച ദൈവവചനം (രാജാവല്ല) അയാളെക്കുറിച്ച് നിശ്ചയിച്ച വിധി, അതിന്റെ പൂർണ്ണ തയിൽ അയാൾ മനസ്സിലാക്കിയ നിമിഷമായിരുന്നത്.

രാജകല്പനയെന്നുപറഞ്ഞാലും, അയാൾ സ്വയം സമ്പാദിച്ച വിധി എന്നയാൾക്കുവ്യക്തമായി ബോധ്യം വന്ന കാര്യമായിരുന്നു അത്. സ്വയം തിരഞ്ഞെടുത്ത വിധി അയാൾ നടപ്പാക്കുകമാത്രമായിരുന്നു.

അതാണല്ലോ വേദസാക്ഷികളുടെ കഥയും, പൗലോസ് ശ്ലീഹാ എഫേസൂസിലെ സഭയ്ക്കെഴുതിയതുപോലെ (3:18) സ്നേഹത്തിന്റെ ഉയരവും ആഴവും നീളവും വീതിയും കണ്ടവരാണല്ലോ അവർ. അന്ത്യോക്യായിലെ മെത്രാനായിരുന്ന വേദസാക്ഷിയായ വി. ഇഗ്നേഷ്യസ് (+107) പറഞ്ഞിരുന്നു, ദാഹശമനത്തിന് എനിക്കു മിശിഹായുടെ തിരുരക്തം കിട്ടണമെന്നാണാഗ്രഹം; അതാണല്ലോ അവിടുത്തെ അനശ്വരമായ സ്നേഹം. നാല്പതുവർഷം മെത്രാനായിരുന്നിട്ട് ഒടുവിൽ ചക്രവർത്തിയുടെ കല്പനയനുസരിച്ച് സിംഹങ്ങൾക്കു തീറ്റയാക്കാൻ വേണ്ടി അദ്ദേഹത്തെ റോമിലേക്കു കൊണ്ടുപോയി. ഒരു ഗോതമ്പുമണിയായ ഞാൻ പോകട്ടെ, സഹോദരന്മാരെ; വന്യമൃഗത്തിന്റെ വായിൽപെട്ടു ഞാൻ ആദ്യം പൊടിയാകും, പിന്നെ തിരുനാഥന്റെ അപ്പമായും മാറികൊള്ളും എന്നായിരുന്നു അദ്ദേഹത്തിന്റെ യാത്രാമൊഴി.

കുടുംബം മുഴുവൻ ഈജിപ്റ്റിൽ, ജോസഫിന്റെ സമരക്ഷണയിലായിരുക്കുമ്പോഴാണ് യാക്കോബിന്റെ മരണം. അപ്പൻ പോയിക്കഴിഞ്ഞപ്പോൾ, ജോസഫിന്റെ സഹോദരന്മാർക്കു സുരക്ഷിതബോധം നഷ്ടപ്പെട്ടു. അവരായിരുന്നല്ലോ ജോസഫിനെ അടിമയായി വിറ്റത്. സാഹചര്യം മനസ്സിലാക്കിയ ജോസഫ് സഹോദരന്മാരോടു പറഞ്ഞു, എന്നെ ഇല്ലായ്മചെയ്യണമെന്ന തിന്മയായിരുന്നു നിങ്ങൾക്കു മനസ്സിലുണ്ടായിരുന്നത്; എന്നാൽ, ഇന്നു നമ്മൾ കാണുന്നതുപോലെ, ഒരു ജനത മുഴുവന്റെയും നിലനില്പിനു നമ്മൾ ഉപകരണമായിത്തീരണം എന്ന നന്മയായിരുന്നു അതിന്റെ പിന്നിൽ ദൈവത്തിനുണ്ടായിരുന്ന പ്ലാൻ ( ഉല്പത്തി 50:20 ). കണ്ണിൽചോരയില്ലാത്തവരായി കാണപ്പെടുന്ന കാര്യസ്ഥന്മാരോ, മീഡിയാകളോ, നമുക്കു തിന്മവരാൻ പാകത്തിലായിരിക്കാം പെരുമാറുക. പക്ഷെ,

അവരൊക്കെ, ദൈവം നമ്മുടെ സുരക്ഷിതത്വത്തിനു വേണ്ടി, വിളകളുടെയോ, വളർത്തുമൃഗങ്ങളുടെയോ സംരക്ഷണത്തിനുവേണ്ടി ഏർപ്പാടാക്കുന്ന മുൾവേലികളാണ്. ലക്ഷ്യം നേടണമെങ്കിൽ, മുള്ളുകൾ കടുത്തുകൂർത്തവ തന്നെയായിരിക്കണം. കമ്പിവേലിയിലെ മുള്ളുകളിൽ തേൻ പുരട്ടിയാൽ, അതു വഞ്ചിക്കാൻ വേണ്ടിയാണല്ലോ. അതിന്റെ രഹസ്യം ഗ്രഹിച്ചത്് കൊണ്ടായിരുന്നില്ലേ, തീച്ചൂളയിലെറിയപ്പെട്ട മൂന്നു കൗമാരപ്രായക്കാർ ( ദാനിയേൽ 3:60 ) ആളിക്കത്തുന്ന തീയേ, മാംസം കരിയാക്കുന്ന ചൂടെ, കർത്താവിനെ സ്തുതിക്കുവിൻ എന്നകീർത്തനം പാടിയത്്.

കല്യാണവസ്ത്രമില്ലാതെ രാജകീയവിരുന്നിനുപോയവനും, വേദസാക്ഷികളും, കളിമൺ പാത്രങ്ങളും ചെന്നു നില്ക്കുന്നത്് ഒരിടത്താണ്്, സ്നേഹത്തിന്റെ കാണാപ്പുറം കൺകുളിർക്കെ കാണുന്നിടത്ത്്.

# *മാറ്റങ്ങളും - ദൈവപരിപാലനയും*

ഫാ. ജെയിംസ് മഠത്തികണ്ടം സി. എം. ഐ

'വാച്ചടത്തം ഒതുങ്ങിപാർക്കാൻ' ആഗ്രഹിച്ച നമ്മുടെ ആദ്യ പിതാക്കന്മാരായ പാലയ്ക്കൽ തോമാമല്പാനച്ചനും, പോരൂക്കര തോമാ മല്പാനച്ചനും, മാറേലിയൂസ് മെത്രാനച്ചനെകണ്ട് ഒരു ദർശന വീടിനുവേണ്ടി അനുവാദം ചോദിച്ചപ്പോൾ 'അല്പം വല്ലതും തിരിയുന്ന നീങ്ങൾ ഒന്നു രണ്ടു പേരുള്ളത് മിണ്ടടക്കമായി വാച്ചടത്തം ഒതുങ്ങി പാർത്താൽ പിന്നെ ലോകരെ പഠിപ്പിക്കാൻ ആരെന്നും നിങ്ങൾക്ക് മനസ്സുണ്ടെങ്കിൽ ഒരു കൊവേന്തവയ്പിൻ' എല്ലാവർക്കും ഉപകാരമുണ്ടാകുമല്ലോയെന്നും അഭിപ്രായപ്പെട്ടു.

അങ്ങനെ ദർശനവീടുണ്ടാക്കാൻ ജനവാസം കുറഞ്ഞ ഉയർന്ന കുന്നോ മലയോ വേണമെന്നായിരുന്നു പൊതുആശയം. ധാരാളം ശുദ്ധജലം ഉണ്ടായിരിക്കണം, വഞ്ചിയും വണ്ടിയും വന്നടുക്കണം. നല്ല പ്ലാനും പദ്ധതിയോടുംകൂടി അന്വേഷിച്ച് അവസാനം മാന്നാനം കരയിൽ ഓലൻകണ്ണാമുകൾ എന്ന കുന്ന് ദർശനവീടിനായി തിരഞ്ഞെടുത്തുവെന്ന് മെത്രാനച്ചനെ അറിയച്ചപ്പോൾ ഉടനെ തന്നെ മരം കൊണ്ട് ഒരു കുരിശ് തീർത്ത് വെഞ്ചരിച്ച് കരക്കാരെയും വരുത്തി സ്ഥാപിക്കാൻ കല്പിച്ചു. അങ്ങനെ നാട്ടപ്പെട്ട കുരിശിൽ നിന്ന് ഉയർത്തപ്പെട്ട ബേസ്റൗമ്മായിൽ സി. എം.ഐ സഭയുടെ ആദ്യ ആശ്രമവും പള്ളിയും രൂപപ്പെട്ടു.

പോരൂക്കരയച്ചനും ചാവറയച്ചനും മാറി മാറി അതിരമ്പുഴ ചെന്ന് രാത്രി കഴിച്ച് പ്രഭാതത്തിൽ കുർബ്ബാന ചൊല്ലി വീണ്ടും മാന്നാനം കുന്നിൽ കയറി പണിക്കാരോടുക്കുടി ആശ്രമം പണി നടത്തി. മൗറേലീയൂസ് മെത്രാനച്ചൻ തിരികെ പോകുകയും

പ്രെംസീസ്ക്കു മെത്രാപ്പൊലീത്താച്ചൻ അധികാരമേല്ക്കുകയും ചെയ്തപ്പോൾ തെക്കൻ പള്ളിപുറത്തു പള്ളിയുടെ വികാരിയായി ചാവറപ്പിതാവിനെ മെത്രാനച്ചൻ നിയോഗിച്ചു. പണി മുഴുവൻ മുടങ്ങും ആരും മാന്നാനത്തു പാർത്ത്ു പണികളുടെ ചുമതല ഏറ്റെടുക്കാൻ ഇല്ലല്ലൊയെന്നു കരുതി ചാവറപ്പിതാവ് മെത്രാപ്പോലീത്തായെ സങ്കടം അറിയച്ചപ്പോൾ കല്പന കേൾക്കണം എന്നുമാത്രം മെത്രാപ്പോലീത്താ പറഞ്ഞു. സങ്കടം ആവർത്തിച്ചപ്പോൾ തന്നിഷ്ടംപോലെ ബോധിച്ചടത്തു നടക്കണം മേല്പട്ടക്കാരെന്റെ ചൊൽവിളി പിടിച്ചില്ലയോ എന്ന് ശാസിച്ചപ്പോൾ കല്പന അനുസരിച്ച് ചാവറപ്പിതാവ് പള്ളിപുറത്ത് വന്നു വികാരിയായി ഭംഗിയായി പ്രവർത്തിച്ചു. ഇതായിരുന്നു ചാവപിതാവിന്റെ ആദ്യ സ്ഥലം മാറ്റം. ഈ അവസരത്തിൽ പോരുക്കര അച്ചനെയും കൊല്ലം രൂപതയിൽ കായംകുളം പിള്ളതോപ്പ് പള്ളിയിലേക്ക് സ്ഥലം മാറ്റി. പോരൂക്കര അച്ചൻ ഉടനെതന്നെ പാലയ്ക്കൽ മല്പാനച്ചന്റെ അടുക്കൽ ചെന്ന് പ്രശ്നം അവതരിപ്പിച്ചു. മാന്നാനത്ത് ആശ്രമം പണി ആകെ നിലച്ചു. അവരുടെ പ്രതീക്ഷകൾ തകർന്നു. പാലയ്ക്കൽ മല്പാനച്ചൻ പോരൂക്കരയച്ചനോട് പറഞ്ഞു, മേല്പട്ടക്കാരുടെ കല്പന ദൈവചത്തിന്റെ തിരുമനസാകയാലും, നമ്മുടെ ചൊൽവിളി പരീക്ഷിക്കാനായിട്ട് കല്പിച്ചതാകമെന്നതു കൊണ്ടും യാതൊരു സങ്കടവും പറയാതെ പോകണമെന്ന് പറഞ്ഞപ്പോൾ അങ്ങനെയെന്നു പറഞ്ഞു പോരൂക്കരയച്ചൻ കണ്ണുനീരോടെ യാത്രയാകുകയും  അവിടെ ചെന്ന് പള്ളികളിൽ വികാരിയുടെ ജോലി ഭംഗിയായി നിർവഹിക്കുകയും ചെയ്തു.

ഇങ്ങനെ നമ്മുടെ പിതാക്കന്മാർ അധികാരികളെ അനുസരിച്ച് ജീവിച്ച ആത്മിയ,സമ്പത്താണ് നമുക്ക് കൈമാറിയ അനുസരണത്തിന്റെ പൈതൃകം. പിതാക്കന്മാരുടെ സ്ഥലംമാറ്റം ദൈവപരി

പാലനയിൽ എല്ലാം ഗുണമായിതീർന്നു. രണ്ടുപേരും വീണ്ടും ആ വർഷത്തിനു ശേഷം മാന്നാനത്ത് പണികൾ നടത്തുവാൻ നിയോഗിക്കപ്പെട്ടു. പോരൂക്കരയച്ചന്റെ കൊല്ലത്തേക്കുള്ള സ്ഥലം മാറ്റം, തിരിച്ചുവന്നപ്പോൾ ഏറെ ഗുണമായി തീർന്നു. കൊല്ലത്തു നിന്ന് നല്ല മരപ്പണിക്കാരെയും കല്പ്പണിക്കാരെയും പരിചയപ്പെട്ടതു കൊണ്ട് അവരെ കൊണ്ട വന്ന് പള്ളി നടയുടെയും ആശ്രമത്തിന്റെയും പണികൾ ത്വരിതഗതിയിൽ നടത്താൻ കഴിഞ്ഞു. മാത്രമല്ല പാലയ്ക്കൽ അച്ചന്റെയും പോരൂക്കര അച്ചന്റെയും പുണ്യതീക്ഷ്ണതയും സ്നേഹവും കൂട്ടായ്മയും ഒന്നിച്ചുള്ള വാസവും ശ്കതിപ്പെട്ടു. നാളാഗമം ഒന്നാം വാല്യം പേജ് 32-33 -ൽ പറയുന്നു: "ഇങ്ങനെ പോരൂക്കര അച്ചന്റെ അധികമായ എരിവാൽ മൂന്നു നേരമായിട്ടു 153 മണിയും, വ്യാകുലം, യൗസേപ്പു പുണ്യജപം, വെന്തിങ്ങ ഇങ്ങനെയുള്ള ജപങ്ങളും, ഞായറാഴ്ച്ച ഉച്ചയിൽ പാട്ടുപൂജയും, പിന്നെ കൊന്ത ഇങ്ങനെ ഇടകൊടുക്കാതെയുള്ള ഈ വേലയും, വല്യനോമ്പിൽ ഹുദറാനമസ്ക്കാരവും, വെള്ളിയാഴ്ച്ച മൂന്നു മണി കഴിഞ്ഞാൽ മലയുടെ താഴെ തുടങ്ങി 14 പാസിന് 14 കുരിശുനാട്ടി ഏവരും കൂടിയുള്ള വിയാസാക്ര വലിയ വിയാ തന്നെ, ആ കല്ലുകളുടെ ഇടയിൽ, ഗാഗുൽത്താകരേറി എന്നതു പറയുമ്പോൾ മലമുകളിൽ കേറും, ഇങ്ങനെയുള്ള ഈ വിയാസക്ര കേട്ടു അതിരമ്പുഴ പുന്നപ്ര, കുടമാളൂർ, കൈപുഴ ഇങ്ങനെയുള്ള ഇടവകളിൽ നിന്ന് ഭക്തിക്കാര് എത്തും."

ദൈവപദ്ധതിയനുസരിച്ച് വലിയ ഒരു ആത്മീയ മുന്നേറ്റം പിതാക്കന്മാർക്ക് സൃഷ്ഠിക്കാൻ ഇതു കാരണമായി. ഇതു തന്നെയല്ലെ അമലോത്ഭവദാസസംഘം രൂപപ്പെടാൻ കാരണവും സഹായവും.

1855-ൽ നമ്മുടെ സഭയിൽ ആദ്യമായി വ്രതം അനുഷ്ഠിക്കാൻ അനുവാദം ലഭിച്ചപ്പോൾ 22 അംഗങ്ങൾ ഇതിനായി ധ്യാനിച്ച് ഒരുങ്ങി. എന്നാൽ 11 പേര് മാത്രമാണ് വ്രതം ചെയ്യാൻ മുന്നോട്ട് വന്നത്. 11 പേര് പിൻവാങ്ങി. നേർ പകുതി അംഗങ്ങൾ മനം മാറ്റിയപ്പോൾ ചാവറയച്ചന്റെ ഉത്തരവാദിത്വംനിറഞ്ഞ ഹൃദയം നൊമ്പരപ്പെട്ടു. എങ്കിലും ഇങ്ങനെ മാറി നില്ക്കുന്നവരെ പറ്റി ആകുലപ്പെടേണ്ടായെന്ന് മെത്രാപ്പോലീത്ത അറിയിച്ച് ചാവറയച്ചനെ ആശ്വസിപ്പിച്ചു. ദൈവതിരുമനസ്സു നടക്കും, നടത്തും എന്ന ദൈവ പരിപാനയിലുള്ള വിശ്വാസം ചാവറയച്ചനിൽ ശക്തിപ്പെട്ടു.

വാസസ്ഥലമാറ്റത്തിൽ പിതാക്കന്മാർ പ്രകടിപ്പിച്ച ദൈവപരിപാലനയിലുള്ള ആശ്രയം അനുകരണീയമാണ്. 66 വർഷം മാത്രം ജീവിച്ച ചാവറപിതാവ് 59-ാം വയസ്സിൽ രോഗബാധിതനായിരുന്നിട്ടും വരാപ്പുഴ മെത്രാപ്പോലിത്തായുടെ ആഗ്രഹമനുസരിച്ച് മാന്നാനം ആശ്രമത്തിൽ നിന്ന് കൂനമ്മാവിലുണ്ടായിരുന്ന ആശ്രമത്തിലേക്ക് സ്ഥലം മാറ്റം സന്തോഷപൂർവ്വം സ്വീകരിച്ചു. 33 വർഷം മാന്നാനം കുന്നിൽ അദ്ധ്വാനിച്ചു. ആരംഭകാലത്ത് കാടുവെട്ടാനും സ്ഥലം തെളിക്കാനും ജോലിക്കാരോടൊപ്പം ഉണ്ടായിരുന്നു. പലതരം കൃഷികൾ കുന്നിനു മുകളിൽ ചെയ്തു വിളഭൂമിയാക്കി. ആശ്രമം, പള്ളി, സെമിനാരി, സംസ്കൃത കളരി, പ്രസ്സ് തുടങ്ങി നിരവധി സ്ഥാപനങ്ങൾ ഉണ്ടാക്കുവാനും ദിനരാത്രങ്ങൾ കഷ്ട്ടപ്പെട്ടതു ചാവറപിതാവ് തന്നെ. കൃഷി നിലങ്ങൾ ഉണ്ടാക്കി നെല്ല് കൃഷിചെയ്തു പാവങ്ങളെയും ആശ്രമവാസികളെയും, സ്കൂൾ കുട്ടികളെയും, സെമിനാരിക്കാരെയും, ഭക്ഷണം നല്കി സമ്പന്നരാക്കാൻ ചാവറപിതാവ് ചെയ്ത അദ്ധ്വാനം ഏറെ വലുതാണ്. തിരുവിതാംകൂറിന്റെ ആത്മീയ - ബൗദ്ധിക കേന്ദ്രമാക്കിയ ശേഷം മാന്നാനം ഒരു യാത്ര പറച്ചിലും

ഇല്ലാതെ കൂനമ്മാവിലേക്ക് പോരുകയെന്നത് ചാറപിതാവ് ദൈവ തിരുമനസ്സിനോടു കാണിച്ച അത്ഭുതാവഹമായ വിധേയത്വമാണ്.

സുറിയാനിക്കാരുടെ ആദ്യ വികാരി ജനറാളായി 1861 മുതൽ 1864 വരെ സുത്യർഹമായ സേവനവും അതിലേറെ പ്രതിസന്ധിക ളിലൂടെ കടന്നുപോന്ന കേരള സഭയെ നയിക്കുകയും ചെയ്തു കൊണ്ടിരിക്കുമ്പോഴാണ് മാന്നാനത്ത് നിന്നു കൂനമ്മാവിലെക്ക് സ്ഥലം മാറ്റുന്നത്. ഏറ്റം മാതൃകാപരമായ ഒരു തീരുമാനം ചാവറ പിതാവ് സ്വീകരിക്കുകയുമാണ് ചെയ്തത്.

1870–ന്റെ ആരംഭത്തിൽ നേത്ര രോഗത്താൽ ക്ലേശിച്ചിരുന്ന ചാവറപിതാവിനെ വൈദ്യന്മാരായ മുട്ടത്ത്പാടത്ത് വർക്കിയും, ഈപ്പനും ചികിത്സിച്ചെങ്കിലും സുഖമാകാത്ത സാഹചര്യത്തിൽ മാന്നാനം ആശ്രമത്തിലെ വൈദികർ ചാവറപ്പിതാവിനെ മാന്നാനത്തേക്ക് കൊണ്ടുവരുവാൻ ശ്രമിച്ചു. തണുത്ത കാലാവസ്ഥ യുള്ള മാന്നാനത്തേക്ക് വന്നാൽ ഈപ്പൻ വൈദ്യന്റെ സഹായം ലഭിക്കാൻ എളുപ്പമാണെന്നും പറഞ്ഞു. കൂനമ്മാവിലുണ്ടായിരുന്ന വികാരി ജനറാളായ പീലിപ്പോസച്ചനും പ്രൊവിൻഷ്യൾ ഡെലഗേ റ്റായ ജരാർദ്ദച്ചനും ചാവറപിതാവിനെ സൗഖ്യമയി കിട്ടാൻ മാന്നാനത്തേക്ക് അയക്കാൻ ആഗ്രഹിച്ചു.

ചാവറപിതാവ് മാന്നാനത്തേക് പോകുവാനും, ദൈവതിരു മനസ്സായി വി. യൗസേപ്പിതാവിന്റെ ആശ്രമത്തിൽ മരിക്കുവാനും തയാറായായി. ഈ അവസരത്തിൽ ചാവറപിതാവ് കൂനമ്മാവ് മഠ ത്തിൽ ചെന്ന് കന്യാസ്ത്രീകളെ കണ്ട് വിവരം അറിയിച്ചു. ചാവറയ ച്ചൻ കൂനമ്മാവിൽ നിന്ന് പോകുന്നതിലുള്ള ദു:ഖം അവർക്ക് സഹി ക്കാൻ പറ്റിയില്ല. ചാവറപിതാവ് അവരെ ആശ്വസിപ്പിച്ചു കൊണ്ട് പറഞ്ഞു ‘‘ഇതെന്റെ സ്വന്തം മനസ്സാണൊ, അങ്ങോട്ട് പോകാനോ

ഇവിടെ നില്ക്കാനോ പ്രത്യേക ആഗ്രഹങ്ങൾ എനിക്കില്ല. എന്റെ മനസ്സ് പറയുന്നത് ചെയ്യുവാൻ എനിക്ക് താല്പര്യമില്ല. എന്നോട് കല്പിക്കുന്നതെന്തും ചെയ്യാൻ ഞാൻ തയ്യാറാണ്.'' ( കൂനമ്മാവ് മഠം നാളാഗമം )

കൂനമ്മാവ് ആശ്രമത്തിൽ തിരിച്ചെത്തിയപ്പോൾ മാന്നാനത്തേക്ക് പോകുന്നതിനെക്കുറിച്ച് ജരാർദ്ദച്ചൻ ആരാഞ്ഞു. ചാവറയച്ചൻ പറഞ്ഞു, '' എന്റെ മനസ്സ് നിങ്ങളുടെതിൽ നിന്ന് വ്യത്യസ്ഥമാണ്. ഞാനെന്തു ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നവോ അതു ചെയ്യാൻ ഞാൻ തയ്യാറാണ്'' എന്ന്.

LK.1/17-ൽ പറയുന്നു: '' പിതാക്കന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും അനുസരണമില്ലാത്തവരെ നീതിമാന്മാരുടെ വിവേകത്തിലേക്കും തിരിച്ചുവിടുവാനും സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാനും ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടും കൂടെ അവൻ കർത്താവിന്റെ മുമ്പേ പോകും.''

നമ്മുടെ ആശ്രമങ്ങളെ സംബന്ധിച്ച് ചാവറപിതാവിന്റെ കാലത്ത് നടന്ന മാറ്റങ്ങളിൽ ചിലത് ഓർമിക്കുന്നത് ഉചിതമാണ്. കൂനമ്മാവിൽ വി. ഫിലോമിനയുടെ നാമത്തിൽ 1837-ൽ ഒരു പളളിയും വൈദികർക്ക് താമസിക്കാൻ ഒരു ചെറു കെട്ടിടവും ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്ത പണി ചെയ്യിപ്പിച്ചിട്ടുണ്ടായിരിന്നു. ബർണ്ണദീനോസ് മെത്രാപ്പോലീത്ത ഇതിന്റെ പണി പൂർത്തിക്കിയപ്പോൾ മാന്നാനത്ത് സുറിയാനിക്കാർക്കുളളതുപ്പോലെ ലത്തീൻക്കാർക്കും ഒരു ആശ്രമം വേണമെന്നായിരുന്നു ആഗ്രഹിച്ചത്. 1855-ൽ മൂന്നു ക്ലേരിമാരെയും ഒരു പാദ്രിയെയും അവിടെ കൊണ്ടുവന്ന് താമസിപ്പിച്ചെങ്കിലും ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ആരും ഇല്ലാത്ത അവസ്ഥയായി. താമസിയാതെ മാന്നാനം ആശ്രമ

ത്തിന്റെ ഒരു ശാഖയായി കൂനമ്മാവ് കൊവേന്തയെ ചാവറപിതാവ് സ്ഥാപിച്ചു.

1857-ൽ ചാവപിതാവ് ഒന്നാം നാളാഗമത്തിൽ “ ബ. മൂഞ്ഞനാട്ട് മത്തായി കത്തനാരച്ചനെയും, ബ. കളപ്പുരയ്ക്കൽ കത്തനാരച്ചനെയും, തോപ്പിൽ ഔസേപ്പ് ശെമ്മാശൻ, കോന്തുരത്തി പൗലോസ് ശെമ്മാശൻ എന്നിവരെയും ഒട്ടും താമസിയാതെ അയക്കണമെന്നും അവരുടെ പായും, തലയിണയും, പുസ്തകങ്ങളും, പെരുമാറ്റത്തിനുള്ള ഉടുപ്പും പെട്ടിയും കൊണ്ടുപോരണമെന്നും ശേഷമുള്ള ചിലവുകൾ ദൈവസഹായത്താൽ ഇവിടെ ഉണ്ടാകുമെന്നും കല്പന വന്ന പ്രകാരം ഉടൻ താമസിയാതെ ഇവിടെ വന്ന് എഴുതിയിരുന്ന ആളുകളിൽ കളപ്പുരയ്ക്കൽ മത്തായി കത്തനാരച്ചൻ നീക്കി ശേഷമുള്ളവരെ അയക്കുകയും ചെയ്തു. ഇവർ വരാപ്പുഴചെന്ന് മെത്രാനച്ചനെ കണ്ട ഉടൻ മഹാസന്തോഷത്തോടെ അവരെ കൂനമ്മാവിലേക്ക് യാത്രയാക്കി. മൂപ്പച്ചന്മാരിൽ ഒരാൾ എല്ലായിപ്പോഴും അവിടെ താമസിച്ചിരുന്നു. മെത്രാനച്ചൻ വ്യാഴാഴ്ച്ചതോറും അവിടെ ചെല്ലുകയും എല്ലാം അധികം വെടിപ്പോടും, അടക്കത്തോടും ഭക്തിയോടുംകൂടെ നടന്നു വരികയും ചെയ്യുന്നു.” എന്ന് ചാവറപിതാവ് രേഖപ്പെടുത്തി. കൂനമ്മാവിലെ ഒന്നാമത്തെ പ്രിയോരായി ചവറപിതാവിന്റെ വരവാണ് കൂനമ്മാവിനെ അനുഗ്രഹീതമാക്കിയതും ഒരു സന്യാസിനി സഭ ഭാരതത്തിൽ ആദ്യമായി സ്ഥാപിക്കാൻ ഇടയാക്കിയതും. ചാവറപിതാവ് കൂനമ്മാവിൽ വന്നില്ലായിരുന്നുവെങ്കിൽ അത് നമ്മുടെ നവസന്യാസഭവനമാകുമായിരുന്നില്ല. 1864 മുതൽ ചാവറപിതാവിന്റെ സ്ഥിരവാസം മരിക്കുന്നതുവരെ ദൈവപരിപാലനയിൽ കൂനമ്മാവിൽ തന്നെയായിരുന്നു.

അരണാട്ടുകര കൊവേന്ത 1858-ൽ സ്ഥാപിച്ച് അങ്ങോട്ട് തോപ്പിൽ ഗീവർഗീസ് കത്തനാരച്ചനെയും കടവിൽ ആഗസ്തീനോസ് കത്തനാരച്ചനെയും അയക്കുന്നതായി നാളാഗമം 1-ൽ കാണാം. പള്ളിയിൽ ദിവ്യബലിക്കുപയോഗിക്കാനുള്ള കുപ്പായങ്ങളും ശ്രദ്ധാപൂർവ്വം കൊടുത്തയക്കുന്നുണ്ട്.

സന്യാസത്തിൽ ഒരു ആശ്രമത്തിൽ നിന്ന് മറ്റൊരു ആശ്രമത്തിലേക്ക് മാറ്റം തരുമ്പോൾ അത്യാവശ്യം വേണ്ട സാധനങ്ങൾ വേണ്ടവിധം അവരെ സുരക്ഷിതരായി അയക്കുന്ന ചാവറപിതാവിനെ നാം ഇവിടെ കാണുന്നു.

കുടക്കച്ചിറ അന്തോണി ശെമ്മാശൻ "ഞാൻ മടലോലൊടിച്ച് കെട്ടിയെങ്കിലും ഒരു കൊവേന്തയുണ്ടാക്കും" എന്ന് പറഞ്ഞു മാന്നാനം സെമിനാരിയിൽ നിന്ന് പിണങ്ങിപ്പോയി പ്ലാഗനാൽ മൂന്നു വശത്തും ഈരണ്ടു മുറികളോടുകൂടി ഒരു കെട്ടിടവും ഒരു ചെറിയ പള്ളിയും വൃത്തിയും വെടിപ്പും ഇല്ലാതെ ഉണ്ടാക്കിയിരുന്നു. 1858 -ൽ അന്തോണി കത്തനാർ മരിച്ചപ്പോൾ മെത്രാപ്പോലീത്താ ഈ ആശ്രമം ചാവറപിതാവിനെ ഏല്പിച്ചു. അവിടേക്ക് പലരെ അയച്ചെങ്കിലും ആശ്രമവാസത്തിനു പറ്റിയതല്ല എന്ന് ചാവറയച്ചൻ തിരിച്ചറിഞ്ഞു. പലരും മലമ്പനി കൊണ്ട് മരിച്ചു. ചാവറപ്പിതാവ് അതിൽ പിന്നെ ആശ്രമവാസികളെ അങ്ങോട്ടയച്ചില്ല. പള്ളിയും സ്ഥലവും അരുവിത്തറ പള്ളിയെ ഏല്പിച്ചു. ആശ്രമാംഗങ്ങളുടെ പൊതുസംരക്ഷണം ചാവറപ്പിതാവ് ഏറെ പരിഗണിച്ചിരുന്നു.

1859-ൽ വാഴക്കുളത്ത് ഒരു ആശ്രമം രൂപപ്പെട്ടപ്പോൾ കർമ്മെല എന്നു അതിനു പേരുകൊടുത്ത് ബ. കാനാട്ടച്ചനെ ആ കൊവേന്തയുടെ വികാരിയാക്കി. ബ. കളപ്പുരയ്ക്കൽ മത്തായി അച്ചനെയും, പാലയക്കൽ കുര്യച്ചനെയും, കൂനമ്മാവ് കൊവേന്ത

യിൽ പാർത്തിരുന്ന രണ്ടു അൽമേനി ദർശനക്കാരെയും ആ കൊവേന്തയുടെ വീട്ടുകാരായി ചാവറപിതാവ് അയച്ചു. മാന്നാനം കൊവേന്തയിൽ നിന്ന് കാസാ, കുപ്പായം, രൂപം, ക്ലോക്ക് എന്നിവ കൊടുത്തയക്കുന്നതും നാളാഗമം 1-ൽ 18-87 പേജുകളിൽ കാണാം. ഇവരെല്ലാം ആനന്ദകരമായ ഒരു തീർത്ഥാടനം പോലെയായിരുന്നു അന്ന് ആശ്രമത്തിൽ നിന്ന് മറ്റൊരു ആശ്രമത്തിലേക്ക് ഔദ്യോഗികമായി യാത്രയായത്.

ആദ്യ അംഗങ്ങളായി അമ്പഴക്കാട്ടു കൊവേന്തയിലേക്ക് വിടുന്നത് കോട്ടയ്ക്കലും അമ്പഴക്കാട്ടു പള്ളിയിലും താമസിച്ച് ധർമ്മംകൊണ്ട് കൊവേന്ത പണിയാനും പാട്ടം കൊണ്ട് ചെലവു കഴിക്കാനും ആണ്. ബ. ദേവസ്യാച്ചനേയും ബഹു. പീലിപ്പോസിനേയും അരണാട്ടുകര കൊവേന്തയിൽ നിന്ന് ആഹാ.വലിയ യാക്കോബിനേയും ആണ് ചാവറപിതാവ് ചുമതലപ്പെടുത്തി അയക്കുന്നത്.

പുളിങ്കുന്ന് ആശ്രമം 1866-ൽ പണിപൂർത്തിയാക്കി ചാവറപിതാവ് ബ. തട്ടാച്ചേരിൽ സ്കറിയാച്ചനേയും, മണക്കുന്നേൽ യൗസേപ്പച്ചനേയും അങ്ങോട്ട് അയച്ചു. ഇതിന്റെ പണി കഴിപ്പിച്ചത് ബ. തോപ്പിലച്ചനായിരുന്നു. അവരുടെ കഷ്ടപ്പാടുകൾ ഒന്നിനോടും താരതമ്യപ്പെടുത്താവുന്നതല്ല.

പഴയ നിയമത്തിൽ ഉൽപ്പത്തി പുസ്തകം 13/1-18 വരെയുള്ള ഭാഗത്ത് അബ്രാഹവും ലോത്തും ആട്ടിൻപറ്റങ്ങളുമായി കൂടാരം അടിച്ച് വസിക്കുന്നതും പിന്നീട് സ്ഥലം തികയാത്തതുകൊണ്ട് ഒന്നിച്ചു പാർക്കുക അസാദ്ധ്യമാകുകയും. അബ്രഹാത്തിന്റെയും ലോത്തിന്റയും കന്നുകാലി മേയക്കുന്നവർ തമ്മിൽ വഴക്കുണ്ടായപ്പോൾ അബ്രാഹം ലോത്തിനോടു പറഞ്ഞു നമ്മൾ സഹോദരന്മാരാണ്, നമുക്ക് വേർപിരിഞ്ഞ് ജീവിക്കാം. ജോർദ്ദാൻ സമതലം മുഴു

വൻ ജലപുഷ്ടിയുള്ള ഭൂമിയായതുകൊണ്ട് ലോത്ത് സമതലം തിരഞ്ഞെടുത്തു. അബ്രാഹാം കാനാൻ ദേശത്തേക്കു പോയി. ലോത്ത് തിരഞ്ഞെടുത്ത സോദോമിൽ ദുഷ്ടരും കർത്താവിന്റെ മുമ്പിൽ പാപികളായിരുന്നവരുമാണ് വസിച്ചിരുന്നത്. ദൈവം അബ്രാഹത്തോടു പറഞ്ഞു, നീ കാണുന്ന പ്രദേശമെല്ലാം നിനക്കും നിന്റെ സന്താനപരമ്പരകൾക്കും എന്നേക്കുമായി ഞാൻ തരും. ഭൂമിയിലെ പൂഴിപോലെ നിന്റെ സന്തതികളെ ഞാൻ വർദ്ധിപ്പിക്കും. ഇത് കേട്ടതനുസരിച്ച അബ്രാഹാം ഹെബ്രോണിലേക്ക് സ്ഥലം മാറി. അവിടെ അവർ കർത്താവിനു ബലിപീഠം നിർമ്മിക്കുകയും ചെയ്തു.

ഇവിടെ ദൈവത്തെ കേൾക്കുന്നവനെ അനുഗ്രഹിക്കുന്ന ദൈവത്തെ നാം മനസ്സിലാക്കുന്നു. അനുഗ്രഹം ലഭിച്ചാൽ നാം ഏവിടെ വസിക്കുന്നുവോ അവിടെ സന്തോഷമാക്കാൻ സാധിക്കും. അബ്രാഹം മാറ്റങ്ങൾക്കു വിധേയനായിരുന്നതുകൊണ്ട് എല്ലാം അനുഗ്രഹമാക്കാൻ കഴിഞ്ഞിരുന്നു.

ഇസ്രായേൽ ജനം ദൈവജനമായി നിലനിന്നത് ദൈവം അരുളിചെയ്തതു അനുസരിച്ച് മൂശയും, അഹറോനും, അബ്രാഹവും ജനവുമായി ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് നീങ്ങികൊണ്ടിരുന്നതിനാലാണ്. അവരുണ്ടാക്കിയ കൂടാരത്തിൽ കർത്താവിന്റെ സാന്നിധ്യം നിറഞ്ഞുനിന്നിരുന്നു.

പ്രവാചകനായ യോനാ ദൈവത്തിന്റെ സന്ദേശം ലഭിച്ചപ്പോൾ അത് അനുസരിച്ച് പ്രവർത്തിക്കുനതിനു പകരം ദൈവത്തിന്റെ സന്നിധിയിൽ നിന്ന് ഒളിക്കുന്നതിന് താർസീസിലേക്ക് കപ്പൽ കയറി. നിനിവേയിൽ ചെന്ന് അവരുടെ ദുഷ്ഠതയ്ക്കതിരെ പ്രസംഗിക്കുവാനാണ് ദൈവം ആവശ്യപ്പെട്ടത്. അതു ചെയ്തില്ല. കടലിലേക്ക് ദൈവം കൊടുങ്കാറ്റ് അയച്ചു. കപ്പൽയാത്രക്കാർ

ഭയപ്പെട്ടു. ഭാരം കുറയ്ക്കാൻ സാധനങ്ങൾ കടലിലേക്ക് എറിഞ്ഞുവെങ്കിലും കടൽ ശാന്തമായില്ല. ആരു നിമിത്തമാണ് നമുക്ക് ഈ അനർത്ഥം ഉണ്ടായതെന്ന് അറിയാൻ അവർ നറുക്കിട്ടു. ഉറങ്ങി കിടന്ന യോനായ്ക്ക് നറുക്ക് വീണു. കർത്താവിന്റെ സന്നിധിയിൽ നിന്ന യോനാ ഓടി ഒളിച്ചിരിക്കുകയാണെന്ന് അവർക്ക് മനസ്സിലായി. കടൽ ക്ഷോഭം വർദ്ധിച്ചു. ദൈവത്തിന്റെ വചനം ഉള്ളിൽ സ്വീകരിച്ച യോനാ ദൈവത്തിനെതിരായി പ്രവർത്തിച്ചതാണ് ഈ കടൽക്ഷോഭത്തിനു കാരണം എന്നു മനസ്സിലാക്കിയ അവർ യോനായെ കടലിലേക്ക് എറിഞ്ഞു. കടൽ ശാന്തമായി. ഒരു വലിയ മത്സ്യം വന്ന് യോനായെ വിഴുങ്ങി. യോനാ മൂന്നു രാവും മൂന്ന് പകലും മത്സ്യത്തിന്റെ ഉദരത്തിൽ കഴിഞ്ഞു. ദൈവ വചനം- നീ പോകുക-. ഇത് ഉള്ളിൽ കിടന്ന യോനായെ ദഹിപ്പിക്കുവാൻ ഈ മത്സ്യത്തിനു കഴിഞ്ഞില്ല. ദൈവപദ്ധതി നടപ്പാക്കാത്ത .യോനായെ മത്സ്യം കരയ്ക്ക് ഛർദ്ദിച്ചു. രക്ഷിക്കുന്ന കർത്താവിനെതിരെ കണ്ണടച്ച യോനാ എഴുന്നേറ്റ് കർത്താവ് പറഞ്ഞതനുസരിച്ച നിനെവിയിലേക്ക് പോയി. യോനാ നിനെവിയിൽ ചെന്ന് വിളിച്ചുപറഞ്ഞു, നാല്പതു ദിവസം കഴിയുമ്പോൾ നിനെവെ നശിപ്പിക്കപ്പെടുമെന്ന്. നിനെവയിലെ ജനങ്ങൾ ദൈവത്തിൽ വിശ്വസിച്ചു.

ദൈവം തിരഞ്ഞെടുക്കുന്ന ഓരോരുത്തർക്കും ഓരോ നിയോഗങ്ങൾ ഉണ്ട്. ഇതു ദൈവ നിശ്ചയവുമാണ്. ഇത് നടക്കണം. അഥവാ ദൈവം നടത്തും. ഇതു തന്നെയാണ് വി. ചാവറപിതാവ് തരുന്ന സന്ദേശവും.

മാറ്റങ്ങൾ വളർച്ചയുടെ അടയാളമാണ്. മാന്നാനത്തും, വാഴക്കുളത്തും എൽതുരുത്തിലുമുണ്ടായിരുന്ന നമ്മുടെ സഭയുടെ ആദ്യകാല സെമിനാരികളിൽ, കൂനമ്മാവിലും പിന്നിടു ബാംഗ്ലൂർ

ധർമ്മരാം കോളേജിലും, വടക്കെ ഇന്ത്യയിലും സ്ഥാനം പിടിച്ചത് നമ്മുടെ സഭയുടെ വളർച്ചയെ അടിസ്ഥാനപ്പെടുത്തിയുള്ള മാറ്റങ്ങൾ ആണ്.. സഭ വളർന്നപ്പോൾ വിവിധ സ്ഥലങ്ങളിൽ മിഷൻ ആരംഭിച്ചതും രൂപതകൾ ലഭിച്ചതും ഇപ്പോൾ ആഗോള സഭയിൽ മിഷനുകൾ വളർന്നതും നാം കണക്കിലെടുക്കണം.

യേശു ശിഷ്യന്മാരെ വിളിച്ച് കൂട്ടുന്നതും ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് പോകാനാണ്. യേശു അവരെ പഠിപ്പിക്കുകയും കൂടെ കൊണ്ടു നടക്കുകയും ചെയ്യുന്നത് നാം കാണുന്നു. വലവീശികൊണ്ടിരുന്നവരെയും, വല നന്നാക്കുന്നവരെയും, ചുങ്കസ്ഥലത്ത് ചുങ്കം പിരിക്കുന്നവരെയും യേശുവിന്റെ അടുത്തേക്ക് വിളിക്കുന്നു. ഈ കടന്നുവരവ് അവരുടെ നന്മയ്ക്കും ദൈവരാജ്യത്തിന്റെ വളർച്ചയുമായിരുന്നു. ദൈവം നമ്മെ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുവരുന്നത് നമ്മുടെ നന്മയ്ക്കുവേണ്ടിയാണ്. പിന്നിലേക്ക് നാം തിരിഞ്ഞുനോക്കുമ്പോൾ കടന്നുപോന്ന വഴികളിൽ നന്മ വിതച്ചാണ് നാം ഇവിടെ വരെ എത്തിയത്.

വിശുദ്ധ ചാവറപ്പിതാവ് ആശ്രമങ്ങൾ സ്ഥാപിക്കുന്നത് തെക്ക് മാന്നാനത്തും, കിഴക്ക് വാഴക്കുളത്തും മുത്തോലിയിലും, വടക്ക് കൂനമ്മാവിലും ഏൽതുരുത്തിലും, പടിഞ്ഞാറ് അമ്പഴക്കാട്ടും പുളിങ്കുന്നിലും ആണ്. സഭാംഗങ്ങൾ മലയാള മണ്ണിന്റെ നാലുവശത്തും പാർക്കണം.

വിശുദ്ധ ചാവറപ്പിതാവ് എഴുതിയ “ ഒരു നല്ല അപ്പന്റെ ചാവരുളിൽ” 16-ാം നമ്പറിൽ പറയുന്നുണ്ട്, മാതാപിതാക്കൾ മരിക്കുന്നതിനു മുമ്പു തന്നെ അവരെവേറെ വീടുകളിലേക്ക് മാറ്റി താമസിപ്പിക്കുകയെന്ന്”.

# വി. ചാവറ പിതാവിന്റെ സ്നേഹമന്ത്രം പാപം ചെയ്യാനിടയാക്കാതെ, സ്നേഹത്തിൽ ജീവിക്കാനുള്ള മാർഗമാണ്.

ഫാ. ഡേവിസ് കാച്ചപ്പിള്ളി സി. എം. ഐ

സെപ്തംമ്പർ മാസത്തെ കർമ്മെലസന്ദേശത്തിൽ ബ.ജന റാളച്ചന്റെ സന്ദേശം വായിച്ചപ്പോൾ എനിക്കു ഹൃദയസ്പർശിയായ തു വി. ചാവറപ്പിതാവിന്റെ യേശു സ്നേഹമാണു: എല്ലാറ്റിനുമുപരി എപ്പോഴും ആയിരിക്കുക, ഈശോയെ സ്നേഹിക്കാൻ പഠിക്കുക, ഈശോയുടെ സാനിധ്യത്തിൽ ഈശോയോടുകൂടെ എപ്പോഴും നട ക്കുക, ഈശോയോട് നിരന്തരം സൗഹൃദസംഭാഷണം പുലർത്തു ക, ഇതു വെറുമൊരു മന്ത്രമല്ല, അതിലുപരി ചാവറപ്പിതാവിന്റെ അനു ദിന ജീവിത ശൈലിയായിരുന്നു. ചാവറപ്പിതാവിനെ വിശുദ്ധനാ ക്കിയതു മാമോദീസായിൽ ലഭിച്ച പ്രസാദവരം ഒരിക്കലും നഷ്ടപ്പെടുത്താതെ ജീവിക്കാൻ സഹായിച്ചതും, അദ്ദേഹത്തെ ക്കൊണ്ട് വൻ നല്ല കാര്യങ്ങൾ ചെയ്യിക്കാൻ കർത്താവു ശക്തിയും ജ്ഞാനവും സംരക്ഷണവും നൽകിയതും ഈ സ്നേഹമന്ത്ര ജീവി തശൈലിയുടെ ഫലമാണ്. അതുകൊണ്ട് ഈ മന്ത്രം ജീവിതശൈ ലിയാക്കണമെന്നാണ് അദ്ദേഹം സഭാമക്കളെ ഉപദേശിക്കുന്നതെന്ന് കാണാനാകും.

1992-ലെ കത്തോലിക്കാ മതബോധനഗ്രന്ഥത്തിൽ ഈ ജീവി തശൈലിയെ പ്രതിപാദിച്ചിരിക്കുന്നതു വ്യക്തിഗത നിരന്തര പ്രാർത്ഥനാ ജീവിതം എന്നാണ് (C.C.C. 2742 - 45). എന്നെ അനു ഗമിക്കുക (മത്താ. 4:19), എന്നോടുകൂടെയായിരിക്കുക (മർക്കോ.3:13), എന്നിൽ വസിക്കുക (യോഹ.15:4), എന്ന ഗുരുവിന്റെ ആഹ്വാനത്തി ന്റെയും എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും പാപാന്ധകാരത്തിൽ നടക്കുകയില്ല (യോഹ 8:12) എന്ന ഗുരുവിന്റെ വാഗ്ദാനത്തിലും ഉത്ഥാനം ചെയ്ത ഈശോയുടെ സാനിധ്യം എപ്പോഴും നമ്മുടെ രക്ഷയ്ക്കുവേണ്ടി നമ്മോടുകൂടെയുണ്ടു.( മത്താ. 28:20) എന്ന ഗുരു

വിന്റെ നിരന്തരസാന്നിദ്ധ്യവാഗ്ദാനത്തിലും അടിസ്ഥാന മാക്കികൊണ്ട്, പാപംചെയ്യാതെ ജീവിക്കാനും, ക്രിസ്തീയ സുകൃതങ്ങളുടെ ഉടമയാകാനും, സാത്താന്റെ നിഗൂഢതന്ത്രങ്ങളെ ചെറുക്കാനും, പരിശുദ്ധാത്മാവിന്റെ ദാനവരങ്ങൾ സമൃദ്ധമായി ലഭിക്കാനും, നമ്മുടെ ശക്തിക്കതീതമായ എല്ലാ നന്മകളും ചെയ്യാൻ ശക്തരാകാനും, ചുരുക്കത്തിൽ സ്നേഹത്തിന്റെ പ്രമാണങ്ങളിൽ വീഴ്ചകളുണ്ടാകാതെ നിലനിൽക്കാനുമുള്ള ശ്രേഷ്ഠമായ പ്രബോധനമാണിത്. ഫ്രാൻസീസ് മാർപ്പാപ ഈ പ്രബോധനം നിർവ്വചിച്ചത് പ്രകാരം: ആത്മാവിന്റെ ശ്വാസോഛ്വാസമാണ് പ്രാർത്ഥന നിരന്തരമായ ആത്മീയപ്രവർത്തനം; പ്രാർത്ഥനയ്ക്ക് ഇടവേളകളില്ല. അതുകൊണ്ട് പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ നിരന്തരം ലഭിക്കാനും, സാത്താന്റെ നിഗൂഢതന്ത്രങ്ങളെ ചെറുക്കാനുമുള്ള ശക്തി ലഭിക്കാനും വേണ്ടി നാം നിരന്തരം പ്രാർത്ഥിക്കാൻ അഭ്യസിക്കണം.

ഈ പ്രബോധനം പഠിക്കുകയും അഭ്യസിക്കുകയും ചെയ്താൽ മാത്രമെ ചാവറപ്പിതാവിന്റെ സ്നേഹമന്ത്ര ജീവിതശൈലിയിലൂടെ ക്രിസ്തീയ പരിപൂർണ്ണതയിൽ എക്കാലവും നമുക്കും ജീവിക്കാൻ സാധിക്കയുള്ളു. ഈ പ്രബോധനം പഠിക്കുകയും അഭ്യസിക്കുകയും ചെയ്യാത്തിടത്തോളം കാലം ചാവറപ്പിതാവിന്റെ സ്നേഹമന്ത്രം എത്രപ്രാവശ്യം എഴുതിയാലും, എത്രമാത്രം പ്രഘോഷിച്ചാലും ഫലമുണ്ടാകില്ലെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ നിരന്തര വ്യക്തിഗത പ്രാർത്ഥനാ പ്രബോധനം ലക്ഷ്യം വയ്ക്കുന്നത് വ്യക്തിഗത നിരന്തര പ്രാർത്ഥനാ ജീവിത ആദ്ധ്യാത്മികതയാണ്; നിരന്തര പ്രാർത്ഥനാ ജീവിതം സന്യസ്ത ആദ്ധ്യാത്മികതയാണ്; ദൈവിക ആദ്ധ്യാത്മികതയാണ് . ഈ ആദ്ധ്യാത്മികത സ്വന്തമാക്കിയവർ, ഈ ആദ്ധ്യാത്മികതയുടെ ഉടമായവർ എത്രപേരുണ്ടാകും C.M.I സന്യാസസമൂഹത്തിൽ? കണ്ണടച്ചിരുട്ടാക്കാതെ കണ്ണുതുറന്ന് കാര്യങ്ങൾകണ്ട് കാലത്തിന്റെ സൂചനകൾ തിരിച്ചറിഞ്ഞ്, കാലത്തിന്റെ സങ്കീർണ്ണതകളെ അതിജീവിച്ചു ഉത്തമസന്യസ്തരായി ജീവിക്കാനുള്ള ശ്രേഷ്ഠമായ ഈ പ്രാർത്ഥനാ പ്രബോധനം സഭാമക്കളെ പഠിപ്പിക്കാനാകട്ടെ സഭാധികാരികളുടെ സത്വര ശ്രമങ്ങളെന്ന് സ്നേഹപൂർവ്വം പ്രാർത്ഥിക്കുന്നു.

അനുസ്മൃതി – 44

# ഒരു നല്ല അപ്പന്റെ ചാവരുളിന് നൂറ്റിഅൻപത് വയസ്സ്

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

## ആമുഖം

ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ് കുടുംബങ്ങൾക്ക് വേണ്ടി എഴുതിയ കുടുംബചട്ടം അഥവാ ഒരു നല്ല അപ്പന്റെ ചാവരുൾ ലോകം വെളിച്ചം കണ്ടിട്ട് 150 വർഷം 2018 ഫെബ്രുവരി 13ന് പൂർത്തിയാകുന്നു. കുടുംബത്തെക്കുറിച്ച് ഇന്നുവരെ കണ്ടെത്തിയിട്ടുള്ള ആധികാരികപഠനങ്ങളിൽ ഒന്നാമത്തേതും ഏറ്റം വിലപ്പെട്ടതും എന്നവിധം കയ്യെഴുത്തുപ്രതിയിൽ 24 പേജിൽ ഒതുങ്ങിയ ഈ പ്രമാണരേഖ ഇന്ന് 130 കോടി അംഗങ്ങൾ ഉള്ള കത്തോലിക്കാ കുടുംബങ്ങൾക്കുമാത്രമല്ല ഏതൊരു കുടുംബത്തിനും പ്രചോദനം നൽകുന്ന സാരോപദേശങ്ങളാണ്. ചാവറപിതാവിന്റെ ആത്മീയമക്കൾ ആയ സി.എം.ഐ. അംഗങ്ങളാണ് ഈ മാർഗരേഖയുടെ ഒന്നാമത്തെ വക്താക്കൾ. ചാവരുളിനേക്കുറിച്ചുള്ള ചെറുവിവരണം കുടുംബപ്രേഷിതത്വത്തിന് പ്രാധാന്യം കൊടുക്കണമെന്നാവശ്യപ്പെടുന്ന സഭാനിർദ്ദേശത്തെ പ്രാവർത്തികമാക്കുവാൻ അംഗങ്ങൾക്ക് ചെറിയൊരു പ്രചോദനമാകട്ടെ എന്നാഗ്രഹിക്കുന്നു.

## ഒരു പൂർവപിതാവിന്റെ അഭിലാഷം

1868–ാം വർഷം ഫെബ്രുവരി (കുംഭമാസം) 13നാണ് വിശുദ്ധ ചാവറ പിതാവ് തന്റെ മരണശാസനമായി ഒരു നല്ല അപ്പന്റെ ചാവരുൾ എന്ന ക്രിസ്തീയ കുടുംബചട്ടം എഴുതി ഉണ്ടാക്കിയത്. കുടുംബജീവിതക്കാർക്ക് വേണ്ടി എഴുതിയ മാഗ്നാകാർട്ട എന്നു വിശേഷിപ്പിക്കാവുന്ന നിർദ്ദേശസമാഹാരം എഴുതിയിട്ട് 150 വർഷം പൂർത്തിയാകുകയാണ് 2018ൽ. അതു കൈനകരി കുരിശുപള്ളിയിൽ സൂക്ഷിക്കാനായിട്ട് കൈമാറിയപ്പോൾ അദ്ദേഹം ഇപ്രകാരം കുറിച്ചുകൊടു

ത്തു.

ഞാൻ മാംസസംബന്ധത്താൽ ചേന്നങ്കരിപ്പള്ളി ഇടവക യിൽ ചാവറ കുര്യാക്കോസ് എന്നയാളിന്റെ മകനാകുന്നു. ഇപ്പോൾ ഈ തറവാട്ടിലും കാരണവന്മാരിലും എന്നെ ജനിപ്പിച്ചതിനാൽ, എന്റെ മാംസസംബന്ധക്കാരായ നിങ്ങൾക്ക് നീതിയാലെയും ഉപ വിയാലെയും ഉപകാരം ചെയ്യുവാൻ എനിക്ക് ഒരു വിശേഷകടമയു ണ്ട്. ഇതിനെ നോക്കുമ്പോൾ എല്ലാവർക്കും എന്നതുപോലെ അല്ലാതെ ഞാൻ നിങ്ങൾക്കു വിശേഷമായി ഏറെ ഒന്നും ചെയ്തി ട്ടില്ല. ആയതിനാൽ എല്ലാറ്റിനും ആയി എന്റെ കയ്യെഴുത്താൽ ഇതിനെ ഞാൻ നിങ്ങൾകക്ക് തരുന്നു. ഞാൻ മരിച്ചാലും എന്റെ നിക്ഷേപ മായി എന്റെ മക്കളായ കൈനകരി കുരിശുപള്ളിക്കാരായ നിങ്ങളെ ഞാൻ ഇത് ഏല്പിക്കുന്നു. എന്റെ തറവാട്ടുകാരും കൂടപ്പിറപ്പുകളും രണ്ടു പ്രകാരത്തിലും മക്കളുമായിരിക്കുന്ന നിങ്ങൾക്ക് ഇത് എന്റെ ടെസ്റ്റമെന്റ് (മരണശാസനം) ആകുന്നു.

ഞാൻ ലോകത്തിൽ വന്നു എന്ന് ഇതിനാൽ ഓർക്കുന്ന തിനു വേണ്ടി ഇതിനെ പാടുള്ളവരെല്ലാം പകർത്തി എ ഴു ത ി വീടുകളിൽ സൂക്ഷിപ്പിൻ! ഇതിനെ കുരിശുപള്ളിപെട്ടിയിൽ വെയ്ക്ക ണം. മാസത്തിൽ മുമ്പുവരുന്ന ശനിയാഴ്ച എല്ലാവരും കൂടി ഇത് വായിക്ക; ഞാൻ മരിക്കുന്ന ദിവസം ഇതിനാലെ ഓർക്കുക. മറ്റൊ രോർമ്മയും എന്നെക്കുറിച്ച് നിങ്ങൾ ചെയ്യേണ്ട.

**നൂറുവർഷത്തിലേറെയായി പ്രസിദ്ധീകൃതമായ ഗ്രന്ഥം**

എൺപത്തേഴുകാരനായ അഭിവന്ദ്യപവ്വത്തിൽ മെത്രാപ്പോ ലിത്ത തന്റെ കുട്ടിക്കാലത്തെക്കുറിച്ചുള്ള ഓർമ്മയിൽനിന്ന് ഇപ്ര കാരം പറയുന്നു. ഒരു നല്ല അപ്പന്റെ ചാവരുൾ എന്ന ചെറുഗ്രന്ഥം ഞാൻ ചെറുപ്പമായിരുന്ന വേളയിൽ ഈ പ്രദേശത്തൊക്കെ കുടും ബങ്ങളിൽ ഉണ്ടായിരുന്ന ഗ്രന്ഥമാണ്.

ചാവറപിതാവിന്റെ കാലത്തു ഇതിൻെറ കയ്യെഴുത്തുപ്രതി കൾ വീടുകളിൽ എഴുതിസൂക്ഷിച്ചിരുന്നെങ്കിലും പിന്നീട് മുപ്പതി ലേറെ പതിപ്പുകൾ ഉണ്ടായിട്ടുള്ള മറ്റൊരു ഗ്രന്ഥവും മലയാളഭാഷ യിൽ ഉണ്ടായിരിക്കില്ല. ചാവറപിതാവിന്റെ ചാവരുളിന്റെ ലക്ഷക്ക ണക്കിനു കോപ്പികൾ ക്രിസ്തീയകുടുംബങ്ങളിൽ ഇതിനിടെ കയ

റിപ്പറ്റിയിട്ടുണ്ടെങ്കിൽ ചാവറുൾ നൽകുന്ന സന്ദേശം കുടുംബജീവിതത്തെ ക്രിസ്തീയമാക്കിത്തീർക്കുവാൻ എത്രമാത്രം സഹായിച്ചിട്ടുണ്ട് എന്നു സംശയിക്കേണ്ടതില്ലല്ലോ.

### ക്രിസ്തീയകുടുംബം എന്നാൽ

ഏതാനും പേജുകൾ മാത്രം ഉൾക്കൊള്ളുന്നതെങ്കിലും ചാവരുളിനെക്കുറിച്ച് വ്യക്തമായ ഒരു വിശദീകരണം ചെറിയൊരു ലേഖനത്തിലൊതുക്കുക അസാദ്ധ്യമാണ്. ചാവറപിതാവ് കുടുംബചട്ടം ആരംഭിക്കുന്നത് അഞ്ച് ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിർവ്വചനത്തോടെയാണ്. ഒരു നല്ല ക്രിസ്തീയകുടുംബം സ്വർഗ്ഗരാജ്യത്തിനു സദൃശ്യമാകുന്നു. ഇതിന്റെ ന്യായം എന്തെന്നാൽ ചോരയാലും സ്നേഹത്താലും ബന്ധിതരായ പല അംഗങ്ങൾ, കാരണവന്മാരുടെ നേരെ ആദരവും അനുസരണവും ഉള്ളവരായി, ദൈവത്തോടും മനുഷ്യരോടും സമാധാനത്തോടെ നടക്കുന്നവരും, അവരവരുടെ ജീവിതാന്തസ്സിനനുസരിച്ച് നിത്യഗതിയെ പ്രാപിക്കുവാൻ പരിശ്രമിച്ച്, ഐക്യത്തോടെ ജീവിക്കുന്നവരുടെ കൂട്ടമാകുന്നു

കുടുംബം തിരുസഭയുടെ പതിപ്പാണ് എന്നു പറഞ്ഞുവെച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ കൗൺസിൽ നടക്കുന്നതിന് നൂറുവർഷം മുമ്പ് ചാവറപിതാവ് എഴുതിയ ഈ നിർവ്വചനം കണ്ടിരുന്നെങ്കിൽ കുടുംബത്തെക്കുറിച്ച് പ്രതിപാദിച്ച കൗൺസിൽ ഡിക്രിയിൽ ഈ നിർവ്വചനം കൂട്ടിചേർക്കുമായിരുന്നു എന്നു വേണം അനുമാനിക്കുവാൻ. കാരണം കൗൺസിൽ ഡിക്രിയിൽ ക്രിസ്തീയകുടുംബം എന്നാൽ എന്ത് എന്ന് ഇത്ര പൂർണ്ണതയുള്ള ഒരു വാചകം ചേർക്കപ്പെട്ടിട്ടില്ല.

സ്നേഹം, ഐക്യം, പങ്കുവെക്കൽ ഇവ സ്വർഗ്ഗീയമായ അവസ്ഥയാണെങ്കിൽ ഭൂമിയിൽ സ്വർഗ്ഗം പണിയുവാൻ സമാധാനവും ഉപവിയും ക്രമവും സങ്കടങ്ങളിൽ ആശ്വാസവും പകരുന്ന കുടുംബത്തിനെ കഴിയൂ എന്നും വഴക്കുകളും പാപവും അതുവഴി നാശവും മരണവും വിതക്കുന്ന കുടുംബം നരകം പണിയുന്നു എന്നും ചാവറപിതാവ് വിശദീകരിക്കുന്നുണ്ട്.

**ഉദാഹരണങ്ങൾ വെളിച്ചം വീശുന്നു**

യേശുക്രിസതു ഉപമകളിലൂടെ മൂല്യങ്ങളെ വിശദീകരിച്ചു തന്ന ശൈലിയാണ് ചാവറപിതാവ് സ്വീകരിച്ചത്. പലതും ഒന്നുരണ്ടു വാചകങ്ങളിലൊതുങ്ങുന്നതായാലും ഇരുപതിലേറെ കഥകളൊ സംഭവങ്ങളൊ തത്വങ്ങളൊ പത്തു പതിനാറുപേജിൽ ഒതുക്കാവുന്ന ഈ ചെറുഗ്രന്ഥത്തിൽ അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. മനോതാഴ്മ യെക്കുറിച്ച് അദ്ദേഹം വിവരിക്കുമ്പോൾ ദാവീദുരാജാവിനെ ഉദാഹ രണമായി എടുത്തു: ഒരിക്കൽ ദാവീദ് രാജാവ് തന്റെ ശക്തിയിലും മഹത്വത്തിലും അഹങ്കരിച്ചു. അദ്ദേഹത്തന്റെ ശക്തി തെളിയിക്കു വാൻ തന്റെ കീഴിലുള്ള ആളുകളുടെ എണ്ണം എടുക്കുവാൻ കല്പി ച്ചു. ഇതിനാൽ ദൈവശിക്ഷയായി പകർച്ച വ്യാധി പിടിച്ച് തന്റെ രാജ്യത്തിലെ വലിയൊരു സംഖ്യ ജനം മരിച്ചു. (2 സാമുവൽ 24). ഇപ്രകാരം അഹങ്കാരം ആപത്താണ് വിതയക്കുന്നതെന്നദ്ദേഹം ഓർമ്മിപ്പിച്ചു.

തനിക്ക് ഉള്ളതിലധികം നടിക്കുന്നവൻ ഒരു വലിയ വെട്ടത്തെ കാണിച്ച് ഉടൻ കെട്ടുപോകുന്നതുമായ വൈക്കോൽ തുറു വിൻ തീക്ക് തുല്യനാണ് എന്നും, ദ്രവ്യസ്തന്റെ ഭാവം കാണിക്കുന്ന വൻ വേഗത്തിൽ ഭിക്ഷതെണ്ടേണ്ടിവരും എന്നും, അതുകൊണ്ട് വീടു കളിൽ ആഘോഷങ്ങൾ കൂടുമ്പോൾ സ്വന്തസ്വത്തിനും പ്രാപ്തിക്കും അനുസരിച്ച് ചിലവുചെയ്താൽ മതി എന്നുമുള്ള ചാവറപിതാവിന്റെ താക്കീത് വരവറിയാതെ ചിലവുചെയ്യുന്ന ഇന്നത്തെ ആളുകൾക്കും പറ്റിയ താക്കീതുതന്നെയാണ്.

ഒരു കുടുംബത്തിന്റെ പ്രധാനസമ്പത്ത് ദൈവഭയവും ഭക്തി യുമുള്ള വ്യക്തികളാണ്, ഈ ലോകത്തിലും പരലോകത്തിലും അവർ ദൈവാനുഗ്രഹത്തിന്റെ ഫലങ്ങൾ അനുഭവിക്കും എന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ദൈവഭയമില്ലാത്തവർ ദൂഷണങ്ങളും ദുർവാക്കുകളും വീട്ടിലിരുന്ന് പറയുന്നവരാകും. അത് കുടുംബ ത്തിന്റെ പ്രകാശത്തെ ഇരുട്ടാക്കിക്കളയും. ഇതുകൊണ്ടാണ് അദ്ദേഹം പറയുന്നത് ജീവിതത്തിന് ഒരു ക്രമവും ചിട്ടയും ദൈവപേടിയുമി ല്ലാത്ത കുടുംബങ്ങളിൽ നിന്ന് ബന്ധുത ചേരണ്ടാ എന്ന്. സമ്പത്തു മാത്രം നോക്കി ബന്ധുത്വം സ്വീകരിക്കുന്നിടത്ത് ജീവിതത്തിലെ ഏറ്റം വലിയ സമ്പത്തായ നന്മയും സന്തോഷവും കിട്ടണമെന്നില്ല മറിച്ച്

അസമാധാനത്തിനും നാശത്തിനും കാരണമാകും. ഫ്രാൻസിൽ നടന്ന ഒരു സംഭവത്തെക്കുറിച്ച് ചാവറപിതാവ് ഒരുദാഹരണം പറയുന്നുണ്ട്. ഒരുമകൻ മാത്രമുള്ള ഒരപ്പൻ ദൈവഭയവും ദൈവഭക്തിയും ഇല്ലാത്ത ഒരു വലിയ ധനികകുടുംബത്തിലെ മകളെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അവരുടെ അന്തസ്സിനു ചേർന്ന സംസ്ക്കാരവും പദവികളുമൊന്നും ഈ അപ്പനില്ല എന്നു പറഞ്ഞുകൊണ്ട് മരുമകളും അവളുടെ കുടുംബവും ചേർന്ന് ഇയാളെ വീട്ടിൽ നിന്നിറക്കിവിടുകയും പിന്നീടയാൾ പിച്ചതെണ്ടി ഉപജിവനം കഴിക്കേണ്ടിവരുകയും ചെയ്തു എന്നതായിരുന്നു സംഭവം.

**നീ ആരോടിടപെടുന്നു എന്നു പറയൂ**

ചാവറപിതാവ് മറ്റൊരുകാര്യം കൂടി ഓർമ്മിപ്പിക്കുന്നുണ്ട്. കുടുംബങ്ങളിലിരുന്ന് കൊണ്ട് മറ്റുള്ളവരുടെ കുറ്റങ്ങൾ പറയുന്നിടത്ത് ഒരിക്കലും സമാധാനവും ഐശ്വര്യവും ഉണ്ടാകുകയില്ലെന്ന് മാത്രമല്ല പലപ്പോഴും ദൈവകോപത്തിന് കാരണമായിത്തീരുകയും ചെയ്യും എന്ന്. ദൈവഭയവും മര്യാദയും ഇല്ലാത്ത കുടുംബങ്ങളോടുള്ള സംസർഗ്ഗം പോലും ത്യജിക്കണമെന്നദ്ദേഹം നിർദ്ദേശിച്ചു. അതുകൊണ്ടാണദ്ദേഹം പറയുന്നത് നീ ആരോടിടപെടുന്നു എന്നു പറയുക, നീ ആരാണെന്നു ഞാൻ പറയാം എന്ന്.

**കുടുംബപ്രാർത്ഥനയും വിശുദ്ധകുർബാനയും**

ദൈവഭക്തിയുടെ വലിയൊരടയാളമാണ് എല്ലാദിവസവും ദിവ്യബലിയിൽ പങ്കെടുക്കുക എന്നത്. ഓരോ ദിവസവും പ്രത്യേകനിയോഗങ്ങളോടെ കുർബാനയിൽ പങ്കെടുക്കുവാൻ അദ്ദേഹം നിർദ്ദേശിക്കുന്നുണ്ട്. ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി എന്നും പ്രാർത്ഥിക്കുകയും അവരെ ഓർത്ത് ധ്യാനിക്കുകയും ചെയ്തിരുന്ന അദ്ദേഹം ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി തിങ്കളാഴ്ച കുർബാനയിൽ പങ്കെടുക്കുവാനും കർത്താവിന്റെ പീഢാനുഭവത്തെ ഓർത്ത് വെള്ളിയാഴ്ചയും പരിശുദ്ധ അമ്മയോടുള്ള ഭക്തിക്കായി ശനിയാഴ്ചയും ദിവ്യബലിയിൽ പങ്കെടുക്കുവാൻ അദ്ദേഹം പ്രേരിപ്പിക്കുന്നു. അടുക്കലടുക്കലുള്ള പാപസങ്കീർത്തനവും വിശുദ്ധകുർബാന സ്വീകരണവും പതിവില്ലാതിരുന്ന ആ കാലത്തിൽ മാസത്തിലൊരിക്ക

ലെങ്കിലും കുമ്പസാരിച്ച് കുർബാന സ്വീകരിക്കുവാൻ അദ്ദേഹം പ്രോത്സാഹനം നൽകുന്നുണ്ട്. അതുപോലെ, വിശുദ്ധ കുർബാനയുടെ വലിയഭക്തനും പ്രചാരകനുമായ അദ്ദേഹം കുടുംബങ്ങളോടാവശ്യപ്പെടുകയാണ് എല്ലാവർക്കും എല്ലാ ദിവസവും വിശുദ്ധകുർബാനയിൽ പങ്കെടുക്കാൻ സാധിക്കില്ലെങ്കിൽ കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും മാറിമാറി ദിവ്യബലിയിൽ പങ്കെടുത്തിരിക്കണമെന്ന്.

മെയ്മാസവണക്കവും മാർച്ച് മാസവണക്കവും പ്രചരിപ്പിച്ച ചാവറയച്ചനാണ് വിശുദ്ധയൗസെപ്പിതാവിന്റെയും പരിശുദ്ധ അമ്മയുടെയും മാസവണക്കം കുടുംബങ്ങളിൽ നടത്തുവാൻ പ്രോത്സാഹിപ്പിച്ചത്. തിരുകുടുംബത്തിന്റെ ഭക്തിക്കായി പാവപ്പെട്ട ഒരു പുരുഷനും സ്ത്രീക്കും കുട്ടിക്കും മാർച്ച് 19ന് വിഭവസമൃദ്ധമായ ഭക്ഷണവും വസ്ത്രങ്ങളും നൽകുന്ന പതിവ് 1843ൽ മാന്നാനത്ത് നടപ്പാക്കിക്കൊണ്ട് തുടർന്നത് വീടുകളിലേക്ക് വ്യാപിപ്പിച്ചു.

**ഫലം തരുന്ന ദിനചര്യ**

ചാവരുളിൽ ചാവറപിതാവ് ഒരു ദിവസത്തെ ദിനചര്യ എങ്ങിനെയായിരിക്കണമെന്നെഴുതി ചേർത്തു. അതിൽ ഉറങ്ങുന്നതിനും ഉണരുന്നതിനും ഭക്ഷണം കഴിക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സമയമടക്കം പ്രാർത്ഥനക്കുമാറ്റിവെക്കേണ്ട സമയവും ചേർത്തു. വാചികപ്രാർത്ഥന അധികവും സമൂഹപ്രാർത്ഥനയാണെന്നും ധ്യാനവും ആത്മപരിശോധനയുമാണ് കൂടുതൽ വ്യക്തിപരമായ പ്രാർത്ഥനയും ജീവിതനവീകരണത്തിന് ഉപകരിക്കുന്നത് എന്നും തിരിച്ചറിഞ്ഞ അദ്ദേഹം സന്ധ്യാപ്രാർത്ഥനയോടുകൂടി അരമണിക്കൂർ ധ്യാനിക്കുവാനും ഇതിനു സഹായകമായ നല്ല പുസ്തകങ്ങൾ വായിക്കുവാനും ഉറങ്ങുന്നതിനുമുമ്പ് ആത്മപരിശോധന ചെയ്യുന്നതിനും നിർദ്ദേശിച്ചിരുന്നു. നമ്മുടെ കുടുംബങ്ങളിൽ നിന്നൊക്കെ നഷ്ടപ്പെട്ടുപോയ ഈ പ്രാർത്ഥനാരീതികൾ കരിസ്മാറ്റിക് പ്രസ്ഥാനങ്ങളിലൂടെ വീണ്ടും വളർത്തിയെടുക്കുവാൻ ശ്രമിക്കുന്നു എന്നു കാണുന്നത് പ്രത്യാശാജനകമാണ്.

## യഥാർത്ഥ സമ്പത്ത്

വസ്തുവകകൾ ഉണ്ടാക്കണം എന്ന് വ്യഗ്രതകാട്ടുകയും അത് മറ്റാരെയുംകാൾ കൂടുതൽ സമ്പാദിക്കണം എന്ന് പരാക്രമം കാണിക്കുന്ന ഇന്നത്തേ ലോകത്തോടും ചാവറപിതാവ് പറയുകയാണ് വസ്തുവകകളുടെ അളവിനേക്കാൾ അതിന്റെ ഗുണമേന്മക്ക് പ്രാധാന്യം കൊടുക്കണമെന്ന്. പുതുമക്കുവേണ്ടി ഓടിനടക്കുന്ന കുടുംബത്തോടായി അദ്ദേഹത്തിന്റെ നിർദ്ദേശം ഉള്ള വസ്തുക്കളെ നന്നാക്കുവാനും വർദ്ധിപ്പിക്കുവാനുമാണ്. അദ്ധ്വാനത്തെ സ്നേഹിക്കുന്നവർ നെറ്റിയിലെ വിയർപ്പുകൊണ്ട് നനച്ചാൽ പൊന്നുവിളയിക്കാമെന്നും മടി എല്ലാ ദുർഗുണങ്ങളുടെയും മാതാവാകുന്നു എന്നും ഇത് മദ്യപാനത്തെ വിളിച്ചുവരുത്തുമെന്നും മദ്യപാനം മനുഷ്യരുടെ മുമ്പിൽ അപമാനമുള്ളതും ദൈവത്തിന്റെ മുമ്പിൽ പാപകരവുമാണ് എന്നും ചാവറപിതാവ് പഠിപ്പിച്ചു. അവനവന്റെ അന്തസ്സിനടുത്ത ജോലികൾ ചെയ്യാതിരിക്കുന്നത് ബഹുമാന്യതയുടെ ലക്ഷണമായി കരുതരുത് എന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നുണ്ട്.

## നീതിനിഷ്ഠ

കുടുംബജീവിതത്തിന്റെ ആണിക്കല്ലാണ് നീതിബോധം. സൂത്രം കൊണ്ടും കളവുകൊണ്ടും സമ്പാദിക്കുന്നത് മഞ്ഞുപോലെ അലിഞ്ഞുപോകും അർഹതയില്ലാതെ സമ്പാദിക്കുന്നതൊന്നും നിലനില്ക്കില്ല. മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്ത് നിത്യതയിലേക്കുള്ള നന്മപ്രവൃത്തികളാണെന്ന് ഓർമ്മിപ്പിക്കുമ്പോൾ ചാവറപിതാവ് എഴുതുന്നു: അന്യർക്ക് വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല. ഭിക്ഷക്കാർ വെറും കയ്യോടുകൂടി നിന്റെ വീട്ടിൽ നിന്നു പോകുവാൻ നീ സമ്മതിക്കേണ്ടാ എന്നു പറയുന്നതിനോടൊപ്പം വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്യരുത്, എന്തെന്നാൽ ഇത് ദൈവത്തിന്റെ മുമ്പിൽ നിലവിളിക്കുന്ന പാപമാകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ട; അവരെ ബുദ്ധിമുട്ടിക്കയും വേണ്ട, എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീരുകണ്ടാൽ നിശ്ചയമായി നിന്നോടു പകരം ചോദിക്കും. എന്നിങ്ങനെ നീതിനിഷ്ഠയുടെ ഒരു നിയമാവലി അദ്ദേഹം തരുന്നുണ്ട്.

ബൈബിളിലെ വചനങ്ങളെ തന്റെ ഭാഷ്യത്തിലൂടെ വ്യാഖ്യാനിച്ചു കൊണ്ട് അനർഗ്ഗളമായി ഒഴുകുന്ന വാഗ്വിലാസത്തോടെ കുടുംബ ങ്ങളിലേക്ക് കടന്നുകൂടാവുന്ന തെറ്റുകളെ ചാവറപിതാവ് തിരുത്തി. വേറൊരാൾ കളവുചെയ്ത സാധനമാണെങ്കിലും അതറിഞ്ഞുകൊണ്ട് നിന്റെ വീട്ടിൽ കുറച്ചു സമയത്തേക്കു പേലും സൂക്ഷിക്കാനനുവദി ക്കണ്ടാ, കട്ട വസ്തു ഇരിക്കുന്ന വീടു കത്തിപ്പോകു മെന്നു വരെ പറയുവാൻ പരിശുദ്ധാത്മാവിനാൽ പ്രേരിതനായ അദ്ദേഹം മടിക്കുന്നില്ല.

**കോടതിയിലെ കേസുകൾ വേണ്ട**

കുടുംബാംഗങ്ങൾ തമ്മിലോ അയൽവാസികൾ തമ്മിലോ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ ഒരിക്കലും സർക്കാർ കേസുകൾക്കായി പോകരുതെന്നാണ് ചാവറപിതാവിന്റെ നിർദ്ദേശം. ഇത് ഒരിക്കലും സന്തോഷത്തിലേക്കും സമാധാനത്തിലേക്കും നയി ക്കുകയില്ലെന്നു മാത്രമല്ല, വാശിയും വൈരാഗ്യവും വർദ്ധിപ്പിക്കു കയും അവസാനം മാനഹാനിയും പണനഷ്ടവും അവശേഷിക്കയും ചെയ്യും. ക്ഷമിക്കുന്നതിലുള്ള നന്മയെക്കുറിച്ച് ഉദാഹരണങ്ങളിലൂടെ വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറയുന്നത്: ശത്രുക്കളോട് പകരം വീട്ടുവാൻ മൃഗങ്ങൾക്കു കൂടെയും ശക്തിയുണ്ട്, എന്നാൽ അവയെ സാരംവെക്കാതെ ക്ഷമിക്കുന്നത് മഹാശക്തിയും വിവേകവും മാന്യ തയുമുള്ള ആളിനുമാത്രം കഴിയുന്നതുമാകുന്നു.

**മക്കളുടെ നല്ല വളർത്തൽ**

മക്കളെ എങ്ങിനെ വളർത്തണം എന്നുള്ളതിനെക്കുറിച്ച് ചാവറപിതാവിന് വ്യക്തമായ കാഴ്ചപ്പാടുകൾ ഉണ്ട്. വത്തിക്കാൻ കൗൺസിൽ ഡിക്രിയിൽ മക്കൾ ദൈവത്തിന്റെ ദാനമാണെന്നും അവരെ സുവിശേഷസുകൃതങ്ങൾകൊണ്ട് പൂരിതമാക്കണമെന്നും പറഞ്ഞവസാനിപ്പിക്കുമ്പോൾ അദ്ദേഹം അതിന് ഒരു നൂറ്റാണ്ടു മുമ്പ് പറഞ്ഞുവെച്ചത് കുറേക്കൂടി ശക്തമായ ഭാഷയിലും അർത്ഥവ്യാ പ്തിയോടും കൂടിയാണ്. സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനാ യിട്ട് നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തന്റെ തിരുച്ചോരകൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷി

കളാക്കുന്നതിനും വിധി ദിവസങ്ങളിൽ തിരിച്ച് ഏല്പിക്കുന്നതിനും ആയിട്ട് ഈശോമിശിഹാ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കൾ ഇവരാകുന്നു എന്ന് നന്നായി അറിഞ്ഞു കൊൾവിൻ എന്നാണ്.

മക്കളെ ചെറുപ്പത്തിലെ നല്ല ക്രിസ്ത്യാനികളാക്കി വളർത്തുന്നില്ലെങ്കിൽ അവർ ദൈവസ്നേഹവും ദൈവഭയവും ഉള്ളവരായിത്തീരില്ലെന്നും അങ്ങനെയുള്ളവർ മാതാപിതാക്കളെ അനുസരിക്കയും ബഹുമാനിക്കയും ചെയ്യില്ലെന്ന കാര്യവും അദ്ദേഹം ശക്തമായ ഭാഷയിലാണ് ഓർമ്മിപ്പിക്കുന്നത്. ഇവ പാലിക്കാത്ത മാതാപിതാക്കളിൽ അധികം പേരും പിന്നീട് അവരെ യോർത്ത് കണ്ണുനീർ കുടിക്കുന്നവരാണ്. മാതാപിതാക്കൾ മക്കളെ ഇടക്കിടക്ക് ദൈവത്തിന് കാഴ്ച വെച്ചുകൊണ്ടിരിക്കണം, ശരീരത്തിനടുത്ത ആഹാരം അവർക്ക് നൽകുന്നതിനോടൊപ്പം ആത്മാവിനടുത്ത ആഹാരമായ പ്രാർത്ഥനയും അവരെ പഠിപ്പിച്ചുകൊടുക്കണം. രാത്രിയിലും ഉണർന്നിരുന്നു പ്രാർത്ഥിക്കയും തന്നെ പ്രാർത്ഥന പഠിപ്പിക്കയും ചെയ്ത അമ്മയെക്കുറിച്ചുള്ള ഓർമ്മയിൽ നിന്നാണ് ചാവറ പിതാവ് പറയുന്നത് അമ്മയുടെ അപേക്ഷ ഉണ്ണിയുടെ അപേക്ഷ പോലെ ദൈവം കേട്ടുകൊള്ളും എന്ന്.

**മനശാസ്ത്രവിദഗ്ദ്ധൻ ഇടപെടുന്നു**

മനശാസ്ത്രവിഭാഗം രൂപപ്പെടുന്നതിനുമുമ്പുള്ള ഒരു കാലത്താണ് ചാവറപിതാവ് ഒരു മനശാസ്ത്രജ്ഞന്റെ എല്ലാ പാണ്ഡിത്യത്തോടും കൂടി അദ്ദേഹം സമൂഹത്തിലെ പ്രശ്നങ്ങളെ വിലയിരുത്തുന്നത്. അച്ഛനമ്മമാരുടെ മുറിയിൽ മക്കളെ കിടത്തരുത്, ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരു മുറിയിൽ കിടക്കാൻ അനുവദിക്കരുത് എന്നും പറഞ്ഞുകൊണ്ടദ്ദേഹം പറയുന്നു: സ്വഭാവത്താലെ ആ പ്രായത്തിൽ അവർക്കറിയാത്തത് പിശാച് അവരെ പഠിപ്പിച്ചുകൊള്ളും, കുട്ടികളെ ബന്ധുക്കളുടെ വീടുകളിൽ താമസിപ്പിക്കരുത്, എന്തെന്നാൽ പലപ്പോഴും അവർ മാലാഖാമാരായിപോകയും പിശാചുക്കളായി പിന്തിരിയുകയും ചെയ്യും, കുഞ്ഞുങ്ങളെ സ്നേഹിക്കാത്ത വേലക്കാരെ വിശ്വസിക്കണ്ടാ, മിക്കപ്പോഴും പൈതങ്ങളെ മോശമാക്കുന്നത് ഇപ്രകാരമുള്ളവരാകുന്നു.

ചാവറപിതാവിലെ മനശാസ്ത്രജ്ഞൻ സടകുടഞ്ഞെഴുന്നേൽക്കുന്നുണ്ട് കുട്ടികളോടുള്ള പെരുമാറ്റത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ. മക്കളോട് അധികകാർക്കശ്യവും അധികദയയും രണ്ടും തിന്മയാകുന്നു. അതിവാത്സല്യം നിഗളവും അധികകോപവും ശിക്ഷയും ശരണക്കേടും നാണമില്ലായ്മയും ബുദ്ധിമുട്ടും അവർക്കു വരുത്തും. അവരെ തല്ലുന്നതിനുമുമ്പ് വിവേകത്തോടുകൂടി അവരെ കുറ്റപ്പെടുത്തുകയും ഭക്ഷണം കുറക്കയുംചിലപ്പോൾ മുട്ടിന്മേൽ നിർത്തുകയും ചെയ്യാം. മക്കളെ കുറ്റപ്പെടുത്തുമ്പോൾ ചീത്ത വാക്കുകൾ പറയുകയും മറ്റും ചെയ്യുന്നത് അവരെ നന്നാക്കുകയല്ല പിന്നെയോ അവരുടെ മക്കളെ അങ്ങനെ ചെയ്യുവാൻ പഠിപ്പിക്കയത്രെ. അമ്മ കാണിച്ചുകൊടുത്തു കൊണ്ട് അപ്പനെ ബഹുമാനിപ്പാനും അനുസരിക്കാനും പഠിപ്പിക്കണം. അപ്പനും അതിൻവണ്ണംതന്നെ അമ്മയെ ബഹുമാനിപ്പാനും സ്നേഹിപ്പാനും പഠിപ്പിക്കണം. കാരണവന്മാർ തമ്മിൽ തമ്മിൽ അനുകരണവും സ്നേഹവും ബഹുമാനവും കാണിക്കയില്ലെങ്കിൽ മക്കളും അവരെ ബഹുമാനിക്കയില്ല.

കുട്ടികളെ വളർത്തുമ്പോൾ പഠിപ്പിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചാവറപിതാവ് ഓർമ്മിപ്പിച്ചുകൊടുക്കുന്നുണ്ട്. ചെറുപ്പത്തിൽ തന്നെ ലോകനടപ്പ് എന്നു പറഞ്ഞുകൊണ്ട് നുണയും സൂത്രങ്ങളും തട്ടിപ്പും ചതിയും അവരെ അഭ്യസിപ്പിക്കേണ്ട. വല്ല തെറ്റും അവരിൽ കണ്ടാൽ ഉടനെ അവരെ തിരുത്തുക, ശാസിക്കുക; പരമാർത്ഥതയും നീതിയും സ്നേഹിപ്പാൻ അവരെ പഠിപ്പിക്ക. ഇതുപോലെ സന്ധ്യയാകുമ്പോൾ മക്കളെല്ലാവരും വീട്ടിലുണ്ടാകുവാനും കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കാനും അവരെ അഭ്യസിപ്പിക്കണം

മാനസികശാസ്ത്രവും ശാരീരികശാസ്ത്രവും പഠിച്ചവനെപ്പോലെയാണ് ചാവറപിതാവ് കാര്യങ്ങൾ വിലയിരുത്തുന്നത്. പെൺകുട്ടികളുടെ കാര്യത്തിൽ പ്രത്യേകിച്ചും 12 വയസ്സു കഴിഞ്ഞാൽ ആ പ്രായം ഏറ്റം സൂക്ഷിക്കേണ്ടതാണെന്നാണ് അദ്ദേഹം പറയുന്നത്. ഈ പ്രായം മുതൽ പെൺപൈതങ്ങളുടെ വസ്ത്രധാരണത്തിലും അണിയിച്ചൊരുക്കുന്നതിലും മാതാപിതാക്കൾ പ്രത്യേകം സൂക്ഷിക്കണമെന്നും ഇതുവഴി വളരെ ആത്മാക്കളിൽ കത്തിജ്വലിക്കുന്ന ആസക്തികളുടെ നരകാഗ്നി കെടുത്തുവാൻ കഴിയും. പെൺമക്കളെ അമിതമായി ചമയിക്കുന്നതുവഴി മറ്റുള്ളവരെ പ്രലോഭിപ്പി

ക്കുകയും പ്രകോപിപ്പിക്കുകയും ചെയ്യുന്നതിന്റെ ഉത്തരവാദിത്വം മാതാപിതാക്കൾക്കുള്ളതാണെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നുണ്ട്. പെൺപൈതലിന്റെ ആഭരണം എത്രയും വലിയ അടക്കവും ഭക്തിയും വിനയവുമാണെന്ന് അദ്ദേഹം സ്ഥാപിക്കുന്നുണ്ട്. 150 വർഷം പിന്നിടുന്ന ഈ നിർദ്ദേശങ്ങൾ ഇന്നത്തെ മാതാപിതാക്കൾക്കും പ്രചോദനം നൽകുന്നതാണ്.

## ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ

ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്ന കാര്യത്തിലും ചാവറപിതാവ് വ്യക്തമായ നിർദ്ദേശങ്ങൾ തരുന്നുണ്ട്. ഈ നാളുകളിൽപോലും മക്കളുടെ ദൈവവിളി തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ദൈവത്തിന്റെയും മക്കളുടെയും സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്ന മാതാപിതാക്കളോടും കൂടിയാണ് അദ്ദേഹം പറയുന്നത്: അവരുടെ അന്തസ്സിനെ നിശ്ചയിക്കുന്നത് ദൈവത്തിന്റെയും അതിനെ തിരഞ്ഞെടുക്കുന്നത് അവരുടെയും (മക്കളുടെയും) കാര്യമാകുന്നു; അന്തസ്സു തിരഞ്ഞെടുക്കുന്ന പ്രായം വരുമ്പോൾ അവർക്ക് ഇതിൽ പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കണം എന്ന്. അതിനോടൊപ്പം മക്കൾക്കുവേണ്ടി ബന്ധുത അന്വേഷിക്കുമ്പോൾ സമ്പത്തിനെയും ബഹുമാനത്തെയുംകാൾ നല്ല മര്യാദയും സ്വഭാവഗുണവും ഉള്ളവരെ കണ്ടെത്തുക; അല്ലെങ്കിൽ പിന്നെ മക്കൾക്കും കാരണവന്മാർക്കും സന്തോഷത്തിനുപകരം അതിദുഃഖം സംഭവിക്കും എന്നു നിർദ്ദേശിക്കുമ്പോൾ ഈ കാര്യത്തിൽ പലരുടെയും അനുഭവം മറിച്ചല്ല എന്നും തെളിയുന്നുണ്ട്.

## സ്വത്തിന്റെ അവകാശം

ചാവറപിതാവ് എടുത്തു പറയുന്ന മറ്റൊരു കാര്യം മക്കൾക്കു സ്വത്തു വിഭജിച്ചുകൊടുക്കുന്നതിനെക്കുറിച്ചാണ്: കാരണവന്മാർ മരിക്കുന്നതിനുമുമ്പിൽ തന്നെ അവരെ മാറ്റി കുടിമതികളായി പാർപ്പിക്കണം. ബോധത്തിനു ബലക്ഷയം വരുന്നതിനുമുമ്പിൽ അവർക്ക് വസ്തുക്കൾ ഭാഗം ചെയ്തു കൊടുക്കണം. ഇതല്ലാഞ്ഞാൽ മരണത്തിനുശേഷം അവർതമ്മിൽ ഉണ്ടാകുന്ന വഴക്ക്, തർക്കം മുതലായ പാപങ്ങൾക്ക് മാതാപിതാക്കന്മാർ ഉത്തരവാദികളാകും.

**നാലാം പ്രമാണം**

ചാവറപിതാവ് തന്റെ ചാവരുൾ അവസാനിപ്പിക്കുന്നത് ഒരു സാരാംശകഥ പറഞ്ഞുകൊണ്ട് മക്കൾക്കു കൊടുക്കുന്ന നിർദ്ദേശത്തോടെയാണ്.

കടശ്ശിയായി മക്കളേ! നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിപ്പാനും അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരിപ്പാനും ദൈവപ്രമാണത്താൽ തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവപ്രമാണത്തിൽ നാലാമത്തേതു ലംഘിക്കുന്നവർക്ക് പരലോകത്തിൽ തന്നെയല്ല, ഈ ലോകത്തിൽകൂടെയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്ന് നല്ലവണ്ണം ഓർത്തുകൊള്ളുവിൻ.

**ചാവരുളിന്റെ പുനർവായന**

ചാവറപിതാവ് കുടുംബജീവിതക്കാർക്കായി എഴുതിയ കുടുംബചട്ടം 150 വർഷങ്ങൾ പിന്നിടുന്നെങ്കിലും അതിലെ ഓരോ വാചകവും ഇന്നത്തെ തലമുറക്കും ചിന്തിക്കുവാനും വിലയിരുത്തുവാനും തിരുത്തുവാനും തീരുമാനങ്ങളെടുക്കുവാനും നടപ്പിലാക്കുവാനും ഏറ്റം അനുയോജ്യമായതുതന്നെ. രണ്ടാം വത്തിക്കാൻ കൗൺസിൽ നടക്കുന്നതിന് ഏതാണ്ട് 100 വർഷം മുമ്പ് മലയാളമക്കൾക്ക് നൽകിയ അന്ത്യശാസനം ക്രിസ്തീയ കുടുംബങ്ങൾക്കു നൽകിയ ഒരു വത്സലതാതന്റെ പ്രമാണരേഖയാണ്.

## Golden Records - 40

# സീറോ മലബാർസഭാ വൈദികർ ഇന്നു ധരിക്കുന്ന വെള്ളളോവ എന്നു മുതൽ ആരംഭിച്ചു.

*സീറോ മലബാർ സഭയിലെ വൈദികർ ഇന്ന് ധരിക്കുന്ന വെള്ള ളോവ യുടെ ഉത്ഭവം എന്ന് മുതൽ എന്നറിയാവുന്നവർ ചുരുക്കമായിരിക്കും. 1775നും 1841നുമിടയിൽ ജീവിച്ചിരുന്ന തന്റെ സെമിനാരിഗുരുവുംകൂടി യായിരുന്ന തോമ്മാമല്പാനാണ് ഇതിനു നേതൃത്വമെടുത്തത് എന്നും 1807നും 1818നുമിടയിലാണ് ഈ വേഷം ഉപയോഗത്തിൽ വന്നത് എന്നും ചാവറപിതാവ് എഴുതിവെച്ച നാളാഗമത്തിലൂടെ ബഹു. തോമസ് പന്ത പ്ലാക്കലച്ചൻ സമർത്ഥിക്കുന്നു. നമുക്ക് അഭിമാനകരമായ ഒരു വാർത്ത യാണിത്.*

